# വിഷയവിവരം


പുറം

1. കലാശാലാവിദ്യാൎത്ഥികളും സംസ്കൃതസാഹിത്യപഠനവും — 549
കേരളവൎമ്മ അമ്മാമൻ തമ്പുരാൻ ബി. ഏ. ബി. എൽ.

2. ഭക്തിപ്രഭാവശതകം:— — 555
എം. രാജരാജവൎമ്മതമ്പുരാൻ, എം. ഏ., ബി. എൽ.

3. കിമപികാവ്യം :—സാഹിത്യപഞ്ചാനനൻ — 558
പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.

4. മല്ലിനാഥന്റെ കവിത :—പി. അനന്തൻപിള്ള എം. ഏ — 568

5. സ്മരണമണ്ഡലം :—പി. കെ. നാരായണപിള്ള, ബി. ഏ. ബി. എൽ. — 574

6. ദുൎവ്വാസാവിന്റെ ഭിക്ഷ (ഏകാങ്കനാടകം) — 579
വി. കൃഷ്ണൻതമ്പി ബി. ഏ.

7. രാമപാണിവാദനും കുഞ്ചൻനമ്പ്യാരും (ഒരു മറുപടി) — 588
ഡാക്ടർ കെ. ഗോദവൎമ്മ എം. ഏ. പി എച്ച്. ഡി. (ലണ്ടൻ)

8. ഗ്രന്ഥനിരൂപണം. — 599

9. യുവകവിപങ്ക്തി:— — 602
വൈക്കം എൻ. നാരായണപിള്ള

10. പ്രാചീനദേശസംജ്ഞാകോശം:— — 604
പി. അനന്തൻപിള്ള എം. ഏ.

11. പത്രാധിപക്കുറിപ്പുകൾ. — 607

12. മലയാളം ആണേഴ്സ് സമാജം (റിപ്പോർട്ട്) — 608
ബി. പത്മനാഭപിള്ള ബി. ഏ.

# സഹൃദയ

പുസ്തകം ൧. | മേടം, ൧൧൧൧. | ലക്കം ൯.

## കലാശാലാ വിദ്യാൎത്ഥികളും സംസ്കൃതസാഹിത്യ ചരിത്ര പഠനവും.

[ കേരളവൎമ്മ അമ്മാമൻ തമ്പുരാൻ ബി. എ., ബി. എൽ. ]

സംസ്കൃതം 'ദ്വിതീയ' ഭാഷയായി സ്വീകരിച്ചു ബി. എ. ക്കു പഠിക്കുന്ന വിദ്യാൎത്ഥികൾക്കു സംസ്കൃത സാഹിത്യത്തിന്റെചരിത്രം പഠിക്കുവാനായി സൎവ്വകലാശാലക്കാർകല്പിച്ചുകൊടുത്തിട്ടുണ്ടല്ലോ. അതോടുകൂടിത്തന്നെ, ഇന്നിന്ന ഗ്രന്ഥങ്ങൾ ഈ ആവശ്യത്തിലേക്കു വേണ്ടി പഠിക്കുന്നതു നന്നായിരിക്കുമെന്നു് അവർ അഭിപ്രായപ്പെട്ടിട്ടുമുണ്ടു്. ആ അഭിപ്രായം അനുസരിച്ചു തന്നേയാണു കലാലയങ്ങളിൽ ഇന്നു് ഈ വിഷയത്തിൽ പാഠം നടത്തിപ്പോരുന്നതും. ഇപ്രകാരംനിർദ്ദിഷ്ടങ്ങളായ ഗ്രന്ഥങ്ങൾ സകലതും പാശ്ചാത്യരുടെ കൃതികളാണു്. പാശ്ചാത്യർ തന്നേയാണു് ആദ്യമായും, ഇന്നു പറയുന്നതായാൽ അവസാനമായും ഈ പ്രസ്ഥാനത്തിൽ പ്രവേശിച്ചു്, സംസ്കൃതസാഹിത്യഗ്രന്ഥങ്ങൾ ആഗമികദൃഷ്ട്യാ വീക്ഷിച്ചു്, സാഹിത്യചരിത്രത്തിന്നു് ആകൃതിയും പ്രകൃതിയും കൊടുത്തിട്ടുള്ളതു്. ഈ ഒരു കാൎയ്യത്തിന്നുതന്നെ ഭാരതീയർ അവരോടു് എത്രത്തോളം കടപ്പെട്ടവരാണെന്നു പറഞ്ഞാൽ തീരുകയില്ല. അവർ സാഹിത്യചരിത്രഗ്രന്ഥങ്ങൾ നിൎമ്മിക്കുക മാത്രമല്ല, ഭാരതീയരുടെ മനോഗതി ആ വഴിക്കു തിരിക്കുകയും തന്മൂലം ശ്രീധരോപാദ്ധ്യായന്റെ "കാളിദാസന്റെ കാലം" എന്നു തുടങ്ങിയ വിശിഷ്ടലേഖനങ്ങൾക്കു ഉൽഭവനിമിത്തമാവുകയും കൂടിചെയ്തിട്ടുണ്ടു്. ഇന്നും പാശ്ചാത്യർ നിൎമ്മിച്ചതല്ലാത്ത സാഹിത്യചരിത്രപുസ്തകങ്ങൾ പ്രശസ്തമായിട്ടോ, അഥവാ പ്രസ്താവ്യമായിട്ടുപോലുമോ ഒന്നും ഇല്ലാത്തസ്ഥിതിക്കു് കലാശാലക്കാൎക്കു് ഈ ഗ്രന്ഥങ്ങളേ നിർദ്ദേശിക്കുവാനും, വിദ്യാൎത്ഥികൾക്കു് അവയേത്തന്നെ പഠിക്കുവാനും മാത്രമേ തരമുള്ളു. ഏതു ഭാരതീയനും, പ്രത്യേകിച്ചു് ഏതു ഹിന്ദുവിനും മതപരമായും, സമുദായപരമായും, സദാചാരപരമായും, എന്നുവേണ്ട സകലപരമായും ഉള്ള സംസ്കാരത്തിന്റെ മൂലവും ആകരവും ആയ ഈ സാഹിത്യത്തിന്റെ ചരിത്രം അറിയുക എന്നതു് അത്യാ

വശ്യവും, അതിവിഹിതവും, അനിവാൎയ്യവുമാണെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു സൎവ്വകലാശാലക്കാരുടെ കരുണക്കും നാം അതിമാത്രം ആദരപൂൎവ്വം കൃതജ്ഞത കാണിക്കേണ്ടവരാണ്.

എന്നാൽ ഏട്ടിൽ കണ്ടതെല്ലാം, അബദ്ധം വാ സുബദ്ധം വാ, കണ്ണടച്ചു വേദവാക്യമായി നമ്മളിൽ പലരും സ്വീകരിച്ചു പോരുന്നതു നമുക്കു ലേശംപോലും ഉചിതവും ഉപയോഗപ്രദവും ഉൽകൃഷ്ടവുമായതല്ല. അതു നമ്മുടെ ദയനീയമായ പരതന്ത്രസ്ഥിതിയേയും മനോഗതിയേയും അലസതയേയും കുറിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നതേയുള്ളു. അവനവൻെറ ആലോചനാശക്തിക്ക് അനുഭവം വരാതെ, ആചാൎയ്യവാക്കായാലും അഭേദ്യമാണെന്നു സ്വീകരിക്കുവാൻ സമ്മതമില്ലാത്ത വ്യക്തിസ്വാതന്ത്ര്യവും അതുപോലെതന്നെ നമ്മുടെ രാജ്യത്തോടും അതിൻെറ പൂൎവ്വമഹിമയോടും നമുക്കുള്ള അഭിമാനവും അഭിനിവേശവും വിഹരിക്കുന്ന ഇക്കാലത്തു ഹൈന്ദവപൂൎവ്വസ്വത്തുമുഴുവനും നിക്ഷേപിച്ചിട്ടുള്ള ഭണ്ഡാഗാരമായ സംസ്കൃത സാഹിത്യത്തിൻെറ കാൎയ്യത്തിൽ കാണുന്ന നമ്മുടെ ഈ ഉദാസീനത അത്ഭുതകരവും അത്യന്തം ശോചനീയവും തന്നെ. പാശ്ചാത്യരാകട്ടെ, അവരുടെ ദേശം, കാലം, പരിതസ്ഥിതി, സംസ്കാരം, പരിഷ്കാരം, ആചാരം, മനോവൃത്തി എന്നിത്യാദിയാൽ നിബദ്ധന്മാരും നിയന്ത്രിതന്മാരും, പ്രചോദിതന്മാരും ആയിട്ടാണ് അവരുടെ മനസ്സു പ്രവൎത്തിപ്പിക്കുന്നതും, ബുദ്ധി ഉപയോഗിക്കുന്നതും, കാൎയ്യം കാണുന്നതും, സംഗതി ഗ്രഹിക്കുന്നതും എന്നു നമ്മൾ പ്രത്യേകം ഓൎമ്മിക്കേണ്ടതുണ്ടു്. ഇതുവച്ചു നോക്കുന്നതായാൽ അവരുടെ സംസ്കൃതസാഹിത്യപരിശ്രമങ്ങളിൽ അവൎക്കു പററിയിട്ടുള്ള പ്രമാദങ്ങൾ സ്പഷ്ടമാകുന്നതാണ്. ആ പ്രമാദങ്ങളെ നമ്മൾ വിവേചനാശൂന്യമായി യഥാൎത്ഥതത്വങ്ങളും സാധുസൂക്തികളും ആയി സ്വീകരിക്കുന്നതു നമ്മുടെ നീചവും നിന്ദ്യവുമായ ബുദ്ധിമാന്ദ്യമാണെന്നു പറയാതിരിപ്പാനും തരമില്ല. ''സന്തഃ പരീക്ഷ്യാന്യതരൽ ഭജന്തേ മൂഢഃ പരപ്രത്യയനേയബുദ്ധിഃ''എന്ന കാളിദാസവാക്യം നമ്മൾ മറക്കുന്നതു മഹാകഷ്ടം തന്നെ. ഈ വിഷയത്തിൽ ലേഖകന് അനുഭവത്തിൽപെട്ട ചില അഭിപ്രായങ്ങളെ രേഖപ്പെടുത്തുകയും, തദ്വാരാ പ്രാപ്തന്മാരും പ്രവീണന്മാരുമായ സാഹിത്യവയ്സ്യന്മാരെ ഉൽബോധിപ്പിച്ചു കാൎയ്യനിവൃത്തി വരുത്തുകയുമാണ് ഈ ലേഖനത്തിൻെറ ഉദ്ദേശം.

പ്രഥമമായി പാശ്ചാത്യരുടെ സംസ്കൃതസാഹിത്യചരിത്രഗ്രന്ഥങ്ങളിൽ കാണുന്ന ചില അബദ്ധങ്ങളെപ്പററി ആലോചിക്കുക. മഹാഭാരതഗ്രന്ഥത്തിൽ ആദ്യം ഭാരതയുദ്ധത്തിൻെറ വൎണ്ണനം മാത്രമേ വിരചിതമായിരുന്നുള്ളുവെന്നും, അതു കൗരവപക്ഷക്കാരനായ ഒരു ഗായക കവിയുടെ കൃതിയാണെന്നും, അതുകൊണ്ടാണ് ഇന്നത്തെ ഭാരതത്തിലെ ആ ഭാഗത്തിൽ കൗരവന്മാരെ വീരന്മാരായിട്ടും പാണ്ഡവന്മാരെ ചതിയന്മാരായിട്ടും വൎണ്ണിച്ചിരിക്കുന്നതെന്നും, ആ യുദ്ധത്തിൽ കൗരവന്മാർ തോററു രാജ്യം പാണ്ഡവന്മാരുടെ കൈവശത്തിൽ വന്നതിനുശേഷം പാണ്ഡവപക്ഷത്തിലെ ഒരു ഗായകകവി പൂൎവ്വഭാഗം രചിച്ചുവെന്നും, ആ നൂതനഭാഗത്തിൽ പാണ്ഡവന്മാരെ നല്ലവരും, കൗരവന്മാരെ ദുഷ്ടന്മാരുമായി ചിത്രീകരിച്ചു ഗ്രന്ഥത്തിന് ആകപ്പാടെ പൂൎവ്വാപര വിരോധം

ഉണ്ടാക്കിത്തീർത്തുവെന്നും 'വിൻറർനിററ്സ്' സായ്പു പറഞ്ഞിരിക്കുന്നു. ഈ അഭിപ്രായം സ്വീകരിക്കുന്ന പക്ഷം, അഭിമന്യുവധത്തിൽ കൗരവന്മാർ കാണിച്ച ചതി അഭിമാന്യകൃത്യമാണെന്നു സമ്മതിക്കേണ്ടിവരില്ലേ? ഭീഷ്മർ, ദ്രോണർ എന്നിവരുടെ അവസാന സമയത്തു അവർ അനുഭവിക്കുന്ന ദുഃഖങ്ങൾ, ദ്രൗപദീവസ്ത്രാപഹരണാദി കൗരവദുഷ്ടകൃത്യങ്ങൾ കണ്ടു് ഇവർ മിണ്ടാതെ നിന്നതിന്റെ ഫലമാണെന്നു പറഞ്ഞിരിക്കുന്നതു് ഈ അഭിപ്രായത്തോടു് എങ്ങനെ യോജിക്കും.

ഈ സായ്പു തന്നെ ഭാരതത്തിൽ പല ഭാഗത്തും കാണുന്ന കൃഷ്ണൻ ഒന്നല്ല എന്നും വിഭിന്നവ്യക്തികളാണെന്നും അഭിപ്രായപ്പെട്ടിട്ടുള്ളതും സ്വീകാർയ്യമാണോ? ഇതുപോലെത്തന്നെ രാമായണത്തെപ്പററി പാശ്ചാത്യർക്കുള്ള ചില അഭിപ്രായങ്ങളും നമുക്കു സമ്മതിക്കാവുന്നതല്ല. രാമായണഗ്രന്ഥത്തിന്നു് ആദ്യം അഞ്ചു കാണ്ഡം മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും, ബാലകാണ്ഡവും ഉത്തരകാണ്ഡവും പിന്നീടാരോ ചേർത്തതാണെന്നും, അവയ്ക്കു മററഞ്ചുകാണ്ഡവുമായി ദൃഢബന്ധമോ പൂർവ്വാപരത്വമോ ഇല്ലെന്നും, ആദ്യംനിർമ്മിച്ച അഞ്ചുകാണ്ഡത്തിലും ശ്രീരാമൻ ഒരു വെറും മനുഷ്യൻ മാത്രമായിട്ടാണു വർണ്ണിക്കപ്പെട്ടിട്ടുള്ളതെന്നും ശ്രീരാമനെ അവതാരപുരുഷനാക്കിക്കാണിപ്പാൻ വേണ്ടി മാത്രം മററുരണ്ടുകാണ്ഡവും ഉണ്ടാക്കിച്ചേർത്തതാണെന്നും ആണു് പാശ്ചാത്യമതം. അപ്പോൾബാലകാണ്ഡത്തിൽ വർണ്ണിച്ചിട്ടുള്ള സീതാവിവാഹവും, താടകാവധവും, മാരീചമർദ്ദനവും പിന്നീടുള്ള കഥയ്ക്കാവശ്യമില്ലെന്നോ? സീതാപഹരണത്തിനുള്ള ആസ്പദം തന്നെ സീതാവിവാഹമല്ലേ? മായാമൃഗവേഷം ധരിച്ചു് ആശ്രമത്തിൽ നിന്നും രാമനെ അകററുവാൻ മാരീചനോടു രാവണൻ ആവശ്യപ്പെടുമ്പോൾ, മാരീചൻ രാമനേപ്പററി രാവണനോടുപറയുന്നവാക്കുകൾ ബാലകാണ്ഡത്തോടനുബന്ധിച്ചതല്ലേ? സമുദ്രതീരത്തു രാമന്റെ മുമ്പിൽ പ്രത്യക്ഷനായ വരുണൻ ചെയ്യുന്ന സ്തുതി, കബന്ധകഥ, ശബരീകഥ ഇവയിൽ ശ്രീരാമൻ അവതാരപുരുഷനായിട്ടല്ലേ കാണുന്നതു്? എല്ലാററിനും പുറമേ, യുദ്ധത്തിൽ ഇന്ദ്രജിത്തു ലക്ഷ്മണന്റെ നേരെ ഒരുശക്തി പ്രയോഗിച്ചപ്പോൾ, അതിൽനിന്നും ആപത്തില്ലാതിരിപ്പാൻ വേണ്ടി ലക്ഷ്മണൻ സ്വവൈഷ്ണവം ഭാഗം സ്മരിച്ചു രക്ഷപ്പെട്ടതു, രാമാദികളുടെ വൈഷ്ണവത്വം പച്ചയായി കവികാട്ടിത്തരുകയല്ലേ?

കഥാപരമല്ലാതെ, സാഹിത്യപരമായിട്ടും കാണുന്ന അവലോകനക്കുറവുകളും പാശ്ചാത്യഗ്രന്ഥങ്ങളിൽ വിരളമല്ല. ഹഷന്റെ നൈഷധത്തേപ്പററി കെയ്ത്തു് സായ്പു് ഇങ്ങനെ പറയുന്നു- "ഭാരതത്തിൽ ചിത്രീകരിച്ചിട്ടുള്ള നളകഥയുടെ പ്രസന്നമാധുർയ്യത്തെ ഇപ്രകാരം വികൃതമാക്കിക്കല്പിക്കുവാൻ അല്പമെങ്കിലും സദ്വാസനയുള്ള കവിക്കു തോന്നുന്നതല്ല." ശാന്തം പാപം! പാണ്ഡിത്യവും ഗഹനതയും ഈ ഉൽകൃഷ്ട മഹാകാവ്യത്തിൽ ഉള്ളതുകൊണ്ടു് 'സാഹിത്യസാധുക്കൾ' അതിൽ കിടന്നു നട്ടം തിരിയുമെങ്കിലും അതിൽ ചമൽകാരമില്ല, മാധുർയ്യമില്ല എന്നുംമററും പറയുന്നവരോടു എന്തുപറയട്ടെ? ഉത്തരമായി ചില ശ്ലോകങ്ങൾ ഉദ്ധരിക്കുകമാത്രംചെയ്യാം.

"നൈവ നഃ പ്രിയതമോഭയഥാ സൌ
യദ്യമും ന വൃണുതേ വൃണുതേവാ।
ഏകതോഹി ധിഗമൂമഗുണജ്ഞാം
അന്യതഃ കഥ മദ പ്രതിലംഭഃ॥"

"ധന്യാസി വൈദൎഭി ഗുണൈരുദാരൈ
ൎയ്യയാ സമാകൃഷ്യത നൈഷധോപി।
ഇതഃ സ്തുതിഃകാ ഖലു ചന്ദ്രികായാഃ
യദബ്ധിമപ്യുത്തരളീകരോതി॥"

"നാക്ഷരാണിപഠതാ കിമ പാഠി
പ്രസ്മൃതഃ കിമഥവാ പഠിതോപി।
ഇത്ഥമൎത്ഥിജനസംശയ ദോലാ
ഖേലനം ഖലു ചകാര നകാര॥"

"അസ്യാഃ കചാനാം ശിഖിനശ്ച കിംനു
വിധിം കലാപൌ വിമതേരഗാതാം।
തേനായമേഭിഃ കിമപൂജിപുഷ്പൈ
രൎദ്ധേന്ദുനാ സ കിമൎദ്ധചന്ദ്രം॥".

"അസ്മൽ കിലശ്രോത്ര സുധാംവിധായ
രംഭാ ചിരം ഭാമതുലാം നളസ്യ।
തത്രാനുരക്താ തമനാപ്യ ഭേജേ
തന്നാമഗന്ധാൽ നളകൂബരം സാ॥"

ഈ നായിന്നു ഭോജചമ്പു അല്പവും രസപ്രദമല്ലത്രെ. തീരെ മുഷിപ്പനാണു പോലും! 'കഷ്ടം!' എന്നുമാത്രമേ പറയുവാൻ തോന്നുന്നുള്ളൂ.

"വനഭുവിതനുമാത്രത്രാണ
മാജ്ഞാപിതാമേ
സകലഭുവനഭാരഃസ്ഥാപിതോ
വത്സമൂൎദ്ധ്നി।
തദിഹസുകരനായാം മാവയോ
സ്തൎക്കിതായാം
മയി പതതിഗരീയാനംബതേ
പക്ഷപാതഃ॥

"രക്ഷോവധഃ പ്രകൃത ഇത്യയ
മേവശംസേൽ
സംഗ്രായ ഗായകപദം ഗമി
തോവിരാധഃ।
നാഗാലയായവപുരസ്യ
വദേദിതീവ
ശംഭ്രേതരക്ഷിപദിഷുപ്രഹതം
സ രാമഃ॥"

"യത്രകാന്തൈൎവ്വിയുക്താനാം
യുക്താനാമപി സുഭ്രുവാം।
ദോളാകൎമ്മവിതനന്തി
മനാംസിച വപൂംഷിച॥"

"ആധൌ സിദ്ധൌഷധിരിവഹിതാ
കേളികാലേ വയസ്യാ
പത്നീത്രേതായജനസമയേ
ക്ഷത്രിയാണ്യേവയുദ്ധേ।
ശിഷ്യാ ദേവദ്വിജപിതൃസമാരാ
ധനേ ബന്ധുരാത്മൌ
സീതാ സാ മേ ശിശിരിതമഹാ
കാനനേ കാനജാതാ॥"

"കൃത്വാ മാരുതിലംഘനോത്ഥിതര
യാത്തത്രാനുയാത്രാം തതഃ
പൎയ്യായാൽ പതതാം മഹേന്ദ്രഗഹന
ക്ഷോണീരുഹാണാം തതി।
മദ്ധ്യേവാരി നിധി പ്രകാശിതശിഖാ
സേതോഃ കൃതേഭാവിനാ
സൂത്രന്യാസ നിഖാതശങ്കുനിവഹ
ഭ്രാന്തിം പയോധൌ ദധൌ॥"

"തസ്മിൻ പ്രദോഷസമയേ
സഹസാഹനുമാൻ
കീൎത്തിപ്ലുടായവനികാമ-
പനീയശത്രോഃ।
ആവിൎബഭൂവസുമനഃ
പരിതോഷണായ
ലങ്കാപ്രവേശനവനാടക
സൂത്രധാരഃ॥".

“ആദിത്യഃ കൃതകൃത്യ ഏഷ ഭവിതാ
സീതാപതേരീദൃശം
സാഹായ്യം വിരചയ്യ കീർത്തിമതുലാ
മാദിൽസുനാ സൂനുനാ।
ഇത്യാലോച്യ തദാകില സ്വയമപി
ഖ്യാതിം ഗ്രഹീതും പരാം
ലങ്കായാം രഘുനാഥദൂതസരണൌ
ചന്ദ്രേണ ദീപായിതം॥”

“രചനിചരമഭാഗേ വാരസീമ
ന്തിനീനാം
കരതലകലിതാഭിർദ്ദീപികാ
മാജ്ജനീഭിഃ।
ദിശിദിശി പരിമൃഷ്ടം യത്ത
മസ്തൽ സമസ്തം
ഹൃദയമവജഗാഹേ കേവലം
രാവണസ്യ॥ ”.

“മായാമൃഗേണ തവമൈഥിലി
വഞ്ചിതായാഃ
ശാഖാമൃഗേണപുനരാഗതി
രിത്യയുക്തം।
ഏഷാകഥാപി ഭുവനേ വിദിതാ
യദിസ്യാൽ
കാന്നാമ രാമധനുഷഃ പ്രഥിതാ
പ്രശസ്തിഃ॥”

“ഏകംഹൈഹയസംഭവാൽ പരി-
ഭവാമ്ലാനം ദ്വിതീയം പുനഃ
ദൈത്യേന്ദ്രാവിനയാൽ തൃതീയമപിമേ
താതാഹിതാദ്വൈകൃതാൽ।
ഇത്ഥം ത്വച്ചരിതൈഃ പിതാമഹമുഖാ
ന്യേകം വിനൈവാഭവൻ
തച്ചേകം ന വിദേഹിദാശരഥയേ
ദേയാത്വയാ മൈഥിലീ॥”-

എന്നിത്യാദി കാവ്യരത്നങ്ങൾ കുട്ടപ്പടിക്കു വാരിക്കോരിച്ചൊരിയുവാൻ ഭോജചമ്പുവിൽ അതിധാരാളമുള്ളപ്പോൾ ഈ പാശ്ചാത്യാഭിപ്രായം സമ്മതിക്കുന്നതും, അതു വിദ്യാർത്ഥികൾക്കു വിതരണം ചെയ്യുന്നതും നമ്മൾക്കു ചേർന്നതാണോ?

ഭാരതീയർക്കു ഇതിലും അധികം അസഹ്യവും സങ്കടപ്രദവുമാണു കെയ്ത്ത് സായ്പ് സുബന്ധു, ദണ്ഡി തുടങ്ങിയവരേപ്പററി നിരൂപണം ചെയ്യുന്ന സന്ദർഭത്തിൽ പൌരസ്ത്യസാഹിത്യത്തെ അധിക്ഷേപിക്കുന്നതു്. അദ്ദേഹം ഇപ്രകാരം പറഞ്ഞിരിക്കുന്നു— “ദണ്ഡിയും സുബന്ധുവും അവരുടെ അസഭ്യശ്ലേഷകളും അശ്ലീലങ്ങളും കൊണ്ടു പാശ്ചാത്യ നിന്ദക്കു പാത്രമായിത്തീർന്നിരിക്കുന്നു. പക്ഷെ അവർ ഭാരതത്തിലെ സദാചാരബോധസ്ഥിതിയേയും അതിനോടനുബന്ധിച്ച സാഹിത്യവാസനയേയും അനുസരിക്കുകയേ ഉണ്ടായിട്ടുള്ളൂ. പാശ്ചാത്യാദർശങ്ങൾ വച്ചു വീക്ഷിക്കുന്നതായാൽ ഈ നിന്ദ്യമായ സന്മാർഗ്ഗഭ്രംശം കാളിദാസനിലും അശ്വഘോഷനിലും കൂടി കാണാവുന്നതാണു്. ജാതിഭേദം കൂടാതെ സകലസ്ത്രീപുമാന്മാരിലും അത്യന്ത പരിശുദ്ധതയും അസാമാന്യസൽഭാവതയും നിർബന്ധമായി ആവശ്യപ്പെട്ടുകൊണ്ടാണു പാശ്ചാത്യർ അവരുടെ ആദർശങ്ങൾ സ്വീകരിച്ചിരിക്കുന്നതു്. അതുകൊണ്ടു് സംസ്കൃതസാഹിത്യത്തിൽ പ്രതിപാദിച്ചിട്ടുള്ള സദാചാരബോധം കാണുമ്പോൾ പാശ്ചാത്യർക്കു് അറപ്പും അവഹേളനവും തോന്നുന്നുണ്ടു്” വിചിത്രം! ഒന്നാമതായി ശാസ്ത്രംപോലെ സദാചാരവാക്യങ്ങളുടെ ശുഷ്കവർണ്ണനമല്ല കാവ്യം എന്ന തത്വം ഭാരതീയരുടെ കാര്യത്തിലായപ്പോൾ സായ്പ് മറന്നു പ്രസംഗിച്ചതു അത്ഭുതംതന്നെ. ശൃംഗാരവർണ്ണനം—സംഭോഗവും വിപ്രലംഭവും—

കാവ്യങ്ങളിൽ പ്രഥമവും ഗണനീയവും ആയ സ്ഥാനം പ്രാപിച്ചതുകൊണ്ടു കാവ്യങ്ങൾ ദുഷിച്ചതാവില്ലെന്നു സ്പഷ്ടമല്ലേ? എന്തെന്നാൽ ത്യാഗംകൊണ്ടെന്നപോലെ ഭോഗംകൊണ്ടും സദാചാരനിഷ്ഠ ലഭിക്കാമെന്നുള്ള ലോകതത്വം ഏതു സാഹിത്യത്തിലാണ് അന്തർലീനമായി സ്ഫുരിക്കാത്തതു്? സംസ്കൃതസാഹിത്യത്തിൽ ഈ വായ്യ് കാണുന്ന നികൃഷ്ടത പാശ്ചാത്യ സാഹിത്യത്തിലും ആദിമുതൽ നാളതുവരെകണക്കെടുത്താലും ഒട്ടും കുറവല്ലാതെ കാണാവുന്നതുമാണ്. ബൊക്കാച്ചോവിന്റെ "ഡക്കമെറൻ" എന്ന ഗ്രന്ഥത്തിന്റെ കഥയെന്താണ്? ചാസറുടെ 'കാൻറർബെറി' കഥകളിൽ പലദിക്കിലും(വൈഫ് ആഫ്ബാത്തു് എന്ന ഒരു ചിത്രം ഇവിടെ ഉദാഹരണമായി ചേൎക്കാം) ഇതുതന്നെയല്ലെ തോതു്? ഷേക്സ്പീയരുടെ "ലുക്രീഷിയ" "വീനസ്ആൻഡ് അഡോണിസ്" എന്ന കൃതികളിലും അസഭ്യം പോരായ്മയുണ്ടോ? ആ മഹാകവിയുടെ പ്രശസ്തനാടകങ്ങളിലും ഗ്രാമ്യങ്ങളായ ഭാഗങ്ങൾ ഇല്ലേ? "റസ്റ്റോറേഷൻ കോമെഡീസ്" ഒട്ടെല്ലാററിലും അസഭ്യം പച്ചയായിട്ടല്ലെ പ്രതിപാദിച്ചിട്ടുള്ളതു? ബയറൻകവിയുടെ ചില ആശയങ്ങളോ? ഇന്നത്തെ ചിലകൃതികളിലും വല്ലഭേദവുമുണ്ടോ? സംസ്കൃത സാഹിത്യത്തെ സംബന്ധിച്ചിടത്തോളം പറയുന്നതായാൽ—

"കാവ്യം യശസേൎത്ഥകൃതേ
വ്യവഹാര വിദേ ശിവേതരക്ഷതയേ|
സദ്യ: പരനിർവൃതയേ
കാന്താസമ്മിതതയോപദേശയുജേ||"

എന്നല്ലേ നമ്മൾ കാവ്യത്തിന്റെഉദ്ദേശമായി സ്വീകരിച്ചിട്ടുള്ളതു്? ഇതൊന്നും ആലോചിക്കാതെയല്ലെ ഇന്നു കലാലയങ്ങളിൽ വിദ്യാൎത്ഥികൾ സംസ്കൃതസാഹിത്യചരിത്രം പഠിക്കുന്നതും ആ സാഹിത്യത്തെപററി ഇത്തരം തെററിദ്ധാരണകൾ ഗ്രഹിക്കുന്നതും? ഇതു നമ്മുടെ ഭാഷാഭിമാനത്തിനും ദേശാഭിമാനത്തിനും എത്ര ദോഷകരമാണെന്നു പറഞ്ഞറിയിക്കേണ്ടതൊന്നുമില്ലല്ലോ.

അവസാനമായി പറയാനുള്ളതു നമ്മുടെ അലസതയേയും ഉദാസീനതയേയും കുറിച്ചാണ്. പാശ്ചാത്യൎക്കു കിട്ടിയ ഗ്രന്ഥങ്ങളുടെ പേരും നിരൂപണവുമല്ലെ അവൎക്കു ചരിത്രത്തിൽ ചേൎക്കുവാൻ തരമുള്ളു. അതു് എത്ര അപരിപൂൎണ്ണമാണെന്നു ചുരുക്കത്തിൽ ചില ഉദാഹരണങ്ങൾ കൊണ്ടു് സുവിദിതമാകുന്നതാണ്. കാവ്യം (കോർട്ട് എപ്പിക്ക്) എന്നപ്രസ്ഥാനത്തിൽ അവൎക്ക് എത്രയോ ഗ്രന്ഥങ്ങൾ ഇന്നിയും കിട്ടാതെയാണിരിക്കുന്നതു്. കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ, പതിനെട്ടു (പതിനെട്ടരയിൽ) കവികൾ, മനോരമത്തമ്പാട്ടി, രാമപാണിവാദൻ തുടങ്ങിയവരുടെ കൃതികളും എന്നുവേണ്ട അടുത്തകാലത്തെ വിശാഖവിജയം, ആംഗലസാമ്രാജ്യം എന്നിവയും ഈ ചരിത്രഗ്രന്ഥങ്ങളിൽ ചേൎത്തിട്ടുണ്ടോ? കോകിലസന്ദേശം,ശുകസന്ദേശം മുതലായ സന്ദേശങ്ങളും പട്ടേരിയുടെയും എടവട്ടിക്കാട്ടു നമ്പൂരിയുടേയും മററും ചമ്പുക്കളും അതുപോലെതന്നെയല്ലേ? ഇതരപ്രസ്ഥാനങ്ങളിലും കേരളീയകവികൾ രചിച്ചിട്ടുള്ള പല കൃതികളുടേയും കഥയും തഥൈവ. കേരളീയകൃതികൾ തന്നെയല്ല, അച്യുതരായാഭ്യുദയം, യാദവാഭ്യുദയം, സഹൃദയാ

നന്ദം എന്നിത്യാദി മററു ഭാരതീയസാഹിത്യഗ്രന്ഥങ്ങളും പാശ്ചാത്യരുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ?ഇവയൊന്നും സാഹിത്യമല്ലെന്ന് ആരെങ്കിലും പറയുമോ? ഇതെല്ലാം കണ്ടിട്ടും കേരളീയരായ വിദ്യാപ്രവത്തകന്മാർപോലും 'ഉദാസീനവദാസീന'ന്മാരായി നിർവൃതിനേടുന്നതു ഭാഷയുടെ ഗ്രഹപ്പിഴതന്നെ.

ഇങ്ങനെ പാശ്ചാത്യഗ്രന്ഥങ്ങളിലുള്ള വൈകല്യങ്ങൾപോലും "തത്തമ്മേ പൂച്ച പൂച്ച" എന്ന മട്ടിൽ ഇന്നു കലാലയങ്ങളിൽ അദ്ധ്യാപകന്മാർ വിദ്ധ്യാത്ഥികളെ പഠിപ്പിച്ചു 'വിദ്വാന്മാരാ'ക്കിവിടുന്ന അനാശാസ്യത മാറേറണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പാശ്ചാത്യഗ്രന്ഥങ്ങളോടു പാടെ സഹകരണത്യാഗം ചെയ്യേണമെന്നല്ല ഇതുകൊണ്ടു വിവക്ഷിക്കുന്നത്. അവയിൽ അനവധി അമൂല്യസംഗതികളുണ്ട്. അവയല്ലാതെ ഇന്നു നമുക്കു മറെറാരാധാരമോ ആശ്രയമോ ഇല്ലതാനും. എന്നാൽ പാലായാലും കല്ലും കരടും കൂടി കുടിച്ചാൽ അതു കേടുതന്നെ. അതുകൊണ്ട് ഈ ഗ്രന്ഥങ്ങളിൽ നിന്നും കളയേണ്ടതു കളഞ്ഞു് അവയിൽ ചേക്കേണ്ടതു ചേത്ത് തെളിയിച്ചു ശുദ്ധമാക്കി ഈ ഗ്രന്ഥങ്ങളെ ശരിയാക്കി പൂർണ്ണമാക്കിത്തീർക്കേണ്ടതാണ് ഇപ്പോൾ വേണ്ടിയതും വൈകിയതും. അതിന്ന് അതിപ്രാപ്തന്മാരായി കേരളത്തിൽ തന്നെ വളരെ വിദ്വാന്മാരുമുണ്ട്. അവക്കു ഈ പ്രവൃത്തിക്കു മനസ്സു വരുകയേവേണ്ടു. അതിന്നു ജഗദീശ്വരൻ തന്നെ കടാക്ഷിക്കുമാറാകട്ടേ.

---

ശ്രീ

# ഭക്തിപ്രഭാവശതകം.

(എം. രാജരാജവമ്മ തമ്പുരാൻ എം. എ, ബി. എൽ.)

൨൧

താന്താനാണു തനിക്കു കാരണ, മതാ
    ണെല്ലാത്തിനും സത്യമെ-
ന്നന്തത്തിൽ കണികണ്ടിടുന്നു സുമഹാ
    വാക്യാത്ഥ തത്ത്വം നരൻ;
എന്നെല്ലാം പുതുയുക്തിശാസ്ത്രവഴിയായ്
    കണ്ടാലുമന്ത്യത്തില-
ന്തേവാസികളാണു ശാസ്ത്രമഖിലം
    സത്യത്തിനെന്നോക്കണം.

൨൨

നാലാണുള്ളതവസ്ഥ നാന്മുഖപണി
    പ്പാടിന്നു പാത്തീടിലോ,
നാലാമ്നായവുമുണ്ടു, നാലുതരമായുണ്ടാ
    ശ്രമം ദേഹിനാം,
നാലാണുള്ളതു ജാതി, കാണ്മതു പദാത്ഥ
    ങ്ങൾക്കണുത്വം, പുന-
മ്മേലായ് കായതയും, സജീവതയതും,
    സ്വാത്മതത്വവും നാൽവിധം.

൯൩

ഇന്നാലും പെരുമമ്മ ഒന്നിതി നിനയ്ക്കു
മ്പോളവക്കേതിനും
വന്നീടുന്നതു കുററമോ സഹജരോടൊപ്പം
ഗുണഛായകൾ?
ചിന്നീടുന്നണുവിൽ പരാത്മഗുണമെ
ന്നോതുന്നു ശാസ്ത്രജ്ഞരും
തന്നെത്താനറിയും മനുഷ്യനു വരും ജന്തു
സ്വഭാവങ്ങളും.

൯൪

കെട്ടുന്നൂ വല എട്ടുകാലനതിനുണ്ടാവില്ല
കോട്ടങ്ങളും
കാട്ടുന്നൂ തല നീട്ടി വൃക്ഷലതകൾ
സൂര്യോദയം കാണുവാൻ
കെട്ടുന്നൂ മണവാളരായ് തരുവരന്മാരെ
സ്വതേ വള്ളികൾ
മുട്ടുന്നൂവരിവണ്ടുതേൻനുകരുവാൻ
പങ്കേരുഹത്തിന്മുഖം.

൯൫

കൂട്ടംകൂടി നടന്നു കാലികൾ കളിച്ചീടുന്നു,
വൻകൂടുകൾ
കെട്ടിപ്പാർത്തുവരുന്നു പക്ഷികൾ, പുനം
തീർത്തിട്ടു കീടങ്ങളും,
വെട്ടുന്നൂ പടങ്ങളിൽ ക്രമവിരോധം
കാട്ടിടും കൂട്ടരെ,
കൂട്ടാക്കാതെ അടക്കിടുന്നു തലവൻ
കൊമ്പൻ കരിക്കൂററരെ.

൯൬

ഗാംഭീര്യത്തിനു സിംഹവും, ചതികളിൽ
കാടൻ കടുപ്പം പരം
സംഭൃതം കടുവായിൽ, നീചതപുലി-
ക്കൗദ്ധത്യവും ചൊക്കനിൽ,
സംഭ്രമയോദ്യമഭംഗികാണുകതുലോം
ചെന്നായ്ക്കളിൽ നായ്ക്കളിൽ
സംഭാവ്യം നന്ദിയും, മൃഗകുലേ
സാധുത്വവും വേണ്ടപോൽ.

൯൭

ആശാനായി തെളിഞ്ഞിടുന്ന മനുജൻ
ജന്തുക്കൾ കാണിക്കുമി-
ന്നീശപ്രാഭവമൊക്കെ വാസനകളായ്
പുഷ്ടിച്ചിടുന്നൂപരം;
വാശിക്കാശമുഴുത്തു കാശിനു നശിച്ചീടുന്നു
മോശം നരൻ;
ലേശംപോലുമതില്ല ഭേദമവനും ജന്തു
ക്കളും തങ്ങളിൽ!!

൯൮

പാരമ്പന്നാന്ധതമസ്സിലാദ്യമറിയാ
വിന്ധ്യാടവീവൈഭവം,
വന്ധ്യം കണ്ണിണയെന്നുതന്നെ കരുതും,
പക്ഷേനിരീക്ഷിക്കവേ
രന്ധ്രംകണ്ടുതുടങ്ങു, മൊട്ടുതെളിയും
പിന്നീടു വൃക്ഷങ്ങളും;
സന്ധിക്കുന്നു തഥാ പ്രപഞ്ചവിഭവം
ഏത്താരിലല്പാല്പമായ്.

൯൯

കുന്നാകുന്നി ഇരുട്ടടഞ്ഞ മനതാരിങ്കൽ
തെളിഞ്ഞീടുമേ
മിന്നാമ്മിന്നികൾ മട്ടു ജ്ഞാനവഴിയായ്
തത്ത്വപ്രദീപാങ്കുരം;
ഛന്നാഭിന്നമിയന്നു കാണുമുലകും
സത്യാത്മകം മൂലവും
ഭിന്നാഭിന്നമതല്ലയെന്നു തെളിവായ്
കണ്ടീടുമേ ബുദ്ധിമാൻ.

൧൦൦

യുക്തിക്കൊത്തതു സത്യമെന്നു കരുതാ,
മല്ലാത്തതെല്ലാം വെറും
സൂക്തിപ്രാഭവമെന്നു നാസ്തികനുരച്ചീടുന്നു
ഗർവിഷ്ഠനായ്;
വ്യക്തം കിന്തു സമസ്തശാസ്ത്രവിധിയും
മേലോട്ടു ചിന്തിക്കവേ
രിക്തോപാധി വരുന്നതില്ലൊരു വിരാമം
സിദ്ധവത്ത്വം വിനാ.

൱൧

സത്ത്വം നിലനിൽത്തിയാണു സകലം
ശാസ്ത്രങ്ങളും തക്കവും
പ്രത്യേകിച്ചു ലസിപ്പതിന്നു, മഹത്വം
സാരമെന്നോണമായ്;
നിത്യത്തിന്നു നിദാനമെന്തിതി നിനയ്ക്കു
ന്നതേ മൌഢ്യമാ-
മോർത്താൽ കാരണകാര്യമെന്നതുമഹങ്കാ-
രാത്മകം മർത്ത്യരിൽ.

൱൨

ഭക്തിക്കുള്ള വലിപ്പമില്ല സകല ജ്ഞാന
ത്തിനും, വാസനാ-
സക്തം താനതു, മൂലസൃഷ്ടിയിലുദിച്ചീടുന്നു
മാതൃഹൃദി
രിക്തോപാധികമായിടുന്ന തനയസ്നേഹം,
മഹത്തായ് ക്രമാൽ
വ്യക്തം ദൈവതരൂപമാർന്നു ഭരിക്കുന്നു
ജഗത്താകവേ.

൱൩

ദൈവം ദൈവമിതി പ്രലാപമവനെന്നു
കേൾക്കുന്നതെല്ലാം വെറും
പേവാക്കെന്നു പറഞ്ഞു നാസ്തികനഹം
കാരാതിരേകത്തിനാൽ,
പാവം! തൊണ്ടിനുമീതെ ഊന്നിടുമെറു
മ്പനാളികേരത്തിനുൾ-
ദ്രവ്യസ്വാദറിയാത്ത പോലിഹ
പുലമ്പീടുന്നു വാഗ്വാദവും.

൱൪

ധർമ്മത്താൽ നിലനിന്നിടുന്നു സകലം
വേദം പുനശ്ശാസ്ത്രവും,
മർമ്മജ്ഞക്കുതകുന്ന വിദ്യയുമതാണെല്ലാ
ത്തിലും മേലെയായ്,
കർമ്മത്തിൻഗതിയും തദേവ, പലതാം
ചാലൂടെ വാർക്കും നദീ
സമ്മേളിച്ചു മഹോദധിക്കൊഴുകുമെ
ന്നല്ലാതെ വന്നീടുമോ?

൱൫

ഉണ്ടാക്കാം പലതും, ബലേനനിലയിൽ
പാലിച്ചിടാം, കൊന്നിടാം
കണ്ടാലീശ്വരശക്തി മാനുഷനമിങ്ങുണ്ടാ
യിടാം ബുദ്ധിയാൽ;
വേണ്ടാവേലതുടങ്ങിയിട്ടവനഹംകാര
ത്തിനാൽ ദ്രഷ്ടനാ-
യുണ്ടാക്കുന്നു ത്രിശങ്കുനാകമുലകിൽ,
ജീവൻ പുനർന്നഷ്ടമാം

൱൬

പൊട്ടിക്കട്ടെ സനാതനാത്മനിലയെ
ക്കാട്ടുന്നബിംബങ്ങളെ
പ്പൊട്ടൻ ബൌദ്ധൻ, അഭേദ്യദൈവ
മഹിമയ്ക്കേതും വരാവാട്ടവും;
വേട്ടയ്ക്കോടി നടന്നു കാട്ടിനകമേ
ക്രൂട്ടിൽ കുടുങ്ങുന്നവൻ
കാട്ടും ഗോഷ്ടികളാണു വിഡ്ഢി! മനുജൻ
ഭ്രാന്തൻ പുലമ്പുന്നതും

൱൭

കാര്യം കാരണമെന്നതിൻെറ പരിണാമം
തന്നെയാണെന്നിഹാ-
ചാര്യന്മാരരുളുന്നു, വാസ്തവവുമല്ലെന്നും
വെളിപ്പെട്ടിടും;
വീര്യം നൂലിലെഴുന്നതാണു വലുതാം
മുണ്ടായിവാഴുന്നതും
പര്യസ്തം നനു പുഷ്പമേവ ഫലമായ്,
പിന്നീടുമുണ്ടാം മരം

൱൮

സൌന്ദര്യാത്മകമായ ലോകതരുവിൽ
പൂക്കും മലർക്കുള്ളിലായ്
മന്ദം മന്ദമുരുണ്ടു വിത്തുവരുമേ സത്തായ
ചിത്തം ഫലം,
സന്ദേഹം നഹി, തൽഫലത്തിലുമദി
ച്ചീടും മരം മേൽക്കുമേൽ,
കേന്ദ്രിച്ചിങ്ങനെ ലോകവും വിലസുമി
ങ്ങാത്മാവുമൊന്നായ് പരം

൩൯

സൎവ്വത്തിന്നു നിദാനമായിമരുവും
ദൈവത്തെ ആദിത്യനായ്
പൂൎവ്വന്മാർ കരുതീട്ടു മന്ത്രവഴിയായൎച്ചിച്ചു
വാഴ്ത്തീസദാ;
അൎവ്വാചീനർ മുറയ്ക്കു ശാസ്ത്രവഴിയായ്
ചിന്തിച്ചു നോക്കീട്ടുമേ
നിൎവ്വാഹം നഹി, സത്യമെന്നു കരുതാൻ
കണ്ടില്ല മറെറാന്നുമേ.

൪൦

എന്നും താൻ നിലനില്പതാണു വലുതെ
ന്നാക്കും മറുക്കാവത-
ല്ലെന്നാൽ, ബുദ്ധിയിലല്ല ഭക്തിയിലുദി
ച്ചീട്ടും വലിപ്പം തുലോം.
തെന്നിത്തെന്നി മറിഞ്ഞുവീണു ചെളി
യിൽ ചാടുന്നധീ പൈതലിൽ
വന്നീടാ സ്ഥിരഭക്തിയോടെതിരിടാൻ
തത്ത്വാവബോധേ ബലം.

---

# കിമപികാവ്യം.

ദ്വിതീയസൎഗ്ഗം (തുടൎച്ച)

(പി. കെ. നാരായണപിള്ള, ബി. ഏ., ബി. എൽ.)

(44) ക്ഷിതിതലമതുകാലം വേനലാൽ
കാനലായീ
പ്രതിദിവസമസഹ്യം
ചൂടുകൂടിത്തുടങ്ങീ
ദ്രുതിയുതമിവ നീലാകാശ
മൂശയ്ക്കുമദ്ധ്യേ
കതിരവനുടെ ചണ്ഡം
മണ്ഡലം ദീപ്തിപിണ്ഡം

കാനൽ=ചൂടുപിടിച്ച പ്രദേശം. ദ്രുതിയുതമിവ =ദ്രുതിയോടുകൂടിയതെന്നപോലെ. ദ്രുതി=ദ്രവമാകുക; ഉരുകുക. നീലാകാശമൂശയ്ക്കുമദ്ധ്യേ=നീലാകാശമാകുന്ന മൂശയുടെ നടുക്ക്. മൂശ=ലോഹം ഉരുക്കുവാനുള്ള പാത്രം. 'നീലാകാശം' എന്നു പറഞ്ഞതുകൊണ്ടു മഴയും കാറും മററും ഒട്ടുംതന്നെ ഉണ്ടായിരുന്നില്ലെന്നു ഭാവം. കതിരവൻ=സൂൎയ്യൻ. ചണ്ഡം=തീവ്രം. മണ്ഡലം=വൃത്താകാരം. ദീപ്തിപിണ്ഡം=പ്രകാശമയമായ പിണ്ഡം (കട്ട).

ഈ ശ്ലോകംതുടങ്ങി 53-ാം ശ്ലോകംവരെയുള്ള പത്തുശ്ലോകങ്ങളും വേനൽക്കാലവൎണ്ണനയാണ്.

(45) സരസി സുരസസമ്പത്തേറി
വൎഷത്തുമേളാൽ
കരകൾ കവിയുമാറായല്ലയോ
നിന്നതെങ്ങും
ഖരകരപരിശോധം
കൊണ്ടുതൽപങ്കമിപ്പോൾ
സ്ഥിരതി പരിചയക്കാരില്ല
സേവയ്ക്കുകൂടാൻ

സരസി=സരസ്സ്. 'സരസി' എന്നപദം പ്രഥമവിഭക്തിയായിട്ടും സപ്തമി വിഭക്തിയായിട്ടും പ്രയോഗിക്കാം. സുരസസമ്പത്ത്=നല്ലരസസമ്പത്ത്. രസം=വെള്ളം; അഥവാ ശൃംഗാരാദിരസങ്ങൾ. വൎഷത്തുമേളാൽ=വൎഷത്തുവിന്റെ മേളം (യോഗം) കൊണ്ട്. വൎഷ+ഋതു=വൎഷത്തു. ഖരകരപരിശോധം=ഖരകരൻ (ആദിത്യൻ) ചെയ്യുന്നതായ പരിശോധന. പങ്കം=ചെളി; കള

ങ്കം=പാപം. സ്ഫുരതി=സ്ഫുരിക്കുന്നു;തെളിയുന്നു. ഈ ശ്ലോകത്തിൽ സമാസോക്തി അലങ്കാരം സ്പഷ്ടമായി ഘടിപ്പിച്ചിരിക്കുന്നതു കാണാം. സരസി=പൊയ്ക. ജാതിയിൽ ഏകവചനം എന്നാന്യായം അനുസരിച്ച് 'സരസി' എന്നാൽ 'പൊയ്കകൾ' എന്നു താൽപര്യം. 'സരസി' എന്നാ സ്ത്രീലിംഗരൂപവും 'സരസ്സ്' എന്ന നപുംസകരൂപവും പൊയ്കയുടെ പര്യായങ്ങളാണ്. അതിൽ സ്ത്രീലിംഗരൂപം പ്രയോഗിച്ചിരിക്കുന്നതുകൊണ്ടു സ്ത്രീപ്രതീതി ഗമ്യമാകുന്നു. 'രസം'എന്നതിനു ജലം എന്നും ശൃംഗാരാദിരസങ്ങൾ എന്നും അർത്ഥം ഉള്ളതിൽ, സ്ത്രീപക്ഷത്തിൽ ശൃംഗാരാദിരസം എന്നും തടാകപക്ഷത്തിൽ ജലം എന്നും അർത്ഥം ധരിക്കണം. വർഷർത്തുവിലാണ് തടാകാദികളിൽ ധാരാളം വെള്ളം പെരുകാറുള്ളത്. സ്ത്രീപക്ഷത്തിൽ രത്യാദിശൃംഗാരചേഷ്ടകൾ വർഷകാലത്തു കൂടിയിരിക്കും എന്നു ഭാവം. കരകൾ കവിയുക=തീരപ്രദേശങ്ങളെ കവിഞ്ഞൊഴുകുക; അടക്കവും ഒതുക്കവും ഇല്ലാതെ പ്രവർത്തിക്കുക എന്നും അർത്ഥം. വേനൽക്കാലം വന്നപ്പോൾ ആദിത്യന്റെ ഉഗ്രമായ രശ്മികൾ തട്ടി കുളങ്ങൾ, തടാകങ്ങൾ, മുതലായവകളിലെ വെള്ളം വററുകയും ചേറുതെളിഞ്ഞു കാണുകയും ചെയ്തു. അതുപോലെ കാലഭേദം കൊണ്ട് പരിശോധന നിമിത്തമായിട്ടെന്നതുപോലെ സ്ത്രീപക്ഷത്തിലും അനേകം ദൂഷ്യങ്ങൾ വെളിപ്പെട്ടു. വെള്ളം വററിപ്പോയതുകൊണ്ട് കുളത്തിൽ കുടിക്കുന്നതിനും കുളിക്കുന്നതിനും മററും പതിവായിട്ടു ചെന്നിരുന്നവരാരും ചെല്ലാതെയായി. അതുപോലെ സ്ത്രീപക്ഷത്തിലും അപരാധവതിയാണ് സ്ത്രീ എന്നു തെളിഞ്ഞാൽ പഴയ പരിചയക്കാരെല്ലാം വിട്ടുപോകുന്നതാണെന്നു താൽപര്യം.

(46) മെലിവൊടലസയാനം നാൾക്കുനാളാററിനുണ്ടായ്
വിലസിപുളിനജാലം പൊങ്ങിവന്നങ്ങുമിങ്ങും
ജലതലമതിലുഷ്ണവ്യാപ്തിമൂലം ഗ്രഹിപ്പാൻ
പലദിശിതലപൊക്കി ധാത്രി നോക്കുന്നപോലെ.

മെലിവ്=കൃശത. അലസയാനം=മന്ദഗതി. പുളിനജാലം=മണൽത്തിട്ടകളുടെ കൂട്ടം. ജലതലം=വെള്ളത്തിന്റെ അടിഭാഗം. അടിഭാഗം എന്നുള്ള അർത്ഥത്തിൽ 'തല'ശബ്ദത്തിനുദാഹരണം "തലേഷ്വപവേപന്തതദാതരൂണാം ഛായാസ്തഥാ മാരുതകമ്പിതാനാം" എന്നുകാൺക. ഉഷ്ണവ്യാപ്തിമൂലം=ഉഷ്ണത്തിന്റെ വ്യാപ്തിക്കുള്ള ഹേതു. ഗ്രഹിപ്പാൻ=അറിവാൻ. ധാത്രി=ഭൂമി;അഥവാ വളർത്തമ്മ. ഇവിടെയും സമാസോക്തി അലങ്കാരം സ്ഫുരിക്കുന്നു. വേനൽക്കാലത്തു നദി വളരെ കൃശയായി അലസയായി ഒഴുകുന്നതിൽ സ്ത്രീത്വം ആരോപിക്കപ്പെട്ടിരിക്കുന്നു. മണൽത്തിട്ടകൾ പൊങ്ങിവന്നതു് വെള്ളത്തിന്റെ അടിവരെ ചൂട് എത്തിയതുകൊണ്ട് ഇതെന്തുകഥയാണെന്നു [വെള്ളംകൊണ്ടു മൂടിയിരിക്കുന്ന] ഭൂമി തലപൊക്കിനോക്കുകയാണോ എന്നു ഭാവം. 'ധാത്രീ'ശബ്ദത്തിനു വളർത്തമ്മ എന്നുകൂടി അർത്ഥമുള്ളതുകൊണ്ട് തന്റെ മകൾ വളരെ ചടച്ചു പോയല്ലോ എന്നു വിചാരിച്ച് പരിഭ്രമിച്ചു തലപൊക്കി ആകാശത്തേക്ക് ധാത്രിനോക്കുന്നുവോ എന്നൽ പ്രേക്ഷണം.

(47) ഇനനനലസമാനജ്വാല പാടേ പരത്തി
ജ്ജനതനുവിനന്തൂനഗ്ലാനിയുണ്ടാക്കയാലേ
അനിലനനുഭവിച്ചാൻ താലവൃന്തപ്രഹാരം
നനു വിഷമതവന്നാലെങ്ങു ലോകേ വിവേകം.

ഇനൻ=സൂര്യൻ. 'ഇനൻ'എന്നാൽ പ്രഭുവെന്നും അർത്ഥമുണ്ട്. അനലസമാനജ്വാല=തീപോലെയുള്ളജ്വാല. പാടേ=ചുററും. ജനതനുവിനു=ജനങ്ങളുടെ ദേഹത്തിന്. അന്തൂനഗ്ലാനി

=ഊനമില്ലാത്ത (കുറവില്ലാത്ത) ഗ്ലാനി (വാട്ടം), അനിലൻ=വായു. താലവൃന്തം=വിശറി. പ്രഹാരം=അടി;വീശൽ. നനു=അല്ലയോ—എന്നു വാക്യാലങ്കാരം അവ്യയം. വിഷമതവന്നാലെങ്ങു ലോകേവിവേകം=ദുർഘടാവസ്ഥകൾവന്നാൽ ലോകത്തെവിടെയാണു് വിവേകം ഉണ്ടാകുന്നതു്—എങ്ങും ഉണ്ടാകയില്ല എന്നുസാരം. ഇവിടെ അലങ്കാരം അസംഗതി. ദുർഘടാവസ്ഥഉണ്ടാക്കിയതു സൂൎയ്യൻ; അടികിട്ടിയതു് വെറുതെയിരുന്ന അനിലനു്. അതുകൊണ്ടു് ദുർഘടാവസ്ഥ വരുമ്പോൾ കാൎയ്യാകാൎയ്യവിവേചനം കൂടാതെ അടിപിടികളും ലഹളകളും നടന്നുപോകുമെന്നും അനർഹന്മാൎക്കും കൂടി ഉപദ്രവം സംഭവിക്കുന്നതാണെന്നുംസാരം.

(48) കുശസദൃശമയൂഖംരോമകൂപ
ങ്ങൾ തോറും
ദശശതകരഘോരൻ കുത്തിനീർ
ചോൎത്തശേഷം
ശിശിര കണികകേറാതെങ്ങു-
മേസ്വേദകല്ക
പ്പശമനുജവപുസ്സിൽ പൂശി
വൃഷാ വിശേഷാൽ.

കുശ= കുശപ്പുല്ല്—ഇതിൻെറ അഗ്രം കൂൎത്തതാണു്. മയൂഖം=രശ്മി. ദശശതകരഘോരൻ= സഹസ്രകരത്വംഹേതുവായിട്ടു ഘോരൻ; ആദിത്യൻ. രോമകൂപങ്ങൾ തോറും........ചോൎത്തശേഷം=[മനുഷ്യരുടെ] രോമകൂപങ്ങൾ തോറും രശ്മികൊണ്ടു കുത്തി ജലാംശം എല്ലാം വിയൎപ്പുരൂപത്തിൽ വാൎന്നൊടുത്തശേഷം ശിശിര കണികകേറാതെ=ലവലേശമെങ്കിലും തണുപ്പു കേറാതെ. സ്വേദകല്കപ്പശ=സ്വേദത്തിൻെറ (വിയപ്പിൻെറ) കല്കമാകുന്ന പശ. വൃഷാ= സൂൎയ്യൻ. വിശേഷാൽ= പ്രത്യേകമായിട്ടു്. ചൂടിൻെറ ആധിക്യം കൊണ്ടു് മനുഷ്യർ വിയൎത്തൊലിച്ചും ദേഹത്തിൽ ഒട്ടിപ്പിടിച്ചും ഉഷ്ണത്തിൽനിന്നു് ആശ്വാസം കിട്ടാതെയും വളരെ കഷ്ടപ്പെട്ടു എന്നു സാരം.

(49) ഇളമണികളിലാകെപ്പാലു
വച്ചുള്ളതണ്ടിൻ
ഗളമലഘു വളച്ചു ശാലി
സന്താപശാലീ
ബലവദമിത പാനഭ്രാന്ത
മിത്രപ്രവൃത്ത്യാ
തലനിലവെടിയാത്തോർ
കുമ്പിടാതെന്തുചെയ്വൂ.

ഇളമണികൾ=ഇളയനെല്ലിൻ മണികൾ. ഗളം കഴുത്തു്. അലഘു=അധികം. ശാലി=നെല്ലു്. സന്താപശാലി=വ്യസനത്തോടുകൂടിയതു്. ബലവദമിത........പ്രവൃത്ത്യ=ബലവത്തായി അമിതമായിരിക്കുന്ന പാനത്തിൽ ഭ്രാന്തനായ (അഥവാ ഭ്രാന്തമായ) മിത്രത്തിൻെറ (അഥവാ മിത്രൻെറ) പ്രവൃത്തികൊണ്ടു്. തലനില...... ചെയ്വൂ=നിലവെടിയാത്തോർ തലകുമ്പിടാതെന്തുചെയ്വൂ—എന്നാന്വയം. നെന്മണികളിൽ പാലു വച്ചു് ക്രമേണയുള്ള വളൎച്ചകൊണ്ടു നെല്ലിൻെറ കതിരുകൾ വിളഞ്ഞു വളഞ്ഞതിനെ ഈ ശ്ലോകം കൊണ്ടു വൎണ്ണിച്ചിരിക്കുന്നു. ആദിത്യൻെറ അധികമായ പാനാസക്തിയാൽ ഇങ്ങനെ സംഭവിച്ചതായിട്ടാണു് വിവക്ഷ. ശ്ലേഷകൊണ്ടു 'മിത്ര' ശബ്ദത്തിനു് ആദിത്യനെന്നും ബന്ധുവെന്നും അൎത്ഥം. ബന്ധുക്കൾ നല്ലകുടിയന്മാരായിരിക്കുമ്പോൾ സ്വജനങ്ങൾ മൎയ്യാദക്കാരാണെങ്കിൽ ലജ്ജയും സങ്കടവും കൊണ്ടു് തലകുനിക്കാതെ നിവൃത്തിയില്ലല്ലോ എന്നു സാരം. പാനം എന്നും, കുടി എന്നും drink എന്നും പറഞ്ഞാൽ എല്ലാഭാഷകളിലും മദ്യപാനം എന്നു കൂടി വിശേഷാൽ അൎത്ഥം ഉള്ളതു പ്രസ്താവ്യമാണു്.

(50) പരഭൃതപരിഷത്തിൻ ശീത
വിദ്യാപരീക്ഷാ
പരമ സരസകാലം തീൎന്നു
തോൎക്കുന്ന ചൂതം

പരിണതഫലജാലത്തിൻ
മുഖം ശോണമാക്കി
പ്പരിഭവപരിപാടീ ധാടി
കൈക്കൊണ്ടുപാടെ

പരഭൃതപരിഷത്തു്=കുയിലുകളുടെ സദസ്സ്. വിദ്വൽസദസ്സ് എന്നു് ഇവിടെ വിവക്ഷ. സരസകാലം = മനോഹരമായ കാലം. ചൂതം= മാവു്. പരിണതഫലം=പക്വമായ ഫലം. ശോണമാക്കി=ചെമപ്പിച്ചു. പരിഭവം = നീരസം. പരിപാടി=ഏർപ്പാടു്. പരിഭവപരിപാടി=നീരസം കാണിക്കുവാനുള്ള ഏർപ്പാടു്. ധാടി=ചൊടിപ്പു്. പാടേ = എല്ലായിടത്തും. മാവു പൂക്കുന്നതു് വസന്താരംഭത്തിൽ ആകുന്നു. അതു കേരളത്തിൽ ധനു, മകരം തുടങ്ങിയ മഞ്ഞുകാലത്താണു്. അപ്പോൾ കുയിലുകൾ മാവിൽ പരിഷത്തു കൂടിയിരുന്നു് അവരുടെ സംഗീതവിദ്യയെ പരീക്ഷിക്കുകയാണോ എന്നു തോന്നിക്കത്തക്കവണ്ണം കൂജനം ചെയ്യുന്നു. കവിസങ്കേതത്തിൽ കുയിലിന്റെ സംഗീതം മാവിനറിയാവുന്നതുപോലെ മററാർക്കും അറിഞ്ഞുകൂടെന്നാണു് വച്ചിരിക്കുന്നതു്. "ഗാതാരഃ കോകില ഏവ ശ്രോതാരോ രസാലയേവ നിയതമിദം" എന്നുദാഹരണം. നമ്മുടെ ദേശത്തു മഞ്ഞുകാലം കഴിയുമ്പോൾ കുയിലിന്റെ കൂജനം നിന്നുപോകുന്നതുകൊണ്ടു് മാവിനു നീരസം തോന്നുകയും അതു വർദ്ധിച്ചു് മാങ്ങയുടെ മുഖത്തു ചെമപ്പായിട്ടു പ്രകാശിക്കയും ചെയ്യുന്നു എന്നു താൽപര്യം. ഉഷ്ണകാലം ആകുമ്പോഴാണു് മാങ്ങ പഴുക്കുന്നതു്. ഏതെങ്കിലും വിധത്തിൽ പരിഭ്രമമോ വികാരാധിക്യമോ ഉണ്ടാകുമ്പോഴാണു് മുഖം ചെമക്കുന്നതു്. അതു ലോകസ്വഭാവം. ആ സ്വഭാവം മാങ്ങയിലേക്കു ഉപചരിച്ചു. യഥാർത്ഥകാരണമല്ലാത്തതിനെ കാരണമായിട്ടു സങ്കല്പിച്ചു വർണ്ണിച്ചിരിക്കുന്നു. ഇങ്ങനെ പല ഭാവരസങ്ങൾ ഈ ശ്ലോകത്തിൽ നിബന്ധനം ചെയ്തിരിക്കുന്നതു് സഹൃദയന്മാരാൽ ഭാവ്യം.

(51) ക്ഷണദയോടു പിണങ്ങി
ബ്ബദ്ധ മദ്ധ്യാഹ്നകാല
പ്രണയ മിഴിയിലാകെ
ക്കുത്തി തൻ മുദ്ര നിദ്ര
തണലവതമസശ്രീ പൂണ്ടു
രാത്രിക്കു ചേരും
ഗ്ഗുണഗണമൊടു നിദ്രാ
ദേവിയേ ഭദ്രയാക്കി

ക്ഷണദ = രാത്രി. ബദ്ധമദ്ധ്യാഹ്നകാലപ്രണയ=മദ്ധ്യാഹ്നകാലത്തോടു ബദ്ധമായിരിക്കുന്ന പ്രണയത്തോടുകൂടിയതു്—അതായതു് ഉച്ചസമയം ഇഷ്ടപ്പെട്ടതു്. ഇതു 'നിദ്ര' എന്നതിനെ വിശേഷിപ്പിക്കുന്നു. മിഴിയിലാകെക്കുത്തിതൻമുദ്രനിദ്ര= നിദ്രമിഴിയിലാകെ തൻ മുദ്ര കുത്തി എന്നന്വയം. നിദ്രതൻ മുദ്രകുത്തി= ഉറക്കം ബാധിച്ചു എന്നർത്ഥം. രാത്രിയോടുപിണങ്ങിയ നിദ്ര മദ്ധ്യാഹ്നത്തോടു ഇഷ്ടപ്പെട്ടു— അതായതു് രാത്രിഉറക്കമില്ലാത്തതിനു പകരം ഉച്ചക്കു് ഉറക്കം ഉണ്ടായി എന്നു താൽപര്യം. അവതമസശ്രീ= അവതമസത്തിന്റെ ശോഭാ. അവതമസം=അധികമല്ലാത്തഇരുട്ടു്; പരന്നഇരുട്ടു്; (കൂരിരുട്ടല്ല) "ക്ഷീണേവതമസംതമഃ" എന്നമരം. "അവസമന്ധേഭ്യസ്തമസഃ" എന്നു പാണിനിസൂത്രപ്രകാരം 'തമ' ശബ്ദത്തോടു 'അച്' പ്രത്യയം ചേർന്നു് 'അവതമം' എന്നു രൂപം. അതുപോലെ 'സംതമസം' 'അന്ധതമസം' എന്നും രൂപങ്ങൾ. ഭദ്രയാക്കി= ശുഭമാക്കി; പോഷിപ്പിച്ചു. തണലത്തുകിടന്നും ആളുകൾ നിദ്രയെ സേവിച്ചു എന്നു് ഉത്തരാർദ്ധത്തിനു പൊതുവിൽ അർത്ഥം. രാത്രിയെ അനുകരിക്കാൻ പകൽ യത്നിച്ചതിൽ നിഴൽ കൊണ്ടു അല്പമായ ഇരുട്ടും മററു ചില ലക്ഷണങ്ങളും നിദ്രക്കനുകൂലമായി സാധിച്ചു എന്നു സാരം.

(52) കുടയുടെ പടലത്താൽ ജങ്ഗമം
പന്തലുണ്ടായു്
അടവിനിടകിടയ്ക്കാതായി
വാതായനാനാം,

കൊട്ടവെയിലതിലാവിർഭൂത
മാമാവി വേവി
ച്ചുടലുരുകിട്ടമാറായ് മേദിനീ
'സേ്വദനീ'വ

പടലം=നിര;കൂട്ടം, ജങ്ഗമം=നീങ്ങിക്കൊണ്ടിരിക്കുന്നതു്. കുടകളുടെ പംക്തിയെ ഇവിടെ നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു പന്തലായിട്ടു സങ്കല്പിച്ചിരിക്കുന്നു. സാധാരണ സ്ഥാവരമായിരിക്കേണ്ട പന്തൽ കുടകളുടെ പംക്തികൊണ്ടു ജങ്ഗമമായിട്ടു കാണപ്പെട്ടു. കുടയില്ലാതെ ആക്കും വെളിയിലേക്കു് ഇറങ്ങാൻ പാടില്ലാതെയായി എന്നു ഭാവം. വാതായനാനാം=വാതായനങ്ങൾക്കു്; ജനലുകൾക്കു്. അടവിനിടകിടയ്ക്കാതായി=അടയ്ക്കുന്നതിനു ഇടകിട്ടാതെയായി, അതായതു് അവസരം ഇല്ലാതെയായി. രാപകൽ ജനലുകൾ തുറന്നിടേണ്ടതായി വന്നു എന്നു സാരം. കൊട്ടവെയിലതിലാവിർഭൂതമാ മാവി വേവിച്ചുടലുരുകിട്ടമാറായ്=കഠിനമായ വെയിലിൽ ആവിർഭൂതമായ (പ്രത്യക്ഷപ്പെട്ടതായ) ആവി വേവിക്കകൊണ്ടു ഉടൽ ഉരുകും എന്നുള്ള സ്ഥിതിയിലായി. മേദിനിസേ്വദനീവ=മേദിനിയാകട്ടെ സേ്വദനിയേപ്പോലെയും ആയി.മേദിനീ=ഭൂമി. സേ്വദനീ=വിയപ്പിക്കുന്ന യന്ത്രം; വവുക്കുന്നതിനുള്ള പാത്രം. ഭൂമിയിലുള്ളവരെല്ലാം വിയപ്പിൽ കുളിച്ചിരിക്കുന്നതുകൊണ്ടു്, ഭൂമിതന്നെ ഒരു സേ്വദനിയാണെന്നു് അനുമാനിക്കേണ്ടതായി തീന്നു. വേനലിൻെറ രൂക്ഷതയെ കാണിക്കുന്നു.

(53) പകലവനുടെ ബിംബാധോ
മുഖജ്വാല തട്ടി
പ്പകലവ മുളവാകാപ്പാകശാ
ലേവ ലോകം
വികലവദനകാന്ത്യാ പാക
വൈരിപ്രസാദം
ശകലമനുഭവിപ്പാൻ ലോക
രാകെ ക്കൊതിച്ചാർ

പകലവൻ=സൂര്യൻ. ബിംബാധോമുഖജ്വാല=[സൂര്യ] ബിംബത്തിൻെറ അധോമുഖമായിട്ടുള്ള ജ്വാല. സാധാരണ ജ്വാലകൾമേല്പോട്ടാണു് ജ്വലിക്കുന്നതു്. എന്നാൽ സൂര്യൻെറ ജ്വാലയാകട്ടെ ഭൂമിയെ സംബന്ധിച്ചിടത്തോളം നേരേ മറിച്ചാണു്. അതു കീഴ്പ്പോട്ടു ജ്വലിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ 'അധോമുഖജ്വാല' എന്ന പ്രയോഗത്തിൻെറ ഔചിത്യം. പാകശാല=പാകംചെയ്യുന്ന സ്ഥലം; വെപ്പുപുര. ഇവ=പോലെ, ലോകം=ഭൂലോകം. വികലവദനകാന്ത്യാ=വികലമായിരിക്കുന്ന (ക്ഷീണിച്ചിരിക്കുന്ന; വാടിയിരിക്കുന്ന) വദനകാന്തിയോടുകൂടി (മുഖശോഭയോടുകൂടി). പാകവൈരി=ദേവേന്ദ്രൻ. ചൂടിൻെറ ആധിക്യംകൊണ്ടു മുഖംവാടിക്കരിഞ്ഞു് മനുഷ്യരെല്ലാം ദേവേന്ദ്രൻ പ്രസാദിക്കണേ, അതായതു മഴപെയ്യണേ, എന്നു പ്രാത്ഥിച്ചു. പാകശാലയിൽ അകപ്പെട്ട ആളുകൾ പാകവൈരി പ്രസാദത്തിനു കൊതിച്ചു എന്നുള്ളതു വൈചിത്ര്യം.

(54) ഇതിജഗതി വികാസം
വേനലാവിഷ്കരിക്കെ
ദ്ദിതിജഗതി മുടക്കം പാത്ഥ
സൂതപ്രിയാത്ഥം
പതിവിനു പിതിവെന്ന്യേ
ദേവനാരായണോവ്വീ
പതികുതുകി മുതിന്നാ
നുത്സവാഘോഷണാത്ഥം.

ഇതി=ഇപ്രകാരം. ജഗതി=ജഗത്തിൽ; ലോകത്തിൽ. വികാസം വേനലാവിഷ്കരിക്കേ=വേനൽവികാസം ആവിഷ്കരിക്കേ=വേനൽ അഭിവൃദ്ധിയെ പ്രാപിക്കവേ. ദിതിജഗതിമുടക്കും=ദിതിജന്മാരുടെ (അസുരന്മാരുടെ) ഗതിമുടക്കുന്ന, അതായതു് അസുരന്മാരെ അഗതികളാക്കുന്ന. പാത്ഥസൂതപ്രിയാത്ഥം=പാത്ഥസൂതൻെറ (ശ്രീകൃഷ്ണൻെറ) പ്രിയത്തിനുവേണ്ടി. അമ്പലപ്പുഴെ പ്രതിഷ്ഠ പാത്ഥസാരഥിയാണെന്നു മുമ്പ് ഒന്നാംസർഗ്ഗം 31-ാം ശ്ലോകത്തിൽ പറഞ്ഞിട്ടുണ്ട

ല്ലോ. വേനലിൻെറ കാഠിന്യം മുറുകിക്കൊണ്ടിരിക്കേ മുൻശ്ലോകത്തിൽ പാകവൈരിപ്രസാദം കൊതിച്ചു എന്നു പറഞ്ഞതിനനുരൂപമായിട്ടാണ് ഇവിടെ ഇന്ദ്രസുതനായ അർജ്ജുനൻെറ സാരഥിരൂപത്തിലുള്ള ശ്രീകൃഷ്ണൻെറ പ്രീതിക്കായിട്ട് ഉത്സവം നടത്തി എന്നു പറഞ്ഞിരിക്കുന്നതു്. പതിവിനപിതിവെന്യേ=പതിവിനു ച്യുതി കൂടാതെ (ന്യൂനത)കൂടാതെ. ദേവനാരായണോർവ്വീപതി=ദേവനാരായണൻ എന്നു മാറാപ്പേരുള്ള രാജാവു്. കുതുകി=സന്തോഷത്തോടുകൂടിയവൻ. മുതിന്നാനുത്സവാഘോഷണാർത്ഥം= ഉത്സവം ആഘോഷിക്കാനായിട്ടു മുതിന്നു.

(55) കുടകൊടികടുചൂടാലുല്ലൂടം
ദീപയഷ്ടി
ച്ഛടപടഫ കഠോരാഡംബര
പ്രൌഢി പാടേ
കടുകിടകിടയാതുണ്ടാം
ത്തിരക്കും മനുഷ്യ
പ്പിടകൾ മനമുടയ്ക്കാൻ
സംഘടിച്ചാർ കടാക്ഷൈഃ

കടുചൂടാലുല്ലൂടം=കഠിനമായ ചൂടിനാൽ ഉഗ്രം. ദീപയഷ്ടി=തീവട്ടി. ഛട=കൂട്ടം; അഥവാ ദീപ്തി. പ്രൌഢി=ഗൌരവം. പാടേ=ചുറവും. കുട, കൊടി, ദീപയഷ്ടി, ആഡംബരപ്രൌഢി, ഇവയെല്ലാം മൂന്നാം പാദത്തിലെ 'ഉണ്ടു്' എന്ന ക്രിയ ചേർത്തന്വയിക്കണം. കടുകിടകിടയാതെ= കടുകുമണി ഇടാൻ ഇടയില്ലാതെ. മനുഷ്യപ്പിടകൾ=സ്ത്രീകൾ. മനമുടയ്ക്കാൻ=മനസ്സു തകർക്കുവാൻ. 'മനം ഉടയ്ക്കുവാൻ' അതായതു് 'ആകർഷിക്കാൻ' എന്നും ആവാം. കടാക്ഷൈഃ=കടാക്ഷങ്ങളോടുകൂടി. സംഘടിച്ചു=യോജിച്ചു. തിര്യക്കുകൾക്കു പ്രയോഗിക്കുന്ന 'പിട' എന്ന പദം ഇവിടെ മനുഷ്യർക്കും യോജിക്കുന്നതായി പ്രയോഗിച്ചിരിക്കുന്നു.

(56) കിഴവികൾ പിഴ കീഴിൽ
ചെയ്തതംഭോജദൃക്കിൻ
കഴൽ തൊഴുതു മുഴക്കെത്തീക്ഷ്
വാനാഗ്രഹിച്ചും
കോഴകൊഴെ വികസിക്കും
കെഴമാൻകണ്ണി വീഴും
കുഴിവഴിയിലൊഴിപ്പാൻ
നോക്കിയും വന്നുചേർന്നു.

അംഭോജദൃക് = താമരക്കണ്ണൻ; ശ്രീകൃഷ്ണൻ. കഴൽ=വാൽ. കേഴമാൻകണ്ണി=സുന്ദരി. യൌവ്വനകാലത്തു ചെയ്തിട്ടുള്ള തെററുകൾ എല്ലാം ക്ഷമിക്കണമെന്നു കൃഷ്ണസ്വാമിയുടെ പാദങ്ങൾ തൊഴുതു് ആഗ്രഹിച്ചും അതായതു പ്രാർത്ഥിച്ചും, തങ്ങളുടെകൂടെ വന്നിട്ടുള്ള യുവതികൾ വീണുപോയേക്കാവുന്ന കുഴികൾ അതായതു ചെന്നുചാടിയേക്കാവുന്ന ആപത്തുകൾ നോക്കിക്കണ്ടു് ഒഴിക്കുവാൻ ജാഗ്രതപ്പെട്ടും, കിഴവികൾ ഉത്സവത്തിനു വന്നുചേർന്നു എന്നു താല്പര്യം. അങ്ങനെയല്ലാതെ കിഴവികൾക്കു തല്ക്കാലം ഉത്സവത്തിൽ പങ്കെടുക്കാൻ ഉത്സാഹത്തിനു വഴിയില്ലല്ലോ എന്നു ഭാവം.

(57) തരുണികൾ സുകുമാര ശ്രീ
വിലാസക്കുഴമ്പിൻ
ഭരണികൾ പലർ നാനാ
ഭാവമോടാഗമിച്ചാർ
ഹരിണികൾ വിരളുമ്പോൾ
ലജ്ജപൂണ്ടീടുവോരും
ധരണിയിളകിയാലും ക്രൂസിടാ-
ത്തോരുമെല്ലാം.

തരുണികൾ=താരുണ്യത്തോടുകൂടിയവർ; യുവതികൾ. സുകുമാര.........ഭരണികൾ=സുകുമാര ശ്രീയുടെ (മനോഹരമായ ശ്രീയുടെ) വിലാസമാകുന്ന കുഴമ്പു് സംഗ്രഹിച്ചിട്ടുള്ള ഭരണി (പാത്രം). സാധാരണ കുഴമ്പുകാച്ചി ഭരണിയിൽ വയ്ക്കുന്നതുപോലെ ഇവിടെ സൌന്ദര്യമെല്ലാം നിധാനം ചെയ്തു വച്ചിരിക്കുന്നു എന്നു ഭാവം. ഇതു് 'തരുണികൾ പലർ' എന്നതി

നെ വിശേഷിപ്പിക്കുന്നു. നാനാഭാവം = പല ഭാവരസങ്ങൾ. ആഗമിച്ചാർ = വന്നുചേർന്നു. ഹരിണികൾ വിരളുമ്പോൽ = മാൻപേടകൾ വിരളുന്നതുപോലെ. ധരണി = ഭൂമി. കൂസിടാത്തോർ = കുലുക്കമില്ലാത്തവർ.

(58) മുലകുടി മലമൂത്രാകാല
സംക്രാന്തിശാഠ്യം
നിലവിളിയിവകൂട്ടം കുഞ്ഞു
കുട്ടിപ്രപഞ്ചം
പല ചുമടുകളായിക്കൊണ്ടു
വന്നുത്സവത്തി
ന്നലഘുജഘനമാരാം നാരിമാർ
കൂട്ടമാറായ്

മലമൂത്രാകാലസംക്രാന്തി = മലമൂത്രങ്ങളുടെ അകാലത്തിലുള്ള സംക്രാന്തി (വിസർജ്ജനം). ഇവ കൂട്ടം = ഇവയുള്ള. കുഞ്ഞുകുട്ടി പ്രപഞ്ചം = ധാരാളം കുഞ്ഞുകുട്ടികൾ. അലഘുജഘനമാർ = ലഘുവല്ലാത്ത ജഘനത്തോടുകൂടിയവർ; സുന്ദരികൾ. ചെറിയ കുട്ടികളെ പ്രായേണ എളിക്കു വച്ചാണ് എടുക്കുന്നതു്. അപ്പോൾ അങ്ങനെയുള്ള ഭാരം ചുമക്കാൻ ശക്തങ്ങളാണ് ജഘനങ്ങൾ എന്നു ധ്വനി.

(59) പുരുഷഗണവിശേഷം സംഗ്ര
ഹിച്ചോതിടാമ
പ്പരിഷ വിവിധ ശീർഷാം-
ഗാദിചേർന്നോരു സത്വം
പരുഷമുഖരനേകം ശ്മശ്രു
ശുശ്രൂഷകന്മാർ
പരിശചുരികവാളും കയ്യിലു
ള്ളോരുമേവം

വൃദ്ധകളുടേയും തരുണികളുടേയും ശിശുക്കളുടേയും കാര്യം മുമ്പുള്ള മൂന്നുശ്ലോകങ്ങൾ കൊണ്ടു വർണ്ണിച്ചതിന്റെ ശേഷം ഈ ശ്ലോകം മുതൽ പുരുഷന്മാരുടെ വിശേഷങ്ങളെ വർണ്ണിക്കുന്നു. പരിഷ = കൂട്ടം. വിവിധശീർഷാംഗാദി ചേർന്നോരു സത്വം = വിവിധശീർഷാംഗാദി ചേർന്ന ഒരു മൂർത്തിയാണ്. ആൾക്കൂട്ടം എല്ലാം കൂടി നോക്കുമ്പോൾ പലവിധത്തിലുള്ള ശിരസ്സുകൾ കരചരണാദ്യവയവങ്ങൾ ഇവയെല്ലാം കൂടി ചേർന്നുണ്ടായ ഒരു മൂർത്തിയാണോ എന്നു തോന്നും. അത്രമാത്രം ജനങ്ങൾ തിങ്ങി ഏകീഭവിച്ചു നിന്നിരുന്നു എന്നു സാരം. പരുഷമുഖർ = കർക്കശമായ മുഖത്തോടുകൂടിയവർ; ക്രൂരദർശനന്മാർ. ശ്മശ്രുശുശ്രൂഷകന്മാർ = മീശതടവിക്കൊണ്ടു നില്ക്കുന്നവർ.

(60) ചിലരുടെ പദബന്ധം
പ്രോല്ലസൽ ഭാരതാന്തം
ഫലിതകുതുകരീക്ഷിച്ചോ-
ത്തുരാമായണത്തെ
സ്ഖലിതഗതിനിമിത്തം സ്പഷ്ട
നായ് ഭട്ടബാണൻ
നിലവിളിയുളവാക്കീ
കാളിദാസപ്രതീതി

പദബന്ധം = പാദത്തിന്റെ ബന്ധം (കാലിന്റെ കണ്ണു). പ്രോല്ലസൽഭാരതാന്തം = പ്രോല്ലസത്തായിരിക്കുന്ന (ഉല്ലസിച്ചുകൊണ്ടിരിക്കുന്ന) ഭാരംകൊണ്ടുതാന്തം (ക്ഷീണിച്ചതു്). അതായതു് ചിലരുടെ കാലിൽ മന്തു് എന്ന വ്യാധി ഉണ്ടായിരുന്നു എന്നു താല്പര്യം. എന്നാൽ ഇവിടെ വേറൊരർത്ഥംകൂടി ഉണ്ടു്. ചിലരുടെ പദബന്ധം (വാക്യരചന) പ്രോല്ലസത്തായ ഭാരതാന്തത്തോടുകൂടിയതാണു—പദബന്ധം മഹാഭാരതം പോലെ അത്ര ദീർഘമാണെന്നു സാരം. ഇങ്ങനെയുള്ള പദബന്ധത്തെക്കണ്ടു് ഫലിതപ്രിയന്മാർ രാമായണത്തെ ഓർത്തു. അതെങ്ങനെയെന്നാൽ- മന്തിനു പാദവല്മീകം എന്നുകൂടി പേരുണ്ടു്. വല്മീകശബ്ദത്തിൽ നിന്നു വാല്മീക മഹർഷിയേയും അവിടെ നിന്നു രാമായണത്തേയും ഓർമ്മിക്കാൻ ഇടയായി എന്നു ഭാവം. ഇങ്ങനെ ഭാരതാന്തത്തിൽ നിന്നു് രാമായണത്തിലേക്കു ഫലിതമാർഗ്ഗേണ കടന്നുകൂടി എന്നു തോന്നിക്കുന്നു. സ്ഖലിതഗതി = വഴുതിവഴുതിയുള്ള നടപ്പു്. സ്ഖലിതഗതി എന്നാൽ അക്ഷരപ്പിശകിലേക്കു

ള്ള പോക്ക് എന്നും അത്ഥം എടുക്കാം. സ്ഖലിതഗതികൊണ്ട് ഭട്ടബാണൻ എങ്ങനെ സ്പഷ്ടനായി എന്നാണറിയേണ്ടതു്. സ്ഖലിതഗതി മദ്യപാനത്തിൻെറ പ്രധാന ലക്ഷണമാണ്. മദ്യത്തിന് 'കാദംബരി' എന്നും പേരുണ്ട്. "ഗന്ധോത്തമാ പ്രസന്നേരാ കാദംബയ്യാപരിസ്രുതാ)' എന്നു മദ്യപര്യായങ്ങളിൽ അമരം. 'കാദംബരീ' എന്നതു ബാണഭട്ടൻെറ ഒരു പ്രസിദ്ധകൃതിയുമാണ്. അതിനാൽ ആടിയാടി നടക്കുന്നതു കണ്ടപ്പോം ഭട്ടബാണൻ സ്മരിക്കപ്പെട്ടു. കാളിദാസപ്രതീതിയും ഇതുപോലെ ഉണ്ടായി. കാളിദാസപ്രതീതി=കാളിദാസനെക്കുറിച്ചുള്ള പ്രതീതി, പ്രതീതി=ഓമ്മ; തോന്നൽ. കാളിദാസപ്രതീതി നിലവിളിയിൽ നിന്നാണ് ഉണ്ടായതു്. നിലവിളിക്കുന്നതു, സാധാരണ കുട്ടികളാണ്. അവരുടെ പ്രധാനബലംതന്നെ രോദനമെന്നാണല്ലോ ന്യായം. അപ്പോം രോദനം ഉള്ളതുകൊണ്ടു കുമാരസംഭവം സിദ്ധം. 'കുമാരസംഭവം" കാളിദാസൻെറ ഒരു പ്രസിദ്ധകൃതിയാണ്. ഇങ്ങനെ നിലവിളിയിൽനിന്നു കാളിദാസൻ പ്രതീതനായി എന്നു ഭാവം.

(61) തലകളം മിന്നുമിന്നുക്കൻ
ചാണപോലിന്ദ്രലുപ്തം
ബലമൊട്ടുഴകകൊണ്ടിട്ടൊട്ടു
പേർ കാട്ടിനിന്നു
നലമൊട്ടുമുരതന്നിൽ ജാതനാം
ചന്ദ്രഗുപ്തൻ
വിലസീ മനസി വിദ്വാന്മാക്ക്
ചാണക്യമിത്രം.

ഇന്ദ്രലുപ്തം=കഷണ്ടി. തലകളം.........കാട്ടിനിന്നു=ഇന്ദ്രലുപ്തം ബലമായി ഉഴകകൊണ്ട് തലകളം മിന്നുക്കൻചാണപോലെ കാണിച്ചുകൊണ്ട് ഒട്ടുപേർ നിന്നു. ഇതുകണ്ടപ്പോം വിദ്വാന്മാക്ക് ചാണക്യമിത്രമായ ചന്ദ്രഗുപ്തമൌയ്യൻെറകായ്യം ഓമ്മവന്നു എന്ന് ഉത്താരാദ്ധത്തിനത്ഥം. അതെങ്ങനെയെന്നാൽ—കഷണ്ടിക്കാക്ക് ക്ഷുരകൻെറയാവശ്യം ഇല്ല. ക്ഷുരകജാതി പണ്ടേ ഇല്ലായിരുന്നു എങ്കിൽ മുര ഉണ്ടായിരുന്നിരിക്കയില്ല. അപ്പോം ചന്ദ്രഗുപ്തനും ഉണ്ടാകാൻ മാഗ്ഗമില്ല. ചന്ദ്രഗുപ്തൻ നന്ദരാജാവിനു മുര എന്ന ക്ഷുരകസ്ത്രീയിൽ ഉണ്ടായപുത്രനാണെന്നാണ് ഐതിഹ്യം. അതിനാൽ ഈ സംഗതികളെല്ലാം കഷണ്ടിയുടെ ദശനത്തിൽ വിദ്വജ്ജനങ്ങളുടെ വിചാരലതയായി പടന്നു എന്നു സാരം. 'ഇന്ദ്രലുപ്തം' 'ചന്ദ്രഗുപ്തൻ' എന്നും 'ചാണ' പോലെയെന്നും 'ചാണക്യ'നെന്നും ഉള്ളടത്തു് ശബ്ദചരായകൊണ്ടുള്ള സാദൃശ്യവും ദൃഷ്ടവ്യമാണ്.

(62) തുറു മിഴിയൊട്ടു നേരേ
നോക്കുവോരെക്കടാക്ഷം
മറുവഴിയിലയച്ചോരേതുമേ
കണ്ടതില്ല
അറിവപരന്നുദിക്കാതിത്തരം
ദൃക്പ്രയോഗം
മുറുകിയ രസസത്തായ്
കേകരൻ ശേഖരിച്ചു.

ദൃക്പ്രയോഗം=കണ്ണിൻെറ പ്രവൃത്തി. കേകരൻ=കോങ്കണ്ണൻ. തുറുമിഴിയൊട്ടു.........കണ്ടതില്ല=സ്പഷ്ടമായി മുഖത്തു തുറിച്ചുനോക്കുന്നവരെ കടാക്ഷം വേറെവഴിയിലയച്ചവർ കണ്ടില്ല. ആരെ തുറിച്ചുനോക്കിയോ അവരുടെ നോട്ടം കടാക്ഷപ്രയോഗം നിമിത്തം വേറെ വഴിക്കായിരുന്നതുകൊണ്ട് തങ്ങളെ നോക്കിയതു് അവർ അറിഞ്ഞില്ല എന്നു സാരം. എന്നാൽ കോങ്കണ്ണ് എന്ന അംഗവൈകല്യം ഉള്ളവനു കടാക്ഷവീക്ഷണങ്ങളുടെ സഞ്ചാരമാഗ്ഗവും ലക്ഷ്യവും മനസ്സിലായി എന്ന് ഉത്തരാദ്ധത്തിനു പൊതുവിൽ അത്ഥം. കോങ്കണ്ണൻ വടക്കോട്ടു നോക്കിക്കൊണ്ടിരിക്കുമ്പോം അയാളുടെ ദൃഷ്ടി വടക്കുകിഴക്കോട്ടോ മറേറാ ആയിരിക്കും. അപ്പോം ആവഴിക്കുള്ള കടാക്ഷവീക്ഷണങ്ങളെ മററുള്ളവർ ഗ്രഹിക്കാതെ അയാംക്കു കാണാൻ സാധിക്കും. ഇങ്ങനെ കോങ്കണ്ണനു കടാക്ഷവീക്ഷണങ്ങളുടെ സാരസ്യം സംഭരിക്കാൻ സാധിക്കയും

മററവൎക്കു സ്പഷ്ടമായ നോട്ടംപോലും അറിയാൻ നിവൃത്തിയില്ലാതെ പോകയും ചെയ്തു എന്നു താൽപൎയ്യം.

(63) കവിഗുരുബുധ മിത്രവ്യൂഹ
മദ്ധ്യേ കലേശൻ
വിവിധഗതിഭുജംഗാ
ഗ്രേസരൻ കൈതവാത്മാ
ഇവരൊടിടകലൎന്നാർ
മംഗലൻ പംഗുതാനും
നവമൊരു നവഖേടാ
ഖേട ഭൂവായി ഭൂമീ

കവി=കവിതക്കാരൻ അഥവാ 'ശുക്രൻ' എന്ന ഗ്രഹം. ഗുരു=ഉപാദ്ധ്യായൻ അഥവാ 'വ്യാഴം'. ബുധൻ=വിദ്വാൻ അഥവാ 'ബുധൻ' എന്ന ഗ്രഹം. മിത്രം എന്നാൽ ബന്ധു; മിത്രൻ എന്നാൽ 'ആദിത്യൻ' എന്നും അൎത്ഥം. വ്യൂഹം =കൂട്ടം. മദ്ധ്യേ=നടുക്കു്. കലേശൻ=കലാവിദ്യകളിൽ നിപുണൻ അഥവാ 'ചന്ദ്രൻ'. വിവിധഗതിഭുജംഗാഗ്രേസരൻ = പലവഴിഗമിക്കുന്നവനായ ഭുജംഗാഗ്രേസരൻ. ഭുജംഗാഗ്രേസരൻ =ഭുജംഗന്മാൎക്കു (വിടന്മാൎക്കു്) അഗ്രേസരൻ അഥവാ ഭുജംഗങ്ങൾക്കു (സൎപ്പങ്ങൾക്കു്) അഗ്രേസരൻ—'രാഹു' രാഹുവിനെ സൎപ്പമായിട്ടാണു് ജ്യൌതിഷത്തിൽ വ്യവഹരിക്കപ്പെടുന്നതു്. കൈതവാത്മാ=കൈതവസ്വരൂപി. കൈതവം=കളവു്. കേതുവിനെ സംബന്ധിച്ചതും കൈതവം. അപ്പോൾ കൈതവാത്മാ എന്നാൽ കേതുസംബന്ധമായ ആത്മാവോടുകൂടിയവൻ അതായതു 'കേതു' തന്നെ. രാഹുവും കേതുവും രണ്ടും നവഗ്രഹങ്ങളിൽ പെട്ടതാണു്. മംഗലൻ=ശുഭശീലൻ അഥവാ'ചൊവ്വാ'എന്ന ഗ്രഹം. പംഗു=മുടന്തൻ അഥവാ'ശനി' ഗ്രഹം. "ശനിമന്ദപംഗുകാല" എന്നമരം. നവമൊരുനവഖേടാ ഖേടഭൂവായി ഭൂമീ=നവഖേടങ്ങളുടെ (നവഗ്രഹങ്ങളുടെ) നവമായിരിക്കുന്ന ഒരു ആഖേടഭൂമിയായി ഭൂമിതീൎന്നു (പരിണമിച്ചു). ആഖേടഭൂമി=നായാട്ടുസ്ഥലം. ആഖേടം=നായാട്ടു്.

(64) നരമയമൊരുപാരാവാര
മുണ്ടായതിങ്കൽ
നരനുരയൊട്ടുല്യം മൂൎദ്ധ
ദേശേ ചകാശേ
തിരകൾതലനിരപ്പില്ലായ്കയാ
ലുല്ലസിച്ചു
ശിരസിജനിരകണ്ടിക്കൊപ്പ
മായ് കണ്ടുതത്ര

നരമയമൊരുപാരാവാരം= നരന്മാരെകൊണ്ടു നിൎമ്മിതമായ ഒരു പാരാവാരം (സമുദ്രം). നര= നരച്ച തലമുടി. നുരയൊട്ടുല്യം=ധവളമായതു കൊണ്ടുനുരയ്ക്കുതുല്യം. മൂൎദ്ധദേശേ=മൂൎദ്ധദേശത്തിങ്കൽ (തലയിൽ). ചകാശേ=പ്രകാശിച്ചു. പ്രകാശിക്കയെന്നൎത്ഥമായ 'കശ' ധാതുവിന്റെ വൎത്തമാനകാലരൂപം—'കാശതേ'; അതിന്റെ ഭൂതകാലം 'ചകാശേ'. "കാശതേരാശിവൎണ്ണാം" എന്നും മററും ഉള്ള പൂൎവ്വപ്രയോഗം നോക്കുക. തിരകൾ...... ഉല്ലസിച്ചു= എല്ലാവരുടേയും തല ഒരേപൊക്കത്തിലും നിരപ്പിലും അല്ലാതിരുന്നതുകൊണ്ടു് തിരകളും ഉല്ലസിച്ചു; അതായതു് തിരകൾപോലെ കാണപ്പെട്ടു എന്നൎത്ഥം. ശിരസിജനിര= തലമുടികളുടെ കൂട്ടം. കണ്ടി=പായൽ.തത്ര=അവിടെ. അക്കാലങ്ങളിൽ പുരുഷന്മാൎക്കും ധാരാളം നീളമുള്ള കുടുമഉണ്ടായിരുന്നു എന്ന കാൎയ്യം സ്മൎത്തവ്യമാണു്.

(65) കുടകൊടിതഴകാതിൻ കോടര
സ്ഫോടചണ്ഡം
വെടിപടഹമിടയ്ക്കാ ചെണ്ടയും
പാണ്ടിവാദ്യം
തടിദിവനെടുനീളേ ദീപവും
ധൂപവും കൊ
ണ്ടടിമുടിപൊടിപെട്ടും ശ്രാന്ത
മായിന്ദ്രിയൌഘം

കാതിൻകോടരസ്ഫോടചണ്ഡംവെടി = കാതിന്റെ കോടരത്തിന്റെ (പോതിന്റെ; ദ്വാരത്തിന്റെ) സ്ഫോടത്തിൽ

(പൊട്ടലിൽ) ചണ്ഡം (ഉഗ്രം) ആയവെടി—അതായതു് ചെവിപൊട്ടിപ്പോകുന്ന വെടി എന്നു സാരം. പടഹം=പെരുമ്പറ. ഇടയ്ക്കാ=ഒരുവക വാദ്യം. തടിദിവ=തടിത്തുപോലെ; മിന്നൽപോലെ. ധൂപം=സുഗന്ധദ്രവ്യങ്ങൾ ഇട്ടു പുകയ്ക്കുന്നതു്. അടിമുടി=ആസകലം. പൊടിപെട്ടും=പൊടിപററിയും. ശ്രാന്തമായിന്ദ്രിയൌഘം=കരചരണാദി ഇന്ദ്രിയങ്ങളുടെ സംഘങ്ങൾ എല്ലാം ശ്രമപ്പെട്ടു(ക്ഷീണിച്ചുപോയി).

(66) ഇതിതകൃതിയിലുള്ളോരു
ത്സവാലോകഭാഗ്യം
പ്രതിഹതരസമുണ്ടായിക്കഥാ
നായികയ്ക്കും
ദ്യുതിചിതറി തദീയം കായമാ
ക്ഷേത്രഭൂവിൽ
മതിലത തലനീട്ടിച്ചെന്നു
കായംകുളത്തും.

തകൃതി=ആഡംബരം. ഉത്സവാലോകഭാഗ്യം=ഉത്സവം കാണാനുള്ള ഭാഗ്യം. പ്രതിഹതരസമുണ്ടായി=പ്രതിഹതരസമായിട്ടു് [ഭാഗ്യം] ഉണ്ടായി. പ്രതിഹതരസം=തടസ്സപ്പെട്ടരസം. തൻെറ പ്രാണപ്രിയൻ കായംകുളത്തേക്കു യുദ്ധസേവനാർത്ഥംപോയതുകൊണ്ടാണു് ഉത്സവാലോകഭാഗ്യം നായികക്കു് പ്രതിഹതരസമായിപ്പോയതു്. ദ്യുതിചിതറി.........ക്ഷേത്രഭൂവിൽ=തദീയം (അവളുടെ) കായം (ശരീരം) ആ ക്ഷേത്രപരിസരങ്ങളിൽ ദ്യുതി (ശോഭാ) ചിതറി. മതിലത=ബുദ്ധിയാകുന്ന ലത. മത്തയും കുമ്പളവും മററും തലനീട്ടി പടരുന്നതുപോലെ ബുദ്ധിയാകുന്ന ലതയും പതുക്കെ പതുക്കെ തലനീട്ടിക്കൊണ്ടുപോയി എന്നു ഭാവം. പ്രിയജനം കായംകുളത്തായിരുന്നതുകൊണ്ടു് നായികയുടെ മനസ്സും അവിടെതന്നെയായിരുന്നു. ഉത്സവകോലാഹലത്തിനിടയ്ക്കും പ്രിയതമനെക്കുറിച്ചുള്ള അനുരാഗസംഗതി വിസ്മരിക്കപ്പെട്ടില്ല എന്നു സാരം.

(67) പരിസരമതിലുന്തും തള്ളു
മില്ലാതെ നോക്കാൻ
പരിജനമൊട്ടു മാതാ താതനും
ചേർന്നു നിന്നാർ
പരജന പരിതാപം ചെയ്യുവാൻ
ശൌര്യമേറും
തരുണികൾ നിജ രക്ഷാശക്തി
യിൽ ശുഷ്കരല്ലോ.

പരിസരം=സമീപപ്രദേശം. പരിജനം=ഭൃത്യവർഗ്ഗം. പരജനപരിതാപം=അന്യജനങ്ങൾക്കു പരിതാപം (വ്യസനം). ശുഷ്കർ=ശോഷിച്ചവർ (ബലഹീനർ). നിജരക്ഷാശക്തിയിൽ ശുഷ്കർ=തങ്ങളെതന്നെ രക്ഷിക്കാൻ അശക്തർ യുവജനങ്ങൾക്കും മററും സൌന്ദര്യംകൊണ്ടു അനുരാഗം ജനിപ്പിച്ചു് മനഃപീഡയുണ്ടാക്കുന്നതുകൊണ്ടാണു് പരജനപരിതാപം ചെയ്യാൻ സമർത്ഥർ എന്നു സ്ത്രീജനങ്ങളെപ്പററി പറഞ്ഞതു്. എന്നാൽ അവർ തന്നെത്താൻ രക്ഷിക്കാൻ ശക്തിയില്ലാത്തവരുമാണു് എന്നു വിവക്ഷ.

# മല്ലിനാഥൻെറ കവിത.

(പി. അനന്തൻപിള്ള എം. ഏ.)

സംസ്കൃതത്തിലെ നിരൂപണസാഹിത്യ പ്രസ്ഥാനത്തിൽ അത്യുന്നതമായ ഒരു സ്ഥാനമാണല്ലൊ മല്ലിനാഥനുള്ളതു്. ഇടക്കാലത്തു് പൂർണസരസ്വതി, നാരായണൻ മുതലായവരുടെ വ്യാഖ്യാനഗ്രന്ഥങ്ങൾ മല്ലിനാഥൻെറ യശസ്സിനു് തെല്ലൊരു മങ്ങൽ വരുത്തിട്ടുണ്ടെങ്കിലും, അക്ലിഷ്ടവും, നാതിവിസ്തരവും ആയ പ്രതിപാദനത്തിലും, മിതവും അർത്ഥപുഷ്ടവും ആയ പദപ്രയോഗത്തിലും ഇത്ര സാമർത്ഥ്യമുള്ള ഇതരനിരൂപകന്മാരെ കണ്ടുകിട്ടുവാൻ പ്രയാസമാണു്.

മല്ലിനാഥൻ ഒരു കവിയെന്നു് സ്വയം സമ്മതിക്കുന്നുണ്ടെങ്കിലും [''മല്ലിനാഥഃ കവി:'' എന്ന പീഠികാപദ്യം] അതിവിശിഷ്ടമായ മനോധർമ്മമൊ കല്പനാവൈഭവമൊ ഉണ്ടെന്നു പറയാവുന്ന കാവ്യമൊന്നും എഴുതിട്ടുള്ളതായി തോന്നുന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ കൃതികളായി നമുക്കുലഭിച്ചിട്ടുള്ള അനവധി പദ്യങ്ങൾ പരിശോധിച്ചു നോക്കിയാൽ ഒന്നാന്തരം ഒഴുക്കും, ലാളിത്യവും, മാധുര്യാദിമററു ഗുണങ്ങളും തെളിഞ്ഞു കാണാവുന്നതാണു്. ശബ്ദാലങ്കാരത്തിലാണു് അധികം ശ്രദ്ധ പതിപ്പിച്ചുകാണുന്നതു്. ഉദാഹരണത്തിനു് ഈ പദ്യം മതി.

അന്തരായ തിമിരോപശാന്തയേ
ശാന്തപാവനമചിന്ത്യവൈഭവം
തന്നരം വപുഷി കുഞ്ജരം മുഖേ
മന്മഹേ കിമപി തുന്ദിലം മഹഃ

—സംജീവിനീവ്യാഖ്യാനം.

മല്ലിനാഥൻെറ 'ഏകാവലി' വ്യാഖ്യാനം മററു ചിലതിനുശേഷം രചിച്ചതായിരിക്കണം എന്നു് അതിൽ തന്ത്രവാർത്തിക സ്വർണ്ണമഞ്ജരി വ്യാഖ്യാനങ്ങളെപ്പററിയുള്ള പരാമർശങ്ങൾ തെളിയിക്കുന്നു. ഉദ്ദേശ്യവിധേയങ്ങളുടെ സ്വഭാവപ്രതിപാദനത്തിൽ സൂചിപ്പിച്ചിരിക്കുന്നതുനോക്കുക.

"തദേതത് സമ്യഗ് വിവേചിതമസ്മാഭിസ്തന്ത്രവാർതിക ടീകായാം വാജപേയാധി കരണേ'' (പുറം 152). ''സ്വരസ്തു വേദ ഏവ ന കാവ്യേഷ്വർത്ഥ വിശേഷാവഗമായ'' എന്നതു വ്യാഖ്യാനിക്കുന്നിടത്തു്,

"ഇന്ദ്രശത്രുരിത്യത്ര പൂർവ്വപദ പ്രകൃതി സ്വരേണ ബഹുവ്രീഹ്യർത്ഥ നിശ്ചയഃ ദ്വാദശാഹീനസ്യേത്യത്ര ദ്വാദശ ശബ്ദസ്യ സംഖ്യാ സ്വരേണ ദ്വന്ദ്വാർത്ഥനിശ്ചയഃ തദേതത് സമ്യക് പ്രപഞ്ചിതമസ്മാഭിഃ 'സ്വരമഞ്ജരീപരിമള' ടീകായാം'' (പുറം 59). സ്വർണ്ണമഞ്ജരിയുടെ കർത്താവു് നൃസിംഹസൂരിയാണല്ലൊ. അദ്ദേഹത്തിൻെറ ശിഷ്യനായിരുന്ന മല്ലിനാഥപുത്രനായ ഗിരിജാനാഥൻ. 'പരിമളം' ആകയാൽ ഗിരിജാനാഥകൃതിയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. 'പരിമള'പ്രാരംഭപദ്യങ്ങൾ ശ്രദ്ധേയങ്ങളാണു്.

മല്ലിനാഥ കവേസ്തസ്യ
പുത്രസ്താദൃഗ് ഗുണോദയഃ
ആസ്തേ ശ്രീ ഗിരിജാനാഥോ
വിനീതോ വേദശാസ്ത്രവിത്.

സോയം നൃസിംഹ വിദുഷഃ
ഖ്യാതായാഃ സ്വഗുരോഃ കൃതേ

വിധത്തേസ്വരമഞ്ജര്യ്യാ
വ്യാഖ്യാം പരിമളാഹ്വയാം.

ആമ്നായ നിർജരതരോഃ
സ്വരമഞ്ജരീയ
മാവിഷ്കൃതാ പ്രതിഭയാ
നരസിംഹ സൂരേഃ
ആദ്യോല്ലസൽ പരിമളാ
വിബുധൈഃ സമസ്തൈ
രാസേവ്യതാമവികലം
ഫലമാദദാനാ.

സ്വകൃതിമകൃതനാവം
വേദരത്നാകരേസ്മിൻ
സ്വരതരളതരംഗേ
ത്തത്നശില്പോനൃസിംഹഃ
സ്വയമിഹ വിഹരന്താം
വീതശങ്കാ വിദഗ്ദ്ധാ
നവപരിമള ടീകാം
കർണ്ണധാരീം വിധായ.

സ്വരമഞ്ജരീ 'പരിമള'ത്തിൻെറ ഹസ്തലിഖിതപ്പകൎപ്പിൽ (Bhandarkar Library) ഏതാനും അദ്ധ്യായങ്ങളുടെ അവസാനക്കുറിപ്പുകളിൽ ഗിരിജാനാഥനാണ് വ്യാഖ്യാതാവെന്നു വിശദമായിക്കാണിച്ചിട്ടുണ്ടെങ്കിലും, ഒരിടത്തു മല്ലിനാഥനെയും നിർദ്ദേശിച്ചിട്ടുണ്ട്.

"ഇതിശ്രീപദവാക്യപ്രമാണപാരാവാര പാരീണ ശ്രീമഹോപാദ്ധ്യായ കോലാചല മല്ലിനാഥ സൂരി വിരചിതായാം സ്വരമഞ്ജരീ വ്യാഖ്യായാം സമാസ സ്വരനിരൂപണം നാമ തൃതീയഃ പരിച്ഛേദഃ" മറെറങ്ങും പറഞ്ഞുകാണുന്നില്ല. ആകെക്കൂടി നോക്കുന്നതായാൽ 'പരിമളം' മല്ലിനാഥനെഴുതിയെന്നും ഗിരിജാനാഥൻ പ്രസിദ്ധപ്പെടുത്തി എന്നും വിചാരിക്കുന്നതിൽ അപാകമില്ല.

'തരളാ' വ്യാഖ്യാനത്തിൻെറ ആദ്യന്ത പദ്യങ്ങൾ കേവലം ശബ്ദപ്രധാനം മാത്രമല്ലെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ആദിപദ്യം ഇതാണ്.

"അഗ്രേ കൃത്വാ പ്രിയസഹചരീം
അന്തികം സംപ്രയാന്തീം
വ്രീഡാഭാരാദവനത മുഖീം
അംബികാമാദരേണ
ലോലാപാംഗാം പ്രണയമധുരം
ലോചനാന്തേന പശ്യ
ന്നന്തസ്തുഷ്യന്നവതു ഭഗവാ
നംബികാ വല്ലഭോ നഃ

ഇതിലെ കവിതാരീതി ആകപ്പാടെ നന്നായിരിക്കുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അലംകാരപുഷ്ടിയും ഉണ്ട്. വ്രീളാഭാരാത് എന്നും അവനതമുഖി എന്നും രണ്ടുംകൂടി വേണമോ എന്നേ സംശയമുള്ളു. അതുപോലെതന്നെ 'പ്രണയമധുരം' എന്നതും അത്ര സ്ഥാനത്തു പ്രയോഗിച്ചിരിക്കുന്നതായി തോന്നുന്നില്ല.

"അദ്ധ്യാരൂഢഃ കപർദ്ദം
പിതുരമരധുനിം
ഹേലയാ ഗാഹമാനഃ
കൎഷൻ ഹർഷാതിരേകാൽ
കനക കമലിനീ
ഷണ്ഡമുദ്ദണ്ഡ വൃത്ത്യാ
അന്തർമ്മഗ്നം കരാഗ്രം
ഫണിപതി ശിരസി
സ്വൈരമാധായ തോയം
മുഞ്ചൻ സിഞ്ചന്നധസ്താൽ
പ്രമഥപതിശിശുർഭാതി
ബാലോ ഗണേശഃ"

കുട്ടിഗ്ഗണപതിയുടെ വികൃതിത്തം നോക്കൂ! അച്ഛൻെറ തലയിൽ കയറി; ജടാ

ന്തർബ്ഭാഗത്തുള്ള ഗംഗയിൽ ചാടി; കനകത്താമരകളൊക്കെ പൊട്ടിച്ചു; അതുകൊണ്ടും പോരാഞ്ഞിട്ട് ശിവശിരോലങ്കാരമായ നാഗത്താന്റെ ഫണത്തിന്മേൽ തുമ്പിക്കൈ വച്ചു അവിടെയുള്ളവരെ എല്ലാം കുളിപ്പിച്ചു. പല കവികൾക്കും ഈ ഗണപതി ഭഗവാൻ പദ്യരചനയിൽ സഹായിച്ചിട്ടുണ്ട്. താഴെക്കാണുന്ന ഭവഭൂതിയുടെ മാലതീമാധവത്തിലെ നാന്ദീപദ്യം നോക്കുക.

സാനന്ദം നന്ദിഹസ്താഹതമുരജരവാ
ഹൂതകൌമാരബർഹി
ത്രാസാന്നാസാഗ്രരന്ധ്രം വിശതിഫണിപതൌ
ഭോഗസങ്കോചഭാജി
ഗണ്ഡോഡ്ഡീനാളിമാലാ മുഖരിത കകുഭ
സ്താണ്ഡവേ ശൂലപാണേ
വൈനായക്യശ്ചിരം വോ വദന വിധുതയഃ
പാന്തു ചീൽക്കാരവിത്യാഃ

മേല്പറഞ്ഞ പദ്യം ഇതോടുകൂടി താരതമ്യപ്പെടുത്തുമ്പോൾ മല്ലിനാഥൻ ഭവഭൂതിയുടെ എത്ര കണ്ടു പിന്നിലാണു നിൽക്കുന്നതെന്നു വിശദമാകുമല്ലൊ.

മല്ലിനാഥന്റെ മറെറാരു പദ്യം ഇതാണ്.

"സ്വീയൈന്നിത്യം ഗുണപരിമളൈർ
മോദയന്തീ ദിഗന്താൻ
അത്യുദ്രൈഡെ രമൃത കിരണൈ
രൈന്ദവീ ലേഖികേവ
സാലങ്കാരാ സുലളിതപദാ
സാധു വൃത്താ സഭാവാ
മാതാ നിത്യം മമ ഭഗവതീ
ഭാരതീ സന്നിധത്താം.

സരസ്വതീസ്തുതിപരമായ ഈ പദ്യത്തിൽ ഗുണം, അലങ്കാരം, പദം, വൃത്തം, ഭാവം എന്നീ പദങ്ങൾക്കു ശ്ലേഷാർത്ഥമുണ്ടല്ലൊ.

മല്ലിനാഥന്റെ ആദി കൃതികൾക്കുള്ള ഒരു മെച്ചം ശബ്ദാലങ്കാരപ്രധാനമായിട്ടുള്ളതാണെന്ന് ഇത്രയും കൊണ്ടു വിശദമാകുന്നുണ്ട്. 'സ്വരമഞ്ജരീപരിമള'ത്തിലെ അവസാന പദ്യങ്ങൾകൂടി ഉദ്ധരിച്ചുകൊള്ളുന്നു.

ജഗതി വിവിധ വിദ്യാ സിദ്ധ
മുഷ്ടിന്ധയാനാം
പരഭണിതി പരീക്ഷാ യുജ്യതേ
സജ്ജനാനാം
തദിഹ മമ നിബന്ധേ ദൂഷണം
ഭൂഷണം വാ
ഭവതി യദി വിദഗ്ദ്ധൈ സ്തദ്ധ്യവ
ശ്യം വിമൃശ്യം.

പാരീണാപദസാഗരസ്യ കതിചിൽ
തന്ത്രേ സ്വതന്ത്രാപരേ
കേചിത് കർക്കശ തർക്ക വക്ര ഭണിതി
പ്രൌഢിപ്രിയം ഭാവുകാഃ
അന്യേ സൽക്കവിതാമൃതാബ്ധിലഹരീ
മുഷ്ടാംശ മുഷ്ടിംധയാ
നൈതേ കേഽപി വയം തു കിന്തു ത ഇമേ
സർവേ ബഹുകുർവ്വതേ.

സകല കലാകുശലന്മാരായ സജ്ജനങ്ങൾ അന്യരുടെ കൃതികളെപ്പററി അഭിപ്രായം പറയുവാൻ സമർത്ഥരാണ്. ആകയാൽ അവർ എന്റെ ഈ വ്യാഖ്യാനവും നിരൂപണം ചെയ്തുകൊള്ളട്ടെ എന്നാണ് ആദ്യപദ്യത്തിന്റെ സാരം.

രണ്ടാമത്തേതിൽ വിനയം പ്രദർശിപ്പിക്കുന്നു.

ശബ്ദാഗമക്കടലിന്റെ മറുകര കടന്നിട്ടുള്ളവരും തന്ത്രശാസ്ത്രത്തിൽ സ്വതന്ത്രസഞ്ചാരികളും, കർക്കശമായ തർക്കത്തിലും

വക്രോക്തിയിലും വിക്രമം പ്രകടപ്പിക്കുന്നവരും, കവിതാമൃതം അപ്പടി കുടിച്ചിട്ടുള്ളവരും ഉണ്ട്; ഞാൻ ഇവരിലാരും തന്നെ അല്ല; എങ്കിലും അവക്കൊക്കെ എന്നോട്ട് ബഹുമാനമാണുള്ളത്". രണ്ടാമത്തെ പദ്യം 'പ്രതാപരുദ്രീയ' വ്യാഖ്യാനത്തിന്റെ അവസാനത്തിലും കാണുന്നുണ്ട്. മല്ലിനാഥന്റെ പുത്രൻ കുമാരസ്വാമിയാണല്ലോ അതെഴുതിയത്". അച്ഛന്റെ പദ്യം മകൻ ഉദ്ധരിച്ചതായിരിക്കാം. 'മുഷ്ടിന്ധയ' എന്ന അസാധാരണപദപ്രയോഗം ഈ പദ്യത്തിലും അതിനു മുമ്പിലത്തേതിലും ആവത്തിച്ചു കാണുന്നു. കൈവിരൽ കുടിക്കുന്ന ശിശുവിനെ ഉദ്ദേശിച്ചാണ് ഈ പദം സാധാരണ പ്രയോഗിച്ചു കാണുന്നത്" എന്നൊരു ന്യൂനതവേണമെങ്കിൽ പറയാം.

'ഏകാവലി'യുടെ വ്യാഖ്യാനത്തിൽ സ്വവിരചിതമായ ഒരു പദ്യം 'പാക'ത്തിനുദാഹരണമായിക്കാണുന്നുണ്ട്. "പദാനാംപരിവൃത്തിവൈമുഖ്യം പാകം"എന്നു നിവ്വചിച്ചിട്ട് ഈ പദ്യം ഉദ്ധരിച്ചിരിക്കുന്നു.

"നിശാകര കരസ്പൃശാ
ന്നിശയാ നിർവൃതാത്മനാ
അമീ സ്തംഭാദയോ ഭാവാ
വ്യജ്യന്തേ രജ്യമാനയാ"

പ്രയുക്തപദങ്ങളിൽ യാതൊരു മാററവും വരുത്താൻ സാധിയ്ക്കാത്തപ്പോൾ ആണല്ലോ ഒരു കവിതയ്ക്കു 'ശയ്യാഗുണം' അല്ലെങ്കിൽ 'പാകം' എന്ന ഗുണമുണ്ടെന്നു പറയുന്നത്".

പ്രസ്തുതപദ്യത്തിലെന്തെങ്കിലും ഭേദഗതിചെയ്യുകയായിരുന്നാൽ, എന്നുവേണ്ട അനുരൂപപയ്യായങ്ങൾ പോലും പകരം പ്രയോഗിക്കയായിരുന്നാൽ, കാര്യമൊക്കെ തകരാറായിത്തീരുമെന്നാണ് മല്ലിനാഥൻ പറയുന്നത്". എന്തായാലും ഈ പദ്യത്തിൽ സമാസോക്ത്യലങ്കാരം ഭംഗിയായി പ്രകാശിപ്പിച്ചിട്ടുണ്ടെന്നു പറഞ്ഞേ തീരൂ. എന്നാൽ 'സ്തംഭാദയോഭാവാ' എന്നും മററുമുള്ള ആലംകാരിക സങ്കേതങ്ങൾ കവിതയിൽ കടന്നു കൂടുന്നതു അത്ര ആശാസ്യമായിരിക്കുന്നില്ല. 'നിർവൃതാത്മനാ' എന്നു പറഞ്ഞിരിക്കുന്നത്" സ്തംഭാദിഭാവങ്ങളെ സംബന്ധിച്ചിടത്തോളം ധാരാളം മതി എന്നിരിക്കെ 'രജ്യമാനയാ' എന്ന പ്രയോഗം 'സമാപ്തപുനരാത്തത' എന്ന കാവ്യദോഷത്തിനും പാത്രമായിരിക്കുന്നുണ്ട്.

കിരതാർജ്ജുനീയത്തിന് മല്ലിനാഥൻ എഴുതീട്ടുള്ള 'ഘണ്ടാപഥ' ത്തിലെ വന്ദനശ്ലോകം ഇതാണ്".

"അർദ്ധാംഗീ കൃതദാമ്പത്യം
അപി ഗാഢാനുരാഗി യത്
പിതൃഭ്യാം ജഗതസ്തസ്മൈ
കസ്മൈചിന്മഹസേ നമഃ"

ഈ പദ്യത്തിൽ ശിവനെ അർദ്ധനാരീശ്വരനായി വണ്ണിച്ചിരിക്കുന്നതു കാളിദാസനെ അനുകരിച്ചുതന്നെയാണ്. കാളിദാസകൃതികളുടെ വ്യാഖ്യാനാരംഭത്തിലും

"മാതാപിതൃഭ്യാം ജഗതോ
നമോ വാമാർദ്ധജാനയേ"

ഇത്യാദിപദ്യം കാണുന്നുണ്ട്. 'അർദ്ധാംഗീകൃതദാമ്പത്യം' എന്നതിലേ വിരോധാഭാസം ശ്രദ്ധേയമാണ്".

മല്ലിനാഥന്റെ ശബ്ദാഡംബരഭ്രമം അടുത്തപദ്യം തെളിയിക്കുന്നു.

"ആലംബേ ജഗദാലംബം
ഹേരംബ ചരണാംബുജം
ശുഷ്യന്തി യദ്രജസ്സ്പർശാൽ
സദ്യഃ പ്രത്യൂഹവാർധയഃ"

ഈ പദ്യങ്ങളെല്ലാം പ്രസിദ്ധാലംകാരികനായിരുന്ന ആശാധരഭട്ടൻ വ്യാഖ്യാനിച്ചിട്ടുണ്ടെന്നു് ഇടയിൽ പറഞ്ഞുകൊള്ളട്ടെ.

സരസ്വതീവന്ദനമാണു് അടുത്തപദ്യം.

"തേട്രിവ്യമവ്യയം ധാമ
സാരസ്വത മുപാസ്മഹേ
യൽ പ്രകാശാൽ പ്രലീയന്തേ
മോഹാന്ധ തമസച്ഛടാഃ"

അടുത്തുകാണുന്ന പദ്യത്തിൽ മല്ലിനാഥൻ തന്റെ യോഗ്യതകൾ ഒരു വിധം സമാഹരിച്ചിട്ടുണ്ട്.

വാണീം കാണഭുജീം അജീഗണദവാ
സാസീച്ച വൈയാസകിം
അന്തസ്തന്ത്രമരം സ്ത പന്നഗഗവീ
ഗുംഫേഷുചാ ജാഗരീൽ
വാചാം ചാചകലദ്രഹസ്യമഖിലം
യശ്ചാക്ഷപാദസ്ഫുരാം
ലോകേഭൂൽയദുപജ്ഞമേവ വിദുഷാം
സൌജന്യ ജന്യം യശഃ

ഇതനുസരിച്ച് കണാദന്റെ വൈശേഷികം, (Atomic Theory) വ്യാസന്റെ മഹാഭാരതം, പുരാണങ്ങൾ, ബ്രഹ്മസൂത്രം, മുതലായവ മല്ലിനാഥൻ നല്ലപോലെ പഠിച്ചിരുന്നു എന്നു വ്യക്തമാകുന്നുണ്ടല്ലോ. തന്ത്രം എന്നു പറഞ്ഞിരിക്കുന്നതു മീമാംസ ഉദ്ദേശിച്ചുതന്നെ ആയിരിക്കണം. കുമാരിലഭട്ടന്റെ തന്ത്രവാർത്തികത്തിനു് വ്യാഖ്യാനമെഴുതീട്ടുണ്ടല്ലൊ. 'പന്നഗഗവീഗുംഫേഷു' എന്നതിനു പതഞ്ജലിസൂത്രങ്ങൾ എന്നാർത്ഥമാക്കണമല്ലോ. ശേഷന്റെ അവതാരമായി പതഞ്ജലിയെ ഗണിച്ചുവരുന്നു. മഹാഭാഷ്യം കൂടാതെ യോഗസൂത്രങ്ങളും ചരകസംഹിതയും അദ്ദേഹത്തിന്റെ കൃതികൾ തന്നെ ആകുന്നു. അക്ഷപാദൻ ഗൌതമൻ തന്നെ. 'ന്യായദർശനം' തന്നെയാണു് ഇവിടെ വിവക്ഷിച്ചിരിക്കുന്നതു്.

ഇതോടുകൂടി അന്വയിക്കേണ്ട അടുത്ത പദ്യവും കൂടി ചുവടേ ചേർക്കുന്നു.

"മല്ലിനാഥഃ കവിഃ സോയം
മന്ദാത്മാനുജിഘൃക്ഷയാ
തൽകിരാതാർജ്ജുനീയാഖ്യം
കാവ്യം വ്യാഖ്യാതു മിച്ഛതി."

കിരാതാർജ്ജുനീയ കാവ്യ പ്രശംസയാണു് അടുത്ത പദ്യം.

കിരാതാർജ്ജുനീയം കാവ്യത്തെപ്പററി മല്ലിനാഥനുള്ള അഭിപ്രായം ഈ പദ്യത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

"നാളികേരഫലസമ്മിതം വചോ
ഭാരവേഃ സപദി തദ്വിഭജ്യതേ
സ്വാദയന്തു രസഗർഭനിർഭരം
സാരമസ്യ രസികാ യഥേപ്സിതം."

നാളികേരഫലതുല്യമായ ഭാരവിയുടെ കാവ്യം ഇതാ അപഗ്രഥിക്കുവാൻ പോകുന്നു. രസികന്മാർ രസം ആസ്വദിച്ചുകൊള്ളട്ടെ എന്നു സാരം.

അടുത്തു വ്യാഖ്യാനോദ്ദേശ്യം വെളിവാക്കുന്നു.

നനാ നിബന്ധ വിഷമൈക
പദിനിതാന്ത
സാശങ്ക സംക്രമണ ഖിന്നധിയാ
മശങ്കം
കർത്തും പ്രവേശമിഹ ഭാരവി
കാവ്യബന്ധേ
'ഘണ്ടാപഥം' കമപി നൂതന
മാതനിഷ്യേ.

പല വ്യാഖ്യാനങ്ങളും ഉണ്ടെങ്കിലും 'ഘണ്ടാപഥം' പോലെ അത്ര സുഗമമായി ഒന്നുമില്ലെന്നാണല്ലൊ ഇതിൽ നിന്നും മനസ്സിലാക്കേണ്ടതു്. പൂർവാൎദ്ധത്തിലെ ടീകാകാരന്മാരെപ്പററിയുള്ള ആക്ഷേപം ഭോജൻെറ ഈ ശ്ലോകം അനുസ്മരിപ്പിക്കുന്നു.

"ദുർബോധം യദതീവ തദ് വിജഹതി
സ്പഷ്ടാൎത്ഥ മിത്യുക്തിഭിഃ
സ്പഷ്ടാൎത്ഥേഷ്വതിവിസ്തൃതിം വിദധതി
വ്യൎത്ഥൈഃ സമാസാദിഭിഃ
അസ്ഥാനേനുപയോഗിഭിശ്ച ബഹുഭി
ൎജ്ജല്പൈർഭ്രമം തന്വതേ
ശ്രോതൄണാ മിതിവസ്തുവിപ്ലവകൃതഃ
സൎവ്വേപി ടീകാ കൃതഃ"

'നാനാനിബന്ധ' ഇത്യാദി പദ്യത്തിൽ ആശാധരഭട്ടൻ ഈ ശ്ലോകം തന്നെ അന്യഥാ വ്യാഖ്യാനിച്ചിട്ടുള്ളവരെ അല്പമൊന്നു അപഹസിക്കുന്നുണ്ടു്. 'നാനാനിബന്ധ' എന്നുള്ളതു് രഘുവംശാദി വ്യാഖ്യാനങ്ങളെ സൂചിപ്പിക്കുന്നു എന്നാണ മററു ചിലർ പറയുന്നതു്. അങ്ങനെയല്ല. കിരാതാൎജ്ജുനീയ വ്യാഖ്യാനങ്ങൾ തന്നെയാണ് ഇവിടെ വിവക്ഷ. പ്രസ്തുത വ്യാഖ്യാനങ്ങൾ വായനക്കാരെ 'കാട്ടുകയററു'ന്നവയാകയാൽ അവക്കു സുഗമമായിത്തീരാനാണ് 'ഘണ്ടാപഥം' എഴുതുന്നതെന്നാണ് മല്ലിനാഥൻെറ അഭിപ്രായം. അല്ലാതെ മററുള്ളവർ പറയുംപോലെ "കാകസ്യ കാൎഷ്ണ്യാദ് ധവളഃ പ്രാസാദഃ" എന്ന ന്യായം അനുസരിച്ചല്ല.

ഈ ന്യായം 'സുഭാഷിതാവലി'യിൽ ഉദാഹരിച്ചിട്ടുണ്ടല്ലൊ. അതിങ്ങനെയാണ്.

യഃ സ്യാൽ കേവല ലക്ഷ്യലക്ഷണരതോ
നോതൎക്ക സമ്പൎക്കഭൂ
ൎന്നാലംകാര വിചാര ചാതുരധിഷണഃ
കാവ്യജ്ഞശിക്ഷോജ്ഝിതഃ
തസ്മാച്ചേദ്രസശാലി കാവ്യമുദയേ
ദേകാന്തതഃ സുന്ദരം
പ്രാസാദോ ധവള സ്തദാ ക്ഷിതിപതേഃ
കാകസ്യ കാർഷ്ണ്യാദ് ഭവേൽ."

തൎക്കാലങ്കാരവ്യാകരണാദികളിൽ നിഷ്ണാതനല്ലാത്ത ഒരുവൻ രസാത്മകമായ കാവ്യം ചമയ്ക്കുന്നതെങ്ങനെ? കാക്ക ഇരിക്കുന്നതുകൊണ്ടു് രാജഹർമ്മ്യം ധവളമായിത്തീരുമോ? എന്നു സാരം.

ഈ പദ്യത്തോടുകൂടി ഘണ്ടാപഥ പീഠിക അവസാനിക്കുന്നു.

"ഇഹാന്വയ മുഖേനൈവ
സൎവ്വം വ്യാഖ്യായതേ മയാ
നാമൂലം ലിഖ്യതേ കിഞ്ചി
ന്നാനപേക്ഷിതമുച്യതേ."

ആ കാവ്യത്തിന്നു ഇത്ര സരസവും സംക്ഷിപ്തവും ആയ ഒരു വ്യാഖ്യാനമില്ലായിരുന്നു എങ്കിൽ അതു പഠിച്ചു പരീക്ഷയിൽ ജയിക്കാൻ എനിക്കു സാധിക്കുമായിരുന്നോ എന്നു സംശയമാണ്.

# സ്മരണമണ്ഡലം*

(സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.)

**കൊ**ല്ലവർഷം ൲൫൰൩ാമാണ്ട് മീനമാസം ഒൻപതാംതീയതി അമ്പലപ്പുഴെ കൃഷ്ണസ്വാമിക്ഷേത്രത്തിന് കുറെ കിഴക്കുമാറി കടമ്മാട്ടുവീട്ടിൽ പ്രഭാതവേള നൂതനമായ ഒരു ശിശുവിൻെറ ഉൽപത്തിയെ ഉദയസൂൎയ്യന് പ്രത്യക്ഷീകരിച്ചു. തലേദിവസം ദേശാധിദേവതയായ പാൎത്ഥസാരഥിയുടെ ക്ഷേത്രത്തിൽ കൊടിയേററായിരുന്നു. ലഗ്നത്തിൽ ആദിത്യനും ബുധനും ശനിയും മൂന്നാമെടത്ത് കുജനും മാന്ദിയും അഞ്ചാമെടത്ത് കേതുവും എട്ടാമെടത്ത് ചന്ദ്രനും പതിനൊന്നാമെടത്ത് വ്യാഴവും രാഹുവും പന്ത്രണ്ടാമെടത്ത് ശുക്രനും ആയിരുന്നു ജനനകാലത്തെ ഗ്രഹനില. നക്ഷത്രം യാതപ്രായമായിരുന്ന ചിത്തിരയായിരുന്നതുകൊണ്ട് സ്വാതിയുടെ കൈയ്യേററവും അതിൎത്തിത്തൎക്കവും ഉണ്ടായിരുന്നതായി ചില ജ്യൌതിഷികന്മാർ ഗണിക്കാറുണ്ട്. മുൻപറഞ്ഞ ഗ്രഹനിലയെ അനായാസമായി ഓൎമ്മിക്കുന്നതിന് ഞാൻതന്നെ പദ്യമായിട്ടു കുറിച്ചിട്ടുള്ളതു് വായനക്കാൎക്കു കൌതുകകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ലക്ഷ്മീനമ്യസമാസു മീനനവമശ്രീ
വാസരേ ലഗ്നഗേ
ഭാസ്വൻമന്ദബുധത്രയേ കുജയുതേ
മാന്ദൌ തൃതീയം ഗതേ
കേതൌ പഞ്ചമമഷ്ടമഞ്ച ശശിനി
വ്യാളേനലാഭം ഗുരൌ
കാവ്യേ ദ്വാദശമാശ്രിതേ ച സമഭൂ
നാരായണശ്ചിത്രയാ.

ഈ ശ്ലോകത്തിൽ 'ലക്ഷ്മീനമ്യ' എന്നുള്ളതു് ക, ഒന്ന്, ഖ രണ്ട്, ഇത്യാദി അക്ഷരസംഖ്യ അനുസരിച്ച് ൲൫൰൩ാമാണ്ടിനെ കുറിക്കുന്നതും 'ലക്ഷ്മി' എന്നുള്ളതു് മാതാവിൻെറ നാമധേയവും ആകുന്നു. ഇങ്ങനെയാണ് എൻെറ ജാതകം. 'കേസരിയോഗം' 'നീചഭംഗരാജയോഗം' 'പരിവൎത്തനയോഗം' ഇങ്ങനെ ചില യോഗങ്ങൾ ജാതകവശാൽ ഉണ്ടെങ്കിലും ശസ്ത്രക്രിയയ്ക്കു വിധേയനാകത്തക്കവിധം അടുത്ത കാലത്തു് ശരീരാസ്വാസ്ഥ്യം നേരിട്ടപ്പോൾ രോഗവും യോഗവും തമ്മിലും ശാസ്ത്രവും ശസ്ത്രവും തമ്മിലും വല്ലാത്ത വിഘടന സംഭവിക്കുമോ എന്നു സംശയിക്കാതിരുന്നില്ല. യമധൎമ്മൻെറ ധൎമ്മബുദ്ധിയും ആയുസ്സിൻെറ ബലവുംകൊണ്ടു് ഒവ്വാമത്തെ വയസ്സു കഴിഞ്ഞു് ജീവിതം ഒന്നുകൂടി നീട്ടിക്കിട്ടിയതു് ഇപ്പോൾ അനുഭവിച്ചു വരുകയാണ്.

ഞാൻ അമ്മയുടെ സീമന്തപുത്രനാണ്. സഹോദരസ്ഥാനത്തു് രണ്ടുപുരുഷന്മാരും മൂന്നു സ്ത്രീകളും ഇപ്പോൾ ഉണ്ടു്. ഞങ്ങളുടെ അച്ഛൻ ആലപ്പുഴപ്പറവൂർ പ്രസിദ്ധധനികകുടുംബമായ പൊഴിച്ചേരിമഠത്തിൽ ദാമോദരൻ പ്ലാപ്പള്ളിയാകുന്നു. അച്ഛന് ആദ്യജോലി തെക്കേടത്തു് മനയ്ക്കൽ കാൎയ്യഭരണവും പിന്നീടു് ചൊവ്വൂർ മനയ്ക്കൽ ജഡ്ജിനമ്പൂരിപ്പാട്ടിലെ കാൎയ്യസ്ഥതയും ഒടുവിൽ ആയില്യംതിരുനാൾ തിരുമനസ്സിലെക്കാലത്തു് തിരുവനന്തപുരത്തു് വല്യകൊട്ടാരത്തിൽ രായസവും ആ

* Copyright reserved.

യിരുന്നു. ആയില്യം തിരുനാൾ തിരുമനസ്സിലെ ദൃഢമായ കാരുണ്യത്തിന്നും വിശ്വാസത്തിന്നും അച്ഛൻ പാത്രീഭവിച്ചിരുന്നു. അതിന്റെ ഫലമായി വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു സിംഹാസനസ്ഥനാകയും രായസസ്ഥാനത്തുനിന്ന് അച്ഛൻ സ്ഥാനഭ്രഷ്ടനാകയും ഒരുമിച്ചു കഴിഞ്ഞു. ചുരുക്കം പറഞ്ഞാൽ വിശാഖം തിരുനാൾ തിരുമനസ്സിലെ കാലത്ത് തിരുവനന്തപുരം ബാലികേറാമല പോലെ അച്ഛനു വർജ്ജനീയമായിരുന്നു. അച്ഛന്റെ പേരിൽ ഉണ്ടായിരുന്ന കഠിനമായ അപരാധം ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ട് ആലസ്യമായിക്കിടന്നിരുന്നപ്പോൾ തിരുമനസ്സിലെ അഭിപ്രായമനുസരിച്ച് പാഴൂർ കണിയാന്റെ വാസസ്ഥലത്തുചെന്ന് രോഗനിവൃത്തിയെ സംബന്ധിച്ച് ഗൂഢമായി പ്രശ്നം വയ്ക്കുവാൻ പോയി എന്നുള്ളതാണ്. മീനച്ചൽ തഹശീൽദാർക്കും മൂവാററുപുഴ തഹശീൽദാർക്കും രഹസ്യമായി എഴുത്തുംകൊണ്ടു പുറപ്പെട്ട ദൂതനു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നു കൊട്ടാരം സർവ്വാധികാര്യക്കാർ ഏർപ്പാടുകൾ ചെയ്ത് അയക്കുകയാണ് ഉണ്ടായത്. അക്കാലത്ത് കൊച്ചുരാമൻ (എന്നാണു പേരെന്നു തോന്നുന്നു) എന്നു പ്രസിദ്ധനായ ഗണകൻ പാഴൂർ ഗണകന്മാരുടെ വംശപ്രസിദ്ധി അത്യുച്ചദശയെ പ്രാപിപ്പിച്ച് പരിലസിച്ചിരുന്നു. പ്രശ്നത്തിന്നു ഇന്ന സംഗതിയെന്നും അതിന്റെ സാദ്ധ്യാസാദ്ധ്യങ്ങൾ എങ്ങനെയെന്നും ഒന്നും പറയാതെ ആണ് പ്രശ്നം ആരംഭിച്ചത്. പടിപ്പുര പ്രശ്നമാണ് പാഴൂർ പ്രധാനമായി വച്ചിരിക്കുന്നത്. ഇന്നകാര്യം പ്രമാണിച്ചാണ് വന്നത് എന്ന് ഗണകൻ തന്നെ പറയണമെന്ന് അച്ഛൻ സിദ്ധാന്തിച്ചു. അവിടെയുള്ള പ്രതിഷ്ഠയിൽ ദത്തദൃഷ്ടിയായിരുന്ന ഗണകൻ ഒടുവിൽ എഴുന്നേററു മണിയടിക്കയും തൊഴുകയും എല്ലാം കഴിഞ്ഞ് ചിന്താമഗ്നനായി ഇരുന്നശേഷം ഒരു രോഗം സംബന്ധിച്ച പ്രശ്നത്തിനാണ് വന്നത് എന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ആരുടെ രോഗമാണ് എന്നു ചോദിച്ചതിന് മററാരുടേയും അല്ല, നാടു വാഴുന്ന തമ്പുരാന്റെ തന്നെയാണ് എന്ന് ആ മഹാജ്യൌതിഷകൻ ഉത്തരം പറഞ്ഞു. തിരുമനസ്സിലേക്കു ആലസ്യമാണെങ്കിൽ രോഗത്തിൽ നിന്നും നിവർത്തനമുണ്ടാകുമോ ഇല്ലയോ എന്നു ചോദ്യം തുടർന്നു. നിവർത്തനമുണ്ടാകയില്ലെന്ന് ആയിരുന്നു മറുപടി. അച്ഛൻ ഈ ദൂത് നിർവ്വഹിച്ച് ആലപ്പുഴയെത്തിയപ്പോൾ തിരുമനസ്സുകൊണ്ട് നാടു നീങ്ങിയതുകൊണ്ട് നാട്ടുവാലായ്മ ആചരിക്കുന്നതിന്നു വേണ്ട രാജശാസന പുറപ്പെട്ടുകഴിഞ്ഞു. കണ്ണീർപ്പുഴ ഒഴുക്കിക്കൊണ്ട് അച്ഛൻ ആലപ്പുഴെ തന്നെ താമസം ഉറപ്പിച്ചു. പിന്നീടു മൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് രാജ്യഭാരം ഏററു കുറെ കഴിഞ്ഞതിന്നുശേഷമാണ് അച്ഛൻ നിരുവനന്തപുരത്തു വരികയും മുഖം കാണിക്കയും ചെയ്തത്. തിരുവനന്തപുരം വിട്ടു പോയിട്ടു നാൾ വളരെയായിരുന്നു എങ്കിലും ഒരു ചെറിയ പെൻഷൻ തിരുമനസ്സുകൊണ്ട് ദയവായി അനുവദിച്ചുകൊടുത്തു. പിന്നീട് അച്ഛന്റെ വ്യവസായം മിക്കവാറും കൃഷിത്തൊഴിൽ ആയിരുന്നു. അച്ഛന്റെ ഭവനം കള്ളർകോട്ട് പറവൂർ പൊഴിച്ചേരിമഠം ആയിരുന്നു.

മൂലം തിരുനാൾ തിരുമനസ്സിലെ മുഖം കാണിക്കാൻ അച്ഛൻ തിരുവനന്തപുരത്തു വന്നപ്പോൾ അന്നു് ബാല്യമായിരുന്ന ഞാൻ കൂടി അച്ഛന്റെ കൂടെ ഉണ്ടായിരുന്നു. അന്നു് അച്ഛന്റെ പരിചയക്കാരിൽ ഞങ്ങൾ പോയിക്കണ്ടവരുടെ കൂട്ടത്തിൽ ഗോവിന്ദപ്പിള്ള സൎവ്വാധികാര്യക്കാരും കൂടിയുണ്ടായിരുന്നു. അദ്ദേഹം ജോലിയിൽ നിന്നു പിരിഞ്ഞു് ഒരു മേശപ്പുറം നിറയെ പുസ്തകങ്ങൾ ചിതറിക്കൊണ്ടു് എന്തോ ഗ്രന്ഥനിൎമ്മാണജോലിയിൽ പക്ഷേ ഭാഷാചരിത്രം ആയിരിക്കാം ഏൎപ്പെട്ടിരുന്നതു് കണ്ടിട്ടുള്ളതായി ഓൎക്കുന്നു.

എന്റെ ജനനം കടമ്മാട്ടുവീട്ടിൽ ആയിരുന്നു എങ്കിലും എട്ടുപത്തു വയസ്സാകുന്നതുവരെ പ്രധാനമായി താമസിച്ചിരുന്നതു് പറവൂർ മുറിയിൽ മുരിങ്ങനാട്ടു് എന്ന അച്ഛന്റെ വക ഒരു സ്ഥലത്തായിരുന്നു. എങ്കിലും കടമ്മാട്ടു വീട്ടിൽ മാതാമഹിയുടെ വാത്സല്യം കൊണ്ടു് ചിലപ്പോൾ താമസിക്കാൻ ഇടവന്നിട്ടുണ്ടു്. അങ്ങനെ താമസിച്ചിരുന്ന ഒരവസരത്തിലാണു് ൯൯ ലെ പ്രസിദ്ധമായ വെള്ളപ്പൊക്കം ഉണ്ടായതു്. ഗ്രാമവൃദ്ധന്മാർ ആ വെള്ളപ്പൊക്കത്തിനെ ചെമ്പൻ വെള്ളം എന്നാണു് വിളിച്ചു വരുന്നതു്. മലവെള്ളത്തിന്റെ താമ്രവൎണ്ണത്തെ പുരസ്കരിച്ചായിരിക്കണം ആ പേർ ഉണ്ടായതു്. ആ വെള്ളപ്പൊക്കത്തിൽ ഞാനും മററു കുടുംബാംഗങ്ങളും നശിച്ചുപോകാതിരുന്നതു് ഈശ്വരകാരുണ്യം എന്നേ പറവാനുള്ളു. കടമ്മാട്ടു് എന്നു പറഞ്ഞതു് ഒരു ചെറിയ വീടാണു്. അത്താഴവും കഴിഞ്ഞു് ആ വീട്ടിന്റെ പൂമുഖത്തു് ഒരു ഭൃത്യൻ നാലു വയസ്സു പ്രായമുള്ള എന്നെ സൂക്ഷിച്ചുകൊണ്ടു് കിടന്നിരുന്നു. അപ്പോൾ വീട്ടുമുററത്തു വെള്ളമാകട്ടെ വള്ളമാകട്ടെ ഉണ്ടായിരുന്നില്ല. പ്രഭാതമായി ഉണൎന്നുനോക്കിയപ്പോൾ വരുണലോകം മൂടിപൊട്ടി ആ പ്രദേശത്തൊക്കയും വ്യാപിച്ചതു പോലെയും തോന്നാതിരുന്നില്ല. പ്രളയത്തിന്റെ വിലാസം പ്രകൃതിതന്നെ അഭിനയിച്ചതു പോലെയും തോന്നാതിരുന്നില്ല. ഒരു വിരല്ക്കിട വെള്ളം കൂടി പൊങ്ങിയിരുന്നു എങ്കിൽ കടമ്മാട്ടുവീടു് വരുണന്റെ ആക്രമണത്തെ തടുക്കുന്നതിനു് അശക്തമായിത്തീരുന്നതിനും ഇടയാകുമായിരുന്നു. അവിടത്തെ മുററത്തു് ഒന്നുരണ്ടു വലിയ വള്ളങ്ങൾ എങ്ങനെയോ വളരെ ക്ലേശിച്ചു് അമ്മാവൻ കേശവപിള്ള കൊണ്ടുവന്നിരുന്നതു് പുരയുടെ തൂണിൽ കെട്ടിയിരുന്നു. ഈ ജംഗമങ്ങളായ ഭവനങ്ങളാണു് ഞങ്ങളുടെ രക്ഷക്കായി കരുതിയിരുന്നതു്.

അച്ഛനും അമ്മയും താമസിച്ചിരുന്ന മുരിങ്ങനാട്ടുവീടു് കടമ്മാട്ടുവീട്ടിൽനിന്നു് ഉദ്ദേശം ആറേഴുനാഴിക അന്നത്തെ നിലയ്ക്കു് ദൂരെയായിരുന്നു. വെള്ളപ്പൊക്കത്തിന്റെ ഭയങ്കരത്വം മാതാപിതാക്കൾ വേണ്ടപോലെ ഗ്രഹിച്ചു ഉടൻതന്നെ രണ്ടു ഭൃത്യന്മാരെ വള്ളവുംകൊടുത്തു് എന്നെ കടമ്മാട്ടുനിന്നു് ഉടൻതന്നെ മുരിങ്ങനാട്ടു് കൊണ്ടുചെല്ലാൻ നിയോഗിച്ചു. അവർ വന്നുചേൎന്ന ഉടൻതന്നെ എന്നെ വള്ളത്തിൽ കയററിക്കൊണ്ടു് പുറപ്പെട്ടു. പോകുന്ന വഴിയെല്ലാം ചെമ്പുതകിടുപോലെ താമ്രവൎണ്ണമായ ജലം പരന്നിരിക്കുന്നതല്ലാതെ ഒന്നും കാണ്മാനുണ്ടായിരുന്നില്ല. അമ്പലപ്പുഴെ ക്ഷേത്രത്തിന്റെ മാളികയിൽ മാത്തൂപ്പണിക്കരുടേയും വെള്ളൂർകുറുപ്പിന്റേയും പരസ്പരമല്ലയുദ്ധസന്നദ്ധമായ പ്രതിമകൾ ഉത്സവത്തിനു പ്രദൎശിപ്പിക്കാറുള്ളതു പോലെ രണ്ടു വിക്രമികളായ നക്രങ്ങൾ

മുരിങ്ങനാട്ടുവീട്ടിലെ തിണ്ണയിൽ കിടക്കുന്ന കാഴ്ചയാണ് അവിടെച്ചെന്നപ്പോൾ ഞങ്ങൾ കണ്ടതു്. കടമ്മാട്ടുവീട്ടിലേക്ക് വെള്ളം അയച്ചതിൽപിന്നെ വരുണദേവൻ കുറേക്കൂടി പ്രസാദിക്കയും തൻനിമിത്തം അച്ഛനമ്മമാരും അനുചരന്മാരും ഞങ്ങളുടെ കുരുമ്പിപ്പശുവും മററും സ്ഥലംമാറി താമസിക്കുന്നതിനു നിർബ്ബന്ധിതരാകയും, വഞ്ചിയിൽ സഞ്ചരിക്കുന്നവരോട് ചോദിച്ച് സ്ഥലമാററത്തിൻെറ വിവരം മനസ്സിലാക്കി അങ്ങോട്ടു പോകയും ചെയ്തു. ഇങ്ങനെയാണ് ൯൯ ാമാണ്ടു മുമ്പ് ഉണ്ടായിരുന്ന ചരിത്രപ്രസിദ്ധമായ വെള്ളപ്പൊക്കത്തിൻെറ സ്വരൂപം. മേൽപ്പത്തൂർ നാരായണഭട്ടതിരിയുടെ കാലത്തു് ഉണ്ടായതായി അദ്ദേഹം വർണ്ണിച്ചിട്ടുള്ള വെള്ളപ്പൊക്കം ഇവിടെ സ്മരണീയമാകുന്നു.

"നദീപുഷ്ടിരസഹ്യാനു
നഹ്യസാരം പയോജനി
നിജാൽ കുടിരാൽ സായാഹ്നേ
നഷ്ടാത്മാഃ പ്രയയുർജനാഃ"

എന്നാണ് വശ്യവാക്കായ അദ്ദേഹത്തിൻെറ വർണ്ണന. ഭവനങ്ങൾ ഇടിഞ്ഞുവീഴുകയും കന്നുകാലികളും മലയിൽനിന്നും മലമ്പാമ്പുകളും ആന കൂടിയും ചത്തൊഴുകുകയും ആറും തോടും നിലവും തിരിച്ചറിയാതാകയും ആഹാരസാധനങ്ങൾ സംഭരിച്ചുവയ്ക്കുന്നതു് നശിച്ചുപോകയും മററു കോലാഹലങ്ങളും കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിൻെറ ഭയങ്കരങ്ങളായ ലക്ഷണങ്ങളാകുന്നു. ഇങ്ങനെയുള്ള ഭൂപ്രദേശത്തെ അധിവസിക്കുന്ന ജനങ്ങൾക്ക് രക്ഷാമാർഗ്ഗങ്ങളായി പല സാഹായ്യങ്ങളും ഗവർമ്മേൻറു ചെയ്തുകൊടുക്കേണ്ടതിനെപ്പററി അപേക്ഷിക്കുമ്പോൾ നെററി ചുളിച്ച് നോക്കുന്ന ഭരണാധികാരികൾ വെള്ളപ്പൊക്കത്തിൻെറ പ്രചണ്ഡതാണ്ഡവത്തിൽ കുട്ടനാട്ടു താമസിക്കുവാൻ ഇടവരുന്നില്ലല്ലോ എന്നു് ആരുതന്നെ വ്യസനിക്കുകയില്ല! വഞ്ചിയിൽ കൂടി സഞ്ചരിക്കരുതേ, എന്നു ചോദിച്ചാൽ നിലങ്ങളുടെ അതൃത്തി തിരിക്കുന്ന വരമ്പുകൾ തോറും വെള്ളത്തിനടിയിൽ തപസ്സിനെന്നതുപോലെ സർവ്വേക്കല്ലുകൾ സ്ഥാപിതങ്ങളായിരുന്നതുകൊണ്ടു് വള്ളത്തിൻെറയും ബോട്ടിൻെറയും മൂട് തകന്നു പാകുമെന്നു ഭയന്നു് അതിനു മാർഗ്ഗമില്ലാതെയാണു് ഇരിക്കുന്നതു്. വള്ളക്കാരവും ടോളും കൊണ്ടുള്ള ശല്യവും ചില്ലറയല്ല. നിഷ്ഠൂരന്മാരായ ടോൾ ഗേററുകാരും വള്ളം പതിക്കാതെ അങ്ങോട്ടുമിങ്ങോട്ടും നീങ്ങാൻ സമ്മതിക്കാത്ത. ശുണ്ഠിപിടിക്കുന്ന ഇഞ്ചിനീരന്മാരും സാധുക്കളെ വലക്കുന്നതിൽ കണ്ണിൽ എണ്ണയൊഴിച്ചുകൊണ്ടിരിക്കുന്നവരാകുന്നു. അമ്മയ്ക്കു പ്രാണവേദനയാണെങ്കിലും ഭാര്യയ്ക്കു പ്രസവവേദനയാണെങ്കിലും കൂടി വല്ല ഔഷധസഹായവും തേടിപ്പിടിക്കാമെന്നു വച്ചാൽത്തന്നേയും ഈ കൂട്ടരുടെ നിരോധനത്തിന് ശൈഥില്യമുണ്ടാകാറില്ല. ഇങ്ങനെയെല്ലാമാണ് കുട്ടനാട്ടിലെ ദുർഘടങ്ങൾ.

അച്ഛൻ കൃഷിവ്യവസായത്തിൽ ഏർപ്പെട്ടിരുന്ന സംഗതി മുമ്പു പറഞ്ഞുവല്ലോ. നിരന്തരമായി കൃഷികൊണ്ടുള്ള ഭാഗ്യം അച്ഛൻ അനുഭവിച്ചിരുന്നില്ല. ഏതാനും സംവത്സരം അടുപ്പിച്ചടുപ്പിച്ച് കൃഷി ഗുണകരമായിരുന്നു എങ്കിലും പിന്നീട് അച്ഛന് കൃഷിയിൽ ഭാഗ്യഭംഗം അടിക്കടി നേരിട്ടുകൊണ്ടിരുന്നു. ലക്ഷ്മീഭഗവതിയുടെ ചപലത പ്രസിദ്ധമാണല്ലോ 'നീചൈർഗച്ഛത്യുപരിചദശാചക്ര

നേമിക്രമേണ" എന്ന കവിവചനം അച്ഛന്റെ കാര്യത്തിൽ പരിണാമദശയിൽ സത്യമായി ഭവിച്ചു.

അച്ഛൻ ഒരു കാലത്തും കുട്ടികളോട് കഠിനമായി പ്രവൎത്തിച്ചിരുന്നില്ല. ഞങ്ങളെ അച്ഛൻ പ്രഹരിച്ചിട്ടില്ല. അനുസരണമില്ലാതെ കുട്ടികൾ ശാസനീയന്മാരെന്നുവന്നാൽ അച്ഛന് കണ്ണിൽനിന്ന് ബാഷ്പോദയം ഉണ്ടാകുകയാണ് ശിക്ഷാവിധിയുടെ സ്വരൂപം.

എന്നെ എഴുത്തിന് ഇരുത്തിയതു് ആരാണെന്ന് എനിക്ക് നിശ്ചയമില്ല. മെട്രിക്കുലേഷൻ പരീക്ഷയിൽ ജയിച്ചതിന്റെ ശേഷം എഴുത്തിനിരുത്തിയതിനെപ്പററി രണ്ടുപേർതമ്മിൽ അവകാശത്തക്കമുണ്ടായതായി അറിയാം. ആ ഭാഗം നിൎണ്ണയിക്കേണ്ട കാര്യമില്ല. ഒരു പാഠശാലയിൽ ആദ്യമായി പഠിച്ചതു് ഇപ്പോൾ തിരുവിതാംകൂറിൽ കൃഷിവകുപ്പിന്റെ അദ്ധ്യക്ഷനായി ഇരിക്കുന്ന മിസ്റ്റർ പരമേശ്വരൻ പിള്ളയുടെ കുടുംബം വക ഭഗവതിക്കൽ ക്ഷേത്രപരിസരത്തിൽ ചാമിപ്പിള്ള ആശാൻ നടത്തിയിരുന്ന പാഠശാലയിലായിരുന്നു. ആ പാഠശാല ഏകാചാര്യാധിഷ്ഠിതമായിരുന്നു. വൈദുഷ്യത്തിന്റെ കഥ എങ്ങനെ ഇരുന്നാലും വാൎദ്ധക്യത്തിന്റെ മൂൎദ്ധന്യത ചാമിപ്പിള്ള ആശാനിൽ പരിലസിച്ചിരുന്നു. കുഴിപ്പെരുക്കം, താനപ്പെരുക്കം, തടിപ്പെരുക്കം മുതലായ അസാധാരണ ഗണനവിദ്യകളിൽ ആശാൻ വിദഗ്ദ്ധനായിരുന്നു. വാൎദ്ധക്യത്തിന്റെ തള്ളൽനിമിത്തം കൺപോളകൾ കീഴ്പ്പോട്ടു മടിഞ്ഞു കിടന്നിരുന്നതിനാൽ ജാംബവാനെപ്പോലെ പിടിച്ചു വിടുത്തേണ്ട ആവശ്യം അദ്ദേഹത്തിനുണ്ടായിരുന്നില്ലേ എന്നു സംശയിക്കേണ്ടിയിരുന്നു. ചൂരൽവടി ഇടയ്ക്കിടയ്ക്ക് പ്രയോഗിക്കാറുണ്ടായിരുന്നെങ്കിലും മാംസപേശികളുടെ ബലഹീനതകൊണ്ട് ആശാന്റെ പ്രയോഗങ്ങൾ അസഹനീയമായിരുന്നില്ല. ചൂരലിനേക്കാൾ കൎക്കശമായി ഫലിച്ചിരുന്നതു് കൈവിരലുകളുടെ നഖങ്ങൾക്കിടയിൽ വിദ്യാൎത്ഥി എന്ന ഭാഗ്യഹീനന്റെ ചെവി സമൎപ്പിച്ചിരുന്നതും നഖമുദ്ര ശ്രവണങ്ങളിൽ പതിഞ്ഞിരുന്നതും ആയിരുന്നു. പാക്കുവെട്ടിയുടെ മദ്ധ്യ അടയ്ക്കാ വച്ച് ഞെരിക്കുന്നതുപോലെ ഏതാണ്ടൊരനുഭവം ശിഷ്യന്റെ ശ്രോത്രം അനുഭവിച്ചിരുന്നു. ആശാൻ എഴുന്നേററുചെന്ന് വിദ്യാൎത്ഥിയെ ആക്രമിക്കാറുണ്ടായിരുന്നില്ല എന്നുള്ളതായിരുന്നു ഒരു രക്ഷ. നേരമറിച്ച് സ്ഥാവരാവസ്ഥയിൽ പ്രതിഷ്ഠിതനായിരുന്ന ആ ഗുരുഭൂതൻ ഇരുന്നിരുന്നിടത്തേയ്ക്കു വിദ്യാൎത്ഥി ചെവി ഹാജരാക്കി മുദ്ര അടപ്പിച്ച് കൊണ്ടു പോന്നുകൊള്ളണമെന്നുള്ളതായിരുന്നു വ്യവസ്ഥ. അതുകൂടാതെ കപ്പിയും കയറും ഉപയോഗിക്കുന്നതും ഒരു ശിക്ഷാവിധി ആയിരുന്നു. പാഠശാലയുടെ ഒരു ഭാഗത്തു് ഹോമകുണ്ഡം ജ്വലിപ്പിച്ച് നാരായം പഴുപ്പിച്ച് മുന മുകളിലേയ്ക്കു നിറുത്തിവന്നിരുന്നതും സാധാരണ കാഴ്ചയായിരുന്നു. ഹോമകുണ്ഡത്തിന്റെ മുകളിലായിട്ട് വിദ്യാൎത്ഥിയെ പാകപ്പെടുത്തുന്നതിനു കെട്ടിത്തൂക്കിവന്നിരുന്നു. പള്ളിക്കൂടത്തിൽ ശരിയായി ഹാജരാകാതെയുള്ള കുട്ടികൾ കാടുകളിലും വൃക്ഷങ്ങളുടെ മുകളിലും ഒളിച്ചിരിക്കയും അവരെ വേട്ടയാടുന്നതുപോലെ മററു കുട്ടികളും ആശാന്റെ പ്രതിനിധികളും കൂടിച്ചെന്നു പിടിച്ച് ഹാജരാക്കുകയും കപ്പിയിലിടുകയും ചെയ്തുവന്നിരുന്നു. ചാമിപ്പിള്ള ആശാന്റെ പീനൽക്കോടിന്റെ വ്യവസ്ഥകൾ ഇപ്രകാരമായിരുന്നു. (തുടരും)

# ദുർവാസാവിൻെറ ഭിക്ഷ.

(ഒരു ഏകാങ്കനാടകം)

വി. കൃഷ്ണൻതമ്പി ബി. ഏ.

[വനം—കുറെ മഹാബ്രാഹ്മണർ ഊണുകഴിഞ്ഞു പ്രവേശിക്കുന്നു.]

ഒന്നാമൻ—ഹാ! ഒന്നാന്തരം ഊണ്.

രണ്ടാമൻ—ഞാൻ ജനിച്ചതിൽ പിന്നെ ഇങ്ങനെ ഉണ്ടിട്ടില്ല.

മൂന്നാമൻ—ഇങ്ങനെ ഒരൂണിൻെറ വട്ടം.

നാലാമൻ—ഏടോ, താൻ വട്ടത്തെപ്പററി ഒന്നും പറയേണ്ട.

രണ്ടാമൻ—എന്തെടോ, തൻെറ കുമ്പ പൊട്ടാറായി. വട്ടം പോരാപോലും.

നാലാമൻ—ഏടോ മനുഷ്യനായാൽ ഉണ്ട ചോററിനു ഉചിതം വേണം. ദുര്യോധനമഹാരാജാവിൻെറ കൊട്ടാരത്തിൽ ഉണ്ട ഊണ് മറന്നുപോയോ? നാലുകൂട്ടം വറുത്തുപ്പേരി. നാലുകൂട്ടം പ്രഥമൻ...

ഒന്നാ—(നാലാമനോട്) അതൊക്കെ ശരി. ആ ദുര്യോധനൻെറ ഗർവ്വും ധാർഷ്ട്യവും ഓരോ ഉരുള ച്ചോറും അയാളുടെതാണെന്നു നമ്മെ മനസ്സിലാക്കുന്ന നോട്ടവും! ഫെയ്! തമ്മിൽ ഭേദം ഇതുതന്നെയാണ്. സംശയമില്ല.

രണ്ടാ—അല്ലെങ്കിൽ തന്നെ ഇതിനെന്താണു കുറവ്?

മൂന്നാ—ഏടോ, ഈ കാട്ടിൽ തനിക്കിത്രയും കിട്ടിയാൽ പോരേ?

നാലാ—ഞാൻ കാക്കയെക്കണ്ടു് അന്നമെന്നു പറഞ്ഞു കൊണ്ടാടാൻ പഠിച്ചിട്ടില്ല.

ഒന്നാ—നല്ല വെളുത്ത അന്നത്തെ കണ്ടാൽ കാക്കയാണെന്നു പറയാൻ പഠിച്ചിട്ടുണ്ടുതാനും.

രണ്ടാ—താൻ ദുര്യോധനനു സ്തുതിപാഠകനാകാൻ കൊള്ളാം.

നാലാ—ഏടോ, തനിക്കു പാണ്ഡവരെപ്പോലെ കാട്ടിൽ കിടന്നാൽ പോരാ. കുടുംബവും മററും നാട്ടിലാണെന്ന് ഓർമ്മിക്കണം. ദുര്യോധനമഹാരാജാവ് —

മൂന്നാ—എന്താ ഉമ്മാക്കിയോ മററാ ആണോ? മൂക്കു കടിച്ചുകളയുമോ?

ഒന്നാ—ആകട്ടെ ചങ്ങാതികളേ, ഈ വിഡ്ഢിയെ കൂട്ടാക്കേണ്ട. നമ്മുടെ കുമ്പ താഴുംമുമ്പ നമുക്ക് അന്നദാനം ചെയ്തവക്കു മംഗളമാശംസിക്കാം. എല്ലാവരും ചേൎന്നുപറയണം. ഏടോ താൻ ചേൎന്നു പറഞ്ഞില്ലെങ്കിൽ തന്നെ ഞങ്ങൾ കൂട്ടുകയില്ല. തനിയേ നടന്നുചെന്നു വല്ല കടുവായുടേയും വായിൽ ചാടിക്കൊള്ളു. (എല്ലാവരും ചേൎന്ന്) ധർമ്മപുത്രമഹാരാജാവു വിജയിക്കട്ടെ!

നാലാ—വിജയിക്കട്ടെ. എന്നാൽ ഈ കാട്ടിൻെറ നടുവിൽ ഒരു സത്രം കാവൽക്കാരനായി വിജയിച്ചോട്ടെ.

ഒന്നാ—പാഞ്ചാലരാജപുത്രി ദ്രൗപദി വിജയിക്കട്ടെ.

നാലാ—അതെ ചോററുപാത്രവും സൂക്ഷിച്ചുകൊണ്ടു് ഇവിടെത്തന്നെ വിജയിച്ചോട്ടെ. ഏടോ നിങ്ങളിതിനു

മറുപടി പറയുവിൻ. ഈ പാത്രവും കയ്യിൽ വച്ചുകൊണ്ടല്ലേ നമ്മളെ ഈ പട്ടിണിച്ചോറൂട്ടുന്നതു്.

ഒന്നാ— മിണ്ടാതിരിക്കെടോ. ആര്യ്യഭീമസേനൻ വിജയിക്കട്ടെ.

നാലാ—ഓഹോ, കാട്ടിലെങ്ങും തെണ്ടിനടന്നു് അയാളുടെ അട്ടഹാസംകൊണ്ടു് ദുഷ്ടമൃഗങ്ങളെയൊക്കെ ദൂരെപ്പായിച്ചുകൊണ്ടു് അയാളും വിജയിക്കട്ടെ. (ദൂരെ നോക്കീട്ടു്) എടോ, അതാ മഹാബ്രാഹ്മണരൊക്കെ ആ മരച്ചോട്ടിൽ കൂട്ടം കൂടുന്നു. താംബൂലം കൊടുക്കുന്നതു് അവിടെവച്ചായിരിക്കും. നമ്മളും അങ്ങോട്ടു ചെല്ലുക.

ഒന്നാ—അതു താൻ പറഞ്ഞതു ശരി തന്നെ. വരുവിൻ പോകാം. (എല്ലാവരും മറയുന്നു)

[പാഞ്ചാലിയും ധർമ്മപുത്രരും പ്രവേശിക്കുന്നു]

പാഞ്ചാലി—കേട്ടില്ലേ ഇവരുടെ സംഭാഷണം. നാലുഃപക്ഷം ഒരുപോലെ സമ്മതമാകുന്ന ഒരു നന്മ ലോകത്തിലുണ്ടാകയില്ല.

ധർമ്മ—മഹാബ്രാഹ്മണരുടെ അരുളപ്പാടു നമുക്കു ചിന്തയ്ക്കു വിഷയമല്ല. അവർ എന്തും പറഞ്ഞുകൊള്ളട്ടെ.

പാഞ്ചാ— ഈ പോയതിൽ ഒരുവൻ കൌരവന്മാരുടെ ചാരനാണു്, സംശയമില്ല. ഈ കാട്ടിലും നമ്മുടെ ക്രൂരർ നമ്മെ വെറുതെ പാർക്കാൻ അനുവദിച്ചിട്ടില്ല. നമ്മെപ്പററി വേണ്ട അന്വേഷണം നടത്തുന്നുണ്ടു്.

ധർമ്മ— ദേവി, ഒരു മഹാബ്രാഹ്മണനെ ചാരനാണെന്നും കൌരവന്മാരെ അത്രത്തോളം ദുഷ്ടരാണെന്നും വൃഥാ ശങ്കിക്കുന്നതിനെന്താണു കാരണം?

പഞ്ചാ— ആര്യ്യപുത്ര, ഈയുള്ളവളുടെ ദൌഷ്ട്യംതന്നെ.

ധർമ്മ—ദേവിക്കു ദൌഷ്ട്യമോ! സകല തിന്മകളും ദേവിയുടെ സന്നിധിയിൽ നീങ്ങി നിശ്ശേഷം നശിച്ചു പോകും. ദേവിയിൽ തിന്മ ആരു ശങ്കിയ്ക്കും? ദൈവഹതകന്മാരായ ഞങ്ങൾ നിമിത്തം വന്നിട്ടുള്ള ഈ വനസഞ്ചരണക്ലേശവും മററും ധീരയായ ദേവിയെപ്പോലും വല്ലാതെ പീഡിപ്പിക്കുന്നുണ്ടു് — ഇല്ലേ!

പാഞ്ചാ—ആര്യ്യപുത്ര, കാട്ടിലും നാട്ടിലെപ്പോലെ ആര്യ്യപുത്രനും സോദരരും രാജധർമ്മം അനുഷ്ഠിച്ചുപോരുന്നു. ഖലഭീതി നിശ്ശേഷം നശിച്ചു. കൃതജ്ഞതാനമിതരായ വനസ്പതികൾ നിരന്തരമായി പുഷ്പവൃഷ്ടി ചൊരിയുന്ന ഈ മധുഗന്ധികളായ വനങ്ങളിലെ താമസം എനിക്കു മഹോത്സവമാണു്. പച്ചപ്പുല്ലുന്മീതേ വിവിധവർണ്ണസാന്ദ്രമസൃണമായ മലർനടമാററു വിരിച്ച ഈ പ്രദേശങ്ങളിൽക്കൂടി സഞ്ചാരം ജൈത്രയാത്രയാണു്. എന്നാൽ ഒരൊററ ചിന്തയേ എനിയ്ക്കുള്ളു. അധാർമ്മികരായ കൌരവരുടെ ഉത്സാദനം നിറവേററേണ്ടതായിട്ടല്ലേ ഇനിയും ഇരിക്കുന്നതു്.

ധർമ്മ— ദേവി, അതാ മഹാബ്രാഹ്മണർ ഊണുകഴിഞ്ഞു് ആ ആലിൻതണലിൽ കൂടിയിരിക്കുന്നു. അവർക്കു് താംബൂലവിതരണം ചെയ്യാൻ നമുക്കങ്ങോട്ടു ചെല്ലാം.

പാഞ്ചാ—കഷ്ടം, നമ്മുടെ ദുരന്തം പോലെ അനന്തമത്രേ ആര്യ്യപുത്രൻെറ ശാന്തഗുണം.

(അവർ മറയുന്നു)

(ദുർവ്വാസാവുമഹർഷിയും രണ്ടുശിഷ്യന്മാരും പ്രവേശിക്കുന്നു.)

ദുർവ്വാസാവ്— സോമദത്ത, ശാകശീർഷ, സമയം ഇപ്പോൾ എന്തായിരിക്കും.

സോമ— മദ്ധ്യാഹ്നം കഴിഞ്ഞിരിക്കും.

ശാക— അതെ, ഇനി ആചാര്യൻ പാണ്ഡവന്മാരുടെ വസതിയിലേക്കു ചെല്ലാത്തതു നന്നല്ല.

ദുർവ്വാ— ശാകശീർഷ, കരുതിക്കൂട്ടിത്തന്നെയാണ് അപരാഹ്നത്തിൽ ഇവിടെ എത്തുവാൻ നാം നിശ്ചയിച്ചതു്. നമ്മുടെ ഗൂഢങ്ങളായ ഇംഗിതഗതികൾ വെറും വേദാഭ്യാസജഡനായ നീ എന്തറിയുന്നു?

(ഹ ഹ ഹാ എന്നു ചിരിക്കുന്നു)

ശാക – മഹാബ്രാഹ്മണർ ഊണുകഴിഞ്ഞു ധർമ്മപുത്രരെ വാഴ്ത്തിക്കൊണ്ടുപോകുന്നതു് നാം കണ്ടു. ഇനി നാം അവിടെച്ചെന്നാൽ ഗൃഹസ്ഥനായ ധർമ്മപുത്രരെ നാം ധർമ്മസങ്കടത്തിലാക്കുകയല്ലേ ചെയ്യുന്നതു്. അതു ധർമ്മമാണോ?

ദുർവ്വാ— എടോ ശാകശീർഷാ, നമ്മുടെ പ്രവൃത്തികളിലും നിനക്കു ധർമ്മാധർമ്മചിന്തയോ?

സോമ— (അപവാര്യ) എടോ തൻെറ ധിക്കാരംപിടിച്ച നാക്കിനെ ഒന്നമർത്തു—ആചാര്യനു കോപം ജ്വലിക്കുന്നു.

ശാക—(അപവാര്യ) എടോ തൻെറ പാട്ടിനു മിണ്ടാതിരിക്കു. ആചാര്യൻ ദുർവ്വാസാവാണെങ്കിൽ ഞാൻ ദുർവ്വാസശിഷ്യനാണ്. അദ്ദേഹം കോപിച്ചാൽ ഞാനും കോപിക്കും. അദ്ദേഹം ശപിച്ചാൽ ഞാനും ശപിക്കും.

സോമ—[ആയാളുടെ വാപൊത്തിക്കൊണ്ടു്—അപവാര്യ] വേണ്ട, താൻ മിണ്ടാതിരിക്കു. എന്നിട്ടു് അല്പംമാറിനിന്നുകൊള്ളു; തൻെറതലയിൽ വീഴുന്ന ഇടിത്തീ അവിടെത്തന്നെ കത്തിയെരിഞ്ഞോട്ടെ. ഈയുള്ളവരിലേക്കു പായേണ്ട.

(മാറിനിൽക്കുന്നു).

ദുർവ്വാ—എടോ ശാകശീർഷ, താൻ ജിജ്ഞാസുവാകകൊണ്ടു് ഞാൻ പറയാം. ദുർമ്മദം മുഴുത്ത പാണ്ഡവരെ ഇന്നു ഞാൻ ഒരു പാഠം പഠിപ്പിക്കുവാൻ പോകയാണ്.

ശാക—ആചാര്യ, പാണ്ഡവർ ദുർമ്മദം മുഴുത്തവരാകുന്നതെങ്ങിനെ? കൌരവരെപ്പററിയാണുലോകർ അപ്രകാരം പറയുന്നതു്.

ദുർവ്വാ—ലോകം നമുക്കു പ്രമാണമല്ല.

ശാക—ആചാര്യൻ തന്നെ ഒരിക്കൽ ഏതാണ്ടു് ആ രീതിയിൽ അരുളിച്ചെയ്തിട്ടുണ്ടു്.

ദുർവ്വാ—എടോ, നാം തന്നെ നമുക്കു പ്രമാണമല്ല. (താൻ അബദ്ധം പറഞ്ഞുപോയതിനാൽ കൂടുതൽ കുപിതനായി)

എടോ ശാകശീർഷ, നീ നമ്മെ വല്ലാതെ കോപിപ്പിച്ചിരിക്കുന്നു. നാം നിന്നെ ഇതാ ശപിക്കുന്നു. (ശപിക്കാൻ കയ്യുയർത്തുന്നു)

ശാക—ആചാര്യ, എന്നെ ശപിച്ചു് അവിടുത്തെ കോപം ശമിച്ചു് ആ സാധുപാണ്ഡവർ രക്ഷപ്പെട്ടുകൊള്ളുന്നതു് എനിക്കു സമ്മതം തന്നെയാണ്.

ദുർവ്വാ—(കുറെ ആലോചിച്ചിട്ട്) അങ്ങനെ വരാൻ പാടില്ല. ശാകശീഷ്, നീ എന്റെ വാത്സല്യഭാജനമായ ശിഷ്യനാണ്. നീ ജിജ്ഞാസുവായിട്ടാണ് വീണ്ടും ചോദിച്ചതു്. അതിനുത്തരം പറയാം. പാണ്ഡവർക്കു നന്മയുണ്ടെന്നും നമ്മുടെ ശിഷ്യന്മാരായ കൌരവർക്ക് അല്പം ദൌഷ്ട്യമുണ്ടെന്നും നാം സമ്മതിക്കാം. എന്നാൽ ഇവർക്കും അസഹ്യമായ ദുർമ്മദവും ധാർഷ്ട്യവുമുണ്ട്. ദൌഷ്ട്യം കൊണ്ടു് ദുർമ്മദമുണ്ടാകാം. എന്നാൽ അതിൽ എത്രയോ കൂടുതലാണ് നന്മ നിമിത്തം ഉണ്ടാകുന്നതു്. "ഞാൻ ന്യായസ്ഥനാണ്. ഞാൻ ദാനശീലനാണ്. ഞാൻ അജാതശത്രുവാണ്," എന്നൊക്കെ ദുരഭിമാനം കൈക്കൊണ്ടു് നടക്കുന്നവരുടെ ധാർഷ്ട്യമാണ് ലോകത്തിനു ദുസ്സഹമായിട്ടുള്ളതു്. ഈ പാണ്ഡവർക്കും—കാട്ടിൽ പോന്നിട്ടും നാട്ടിലെന്നോണം പ്രതാപശാലികളാണെന്നു നടിക്കുന്ന ഈ പാണ്ഡവർക്കും-ദുസ്സ്വാതന്ത്ര്യക്കാതലായ ആ പാഞ്ചാലിക്കും ഉള്ള ഗർവ്വം അല്പം ശമിപ്പിക്കുന്നതിനാണ് നാം പോന്നിട്ടുള്ളതു്. (അല്പനേരം ധ്യാനത്തിൽ മുഴുകി നിന്നിട്ട്) അതെ, മഹാബ്രാഹ്മണരെ ഊട്ടി യാത്രയാക്കി. പാണ്ഡവർക്കും ഭക്ഷണം നൽകി പാഞ്ചാലിയും ഭോജനം കഴിച്ചിരിക്കുന്നു. ഇതാണവസരം. കണ്ടുകൊൾവിൻ.

ധർമ്മ—(ബദ്ധപ്പെട്ടു പ്രവേശിച്ച്) മഹർഷീശ്വര, വിജയിച്ചാലും.

ദുർവ്വാ—അജാതശത്രോ, ഞാനും എന്റെ ശിഷ്യന്മാരും വിശന്നു വലഞ്ഞു വന്നിരിക്കുന്നവരാണ്. ഭംഗിവാക്കുകൾക്ക് ഇപ്പോൾ അവസരമില്ല. ഞങ്ങൾക്ക് ആഹാരമാണ് അത്യാവശ്യം. വൻകാട്ടിനു നടുവിലും ക്ഷത്രിയധർമ്മം നിറവേററുന്നവനാണെന്നഭിമാനിക്കുന്ന നീ, ലോകപ്രശംസയ്ക്കു പാത്രമായ നീ ഉത്തമക്ഷത്രിയധർമ്മമായ തപോധനരക്ഷണം നിർവ്വഹിക്കുമോ? ഞങ്ങളുടെ ക്ഷുധാശാന്തിക്ക് എന്തെങ്കിലും മാർഗ്ഗമുണ്ടാക്കുമോ? (പാഞ്ചാലി ഒരു വശത്തു പ്രവേശിക്കുന്നു. രാജാവിന്റെ വാക്കുകൾ കേട്ടു സംഭ്രമം നടിക്കുന്നു.)

ധർമ്മ—ഏതായാലും ഇനി സല്ലാപമല്ല വേണ്ടതു്. അവിടുന്ന് സ്നാനാദിനിത്യകർമ്മങ്ങൾ അനുഷ്ഠിച്ച് തിരിച്ചെഴുന്നള്ളണം. എന്നിട്ട് ശിഷ്യരും അവിടുന്നും എന്റേയും അനുജന്മാരുടേയും പാഞ്ചാലിയുടേയും ഭിക്ഷ സ്വീകരിച്ച് ഞങ്ങളെ ധന്യരാക്കിത്തീർക്കണം.

ദുർവ്വാ—സോമദത്ത, ശാകശീഷ്, പാണ്ഡവന്റെ ആതിഥ്യവചസ്സുകൾ പോലെ തന്നെ മധുരസ്വരമായ ഒരു നിർഝരിണിയുടെ ആതിഥ്യ വചസ്സുകളും നമ്മുടെ ശ്രവണപുടങ്ങളിൽ പതിയുന്നു. അതെവിടെ ആയിരിക്കാം. അങ്ങോട്ടേയ്ക്കു വഴികാണിക്കൂ.

സോമദ—(മുമ്പോട്ടു നടന്ന്) ആചാര്യൻ ഇതിലെ എഴുന്നള്ളണം.

ധർമ്മ—ഞാൻ തന്നെ അങ്ങോട്ടേക്കു വഴി കാണിക്കാമല്ലോ.

ദുർവ്വാ—(ശാകശീഷനോട്—അപവാര്യ) ശാകശീഷ്, ഇതാ കണ്ടില്ലേ. പാണ്ഡവന്റെ ദുസ്സഹമായ ദുർമ്മദം

ഇപ്പോൾ ശമിക്കും. നമ്മുടെ പാദോപസേവികളായ വത്സന്മാർ, കൗരവന്മാർ, ചിരകാംക്ഷിതമായ വിജയം പ്രാപിക്കും. എന്താണ നീ മൗനമായി നിൽക്കുന്നതു്?

ശാക—(അപവാൎയ്യ) ആചാൎയ്യ, എനിക്ക ബലമായ സന്ദേഹമുള്ളതു് —

ദുവ്വാ—(അപവാൎയ്യ) നാം തീൎച്ച പറയുന്നു. ആഹ്ലാദിക്കുന്നു. നിനക്ക സന്ദേഹമോ?

ശാക—(അപവാൎയ്യ) സന്ദേഹമാണല്ലോ ശിഷ്യത്വത്തിന്ന ജീവനായി ആചാൎയ്യൻ തന്നെ അരുളി ചെയ്തിട്ടുള്ളതു്.

ദുവ്വാ—(അപവാൎയ്യ) അവധാനത്തിൽ സന്ദേഹം ഗുരുത്വത്തിന്ന് ഹാനികരമാണ്. നമുക്ക കോപമുണ്ടാകുന്നു. നാം നിന്നെ ശപിക്കാൻ കൂടി.———

ധൎമ്മ—മഹൎഷീശ്വര, ഇതിലെ എഴുന്നള്ളണം. വിശന്നു വലഞ്ഞിരിക്കുമ്പോൾ ഉപദേശവ്യഗ്രത തപഃക്ലിഷ്ടമായ ശരീരത്തിന്ന ഹിതമാകയില്ല.

[ധൎമ്മപുത്രരും ദുവ്വാസാവും ശിഷ്യന്മാരും മറയുന്നു.]

പാഞ്ചാലി—(മുമ്പോട്ടുവന്ന്) ഹാ! കഷ്ടം! എത്ര വീണ്ടുവിചാരമില്ലാത്ത കൃത്യമാണ് ആൎയ്യപുത്രൻ ചെയ്തുകളഞ്ഞതു്. എന്റെ ഭക്ഷണം കഴിഞ്ഞു എന്നും അക്ഷയപാത്രം ഒഴിഞ്ഞു എന്നും ആൎയ്യപുത്രന്ന് അല്പം ആലോചിച്ചിരുന്നു എങ്കിൽ അറിയാമായിരുന്നു. യാതൊരു പരിഹാരവുമില്ലാത്തമട്ടിൽ ഇങ്ങനെ ഒരു ദുരിതത്തിൽ അകപ്പെട്ടല്ലോ. (ആലോചിച്ച്) അതെ, പാണ്ഡവൎക്ക സകല ദുരിതങ്ങൾക്കും ഹേതുവായി വേറെ യാരാണുള്ളതു്. വനവാസത്തിൽ കൂടിയും പാണ്ഡവൎക്ക സിദ്ധിച്ചിട്ടുള്ള യശസ്സുപൊറുക്കാനാകരുതാത്ത കൗരവരത്രേ ഇതിന്നിടയാക്കിയതു്. കോപിഷ്ഠനായ ദുവ്വാസാവിനെ പ്രീതിപ്പെടുത്തിപാണ്ഡവരെ തോല്പിക്കുവാൻ ഉചിതമായ ശസ്ത്രമായിട്ട് ഇങ്ങോട്ടു പ്രയോഗിച്ചതാണ്. (ചുററി നടന്ന്) ഈ ശുണ്ഠിക്കാരനായ മുനി കുളിച്ചുവരുമ്പോൾ ആഹാരം കിട്ടാതെ കയൎത്തു ശപിച്ചേയ്ക്കാം. വംശം മുഴുവൻ ദഹിപ്പിക്കാനുള്ള ശക്തി ആ ശാപത്തിന്നുണ്ടായേയ്ക്കാം. എന്നാൽ ആ ഭയം എനിക്ക ഭയമല്ല. ഈ കൊടുംകാട്ടിൽ നിത്യസഞ്ചാരികളായ ശ്വാപദങ്ങളിൽനിന്നും രക്ഷസ്സുകളിൽ നിന്നുംഉള്ള ഭയത്തേക്കാൾ ഇതിലെന്തുണ്ട്? എനിക്ക ദുസ്സഹമായിട്ട് ഒന്നേയുള്ളു. കൗരവർ തക്കംനോക്കി ഭിക്ഷാടനത്തിനയച്ച താടിക്കാരന്നു കൊടുക്കാമെന്ന് ഏററ ഭിക്ഷ നൽകുവാൻ സാധിച്ചില്ലെങ്കിൽ അതുകൊണ്ടു ധൎമ്മപുത്രൎക്ക് ഏൎപ്പെടുന്ന ധൎമ്മഭ്രംശത്തിൽ കൗരവർ സന്തോഷിക്കും. അതു ആലോചിക്കുമ്പോഴാണ് എനിക്ക ദുസ്സഹമായിരിക്കുന്നതു്. ഹാ, ഇവിടെ എന്തു നിവൃത്തിയാണുള്ളതു്. ഹാ കൃഷ്ണാ, ഹാ കരുണാനിധേ, ഹാ കാളമേഘശ്യാമള, ഹാ ഭക്തവത്സല, (എന്നു ധ്യാനിച്ച് ഒരുവശത്തു മേൽപ്പോട്ടു നോക്കിനിൽക്കുന്നു.)

കൃഷ്ണൻ—(പെട്ടെന്നു മറെറാരുവശത്തു കൂടി പ്രവേശിച്ച് സമീപത്തു ചെന്നിട്ട്) പ്രിയസഹോദരിയുടെ കടാക്ഷം അൎത്ഥിച്ചു നിൽക്കുന്ന ഇവനെ ഒരു

നോക്കു കാണുവാൻ സോദരിക്കു കണ്ണില്ലയോ?

പാഞ്ചാ— (പെട്ടെന്നു ഞെട്ടിയുണൎന്നു കൃഷ്ണനെ വണങ്ങിക്കൊണ്ട്) കൃഷ്ണ, പാഞ്ചാലി നമസ്കരിക്കുന്നു. എൻെറ മനശ്ചക്ഷുസ്സിനു വിഷയമായ അവിടുന്ന് ഇത്രവേഗത്തിൽ എൻെറ മാംസചക്ഷുസ്സിനു വിഷയമാകുമെന്നു ഞാൻ വിചാരിച്ചില്ല.

കൃഷ്ണൻ—അതെ, ഈയുള്ളവനെ കാണാൻ കണ്ണില്ല. സന്തോഷം കൊണ്ടു മതിമറന്ന ആഹ്ലാദഭരിതയായ ദ്രൗപദിക്കു ഇവൻെറ ദൈന്യം കാണുവാൻ ഒട്ടുമേ കണ്ണില്ല.

പാഞ്ചാ—ദൈന്യമോ. അവിടുത്തേക്കോ-ഇങ്ങനെയൊക്കെ പറഞ്ഞു ഇവളെ കളിയാക്കുന്നതു എന്തിന് ?

കൃഷ്ണൻ—കളിയാക്കുകയോ, ഞാൻ കാൎയ്യമാണു പറഞ്ഞതു്. പ്രിയമിത്രങ്ങളായ പാണ്ഡവരേയും സഹോദരിയേയും കാണ്മാൻ കൊതിച്ചു് ഈ കാടുമുഴുവൻ അലഞ്ഞുതിരിഞ്ഞു് ഇപ്പോൾ എനിക്കു വിശപ്പു സഹിക്കാൻ നിവൃത്തിയില്ല. സോദരി, വിശപ്പിനേക്കാൾ ദുസ്സഹമായ ഒരു ദുരിതം പ്രാണികൾക്കെന്തൊണുള്ളതു്. അതിനാൽ വെറുതെ എന്നെ കളിയാക്കാൻ സമയം ഇതല്ല. വിശപ്പിനെന്തെങ്കിലും തരൂ.

പാഞ്ചാ—ഹാ ! കഷ്ടം ! അവിടുന്നു സത്യമാണോ ഇപ്പറയുന്നതു്. ഈ ഭാഗ്യംകെട്ടവൾ എന്തു ചെയ്യട്ടെ. ഈ വൻകാട്ടിൽ എന്തു ഭക്ഷ്യമാണു കിട്ടാവുന്നതു്. അവിടുന്നും എന്നെ ഇങ്ങനെ പരീക്ഷിക്കരുതേ.

കൃഷ്ണൻ—സോദരി, വിശന്നു വലഞ്ഞു വരുമ്പോൾ വല്ലതും വേണമെന്നിരക്കുന്നതു പരീക്ഷയാണോ? സോദരിയല്ലേ എന്നെ പരീക്ഷിക്കുന്നതു്. എത്രയോ മഹാബ്രാഹ്മണർ ഊണുകഴിഞ്ഞു് സന്തൃപ്തരായിപ്പോകുന്നതു് ഞാൻ കണ്ടു. ഇത്ര മാഹാത്മ്യമേറിയ ഒരു ഗൃഹിണിക്കു് ഒരു സാധുവിനു് ആഹാരം കൊടുക്കാൻ സാധിക്കാതെ വരാമോ. സോദരി, വിശപ്പു സഹിക്കുന്നില്ല. വല്ലതും തരുതേ.

പാഞ്ചാ—കൃഷ്ണ, സൂൎയ്യദത്തമായ പാത്രത്തിൻെറ മാഹാത്മ്യമത്രെ അതു്. ഈ ഭാഗ്യഹീന ഭക്ഷണം കഴിച്ചുപോകയാൽ പാത്രം ഇന്നത്തേക്കു ശൂന്യമായിത്തീൎന്നിരിക്കുന്നു. ഞാനെന്തുചെയ്യട്ടെ.

കൃഷ്ണൻ—ആ അത്ഭുതകരമായ പാത്രം എനിക്കു കാണണമല്ലോ. ആ പാത്രത്തിൽ വല്ലതും ശേഷിച്ചിരിക്കാതെ വരികയില്ല. അതിങ്ങു കൊണ്ടുവരൂ.

പാഞ്ചാ—അതിൽ യാതൊന്നുമില്ല. അതു കഴുകി ശുദ്ധമാക്കി വച്ചതു ഞാൻ തന്നെയല്ലേ.—(കൃഷ്ണൻെറ മുഖം സൂക്ഷിച്ചിട്ട്) ഹാ കഷ്ടം അവിടുത്തേക്കു സാധാരണമായ നേരംപോക്കല്ല. യഥാൎത്ഥത്തിൽ വിശപ്പുകൊണ്ടു് ആ മുഖം വാടിയും ഇരിക്കുന്നുവല്ലോ.

കൃഷ്ണൻ—പിന്നെ ഞാൻ കള്ളം പറയുമോ. സോദരി പാത്രമിങ്ങു കൊണ്ടുവരു. ഞാനൊന്നു പരിശോധിക്കട്ടെ.

പാഞ്ചാ—അതിൽ യാതൊന്നുമില്ലെന്നു തീൎച്ചയാണു്. കഷ്ടം ഞാനെന്തു ചെയ്യട്ടെ.

കൃഷ്ണൻ—അങ്ങിനെ വരികയില്ല. സോദരി, അയ്യോ! ഞാൻ വിശന്നു ചാവുന്നു. അതിൽ വല്ലതും കാണാതിരിക്കുമോ. ആചമനത്തിന്നു കുറച്ചു ജലവും വേണം.

പാഞ്ചാ—ഈ ലജ്ജയില്ലാത്തവളെ ലജ്ജിപ്പിക്കാനാണു ശ്രമമെങ്കിൽ നടക്കട്ടെ. (പാഞ്ചാലി പാത്രവും ജലവും കൊണ്ടുവച്ചിട്ട് ഒരു വശത്തു മാറി മുഖം മറെറാരിടത്തേയ്ക്കു തിരിച്ചു നിരാശയോടു കൂടി നിൽക്കുന്നു. കൃഷ്ണൻ പാത്രം സൂക്ഷിച്ചു നോക്കുന്നു.)

പാഞ്ചാ- (സ്വഗതം) ഹേ കഠിനനായ ദുർവ്വിധേ, എന്നോട് ഏതു സമയവും മല്ലിടാൻ പ്രത്യേകപ്രണയമുള്ള ദുർവ്വിധേ, നിൻെറ കുസൃതികൾ ഇന്നോളം ഫലിച്ചിട്ടില്ല. നിന്നെ ഞാൻ എപ്പോഴും വെല്ലുകതന്നെ ചെയ്തിട്ട് എനിക്കു പരമബന്ധുവായ കൃഷ്ണൻ തിരുവടിയെ ഇങ്ങനെ ക്ലേശിപ്പിച്ച നിനക്ക് എന്നോടു വിജയം തന്നെ സിദ്ധിക്കുമെന്നല്ലേ തോന്നുന്നതു്. ഛേ, ഒരിക്കലും അങ്ങനെ വരികയില്ല. ഹാ കൃഷ്ണ, അങ്ങുതന്നെയാണ് ഇവിടെയും എനിക്ക് ഏകശരണം. (എന്നുപറഞ്ഞു ധ്യാനത്തിൽ മുഴുകുന്നു.)

കൃഷ്ണൻ—ഹാ! എൻെറ ഭാഗ്യം തന്നെ ഭാഗ്യം. ഇതാ ഒരു ചീരയുടെ ഇതൾ പാത്രത്തിൽ അവശേഷിച്ചുകാണുന്നുണ്ടു്. പാഷതി, ഭവതിക്കുണ്ടോ സത്കാരഭംഗം ഏല്പെട്ടന്നു. (എന്നു പറഞ്ഞു് ചീരഇതൾ ഭുജിക്കുന്നു.) ഭവതിയുടെ പ്രണയപൂതമായ ഭക്തികൊണ്ടു പരിശുദ്ധമായ ചീരയിലധൌതമായ ഈ ശാകദളം എനിക്കെന്നല്ല സർവ്വഭൂതങ്ങൾക്കും ഈ ക്ഷണത്തിൽ സമ്പൂർണ്ണമായ സംതൃപ്തി നൾകിയിരിക്കുന്നു.

ധർമ്മ—(അണിയറയിൽ) പാഞ്ചാലി, ഇതാ നമ്മുടെ അതിഥികൾകുളി കഴിഞ്ഞു് എത്തിയിരിക്കുന്നു. (പാഞ്ചാലി ഞെട്ടി ഉണരുന്നു).

കൃഷ്ണൻ—സോദരി, സകല വിജയങ്ങളും നിനക്കുണ്ടാകും- എന്നാൽ വിശപ്പു മുഴവൻ ശമിച്ചസ്ഥിതിക്ക് സംതൃപ്തനായ ഞാൻ തല്ക്കാലം യാത്രപറഞ്ഞുകൊള്ളട്ടെ. (ഒരു വശത്തുകൂടി മറയുന്നു.)

ധർമ്മ—(മറെറാരു വശത്തുകൂടി പ്രവേശിച്ചിട്ട്) മഹർഷി ദുർവ്വാസാവും ശിഷ്യന്മാരും ഇതാ വരുന്നു. ഹാ! നീ പതിവുപോലെ പാത്രവും സജ്ജീകരിച്ചു നിൽക്കുകയാണല്ലൊ. അവരെ അഭിവാദനം ചെയ്തു കൂട്ടിക്കൊണ്ടുവരിക. ഭോജനശാലയിലേക്കു ഞാൻ മുമ്പേ നടക്കാം. (മറയുന്നു.)

പാഞ്ചാ— കൃഷ്ണൻതിരുവടി ബദ്ധപ്പെട്ടെഴുനള്ളി- വിശപ്പുശമിച്ചു തൃപ്തനായി എന്നും അരുളിച്ചെയ്തു. അതെങ്ങനെയാണാവോ! അതെ യോഗീശ്വരന്മാർക്ക് എന്തും സാദ്ധ്യമാണല്ലോ. അവിടുത്തെ വിശപ്പിനും തൃപ്തിക്കും മദ്ധ്യേ ഈയുള്ളവളെ അവിടുന്നു വിസ്മരിച്ചുവോ? അതാ ദുർവ്വാസാവും ശിഷ്യന്മാരും എത്തിയിരിക്കുന്നു. പടിവാതുക്കൽനിന്നു സല്ലപിക്കുന്നു. ഇങ്ങോട്ടു കയറിവരുമ്പോൾ ഞാൻ എങ്ങനെയാണ് അന്നദാനം ചെയ്ക? ഹാ! കൃഷ്ണാ ഈ ധർമ്മസങ്കടത്തിൽ അവിടുന്ന് എന്ന

വെടിയരുതു്. ജ്ഞാതികൾക്കു ധൎമ്മപുത്രർ പരിഹാസ്യനാകരുതേ (ദുർവ്വാസാവും ശിഷ്യന്മാരും ഊൎജ്ജിതത്തിൽ സംസാരിച്ചുകൊണ്ടു് ഒരു വശത്തു് പ്രത്യക്ഷരാകുന്നു. ശിഷ്യന്മാരും ഊൎജ്ജിതത്തിൽ സംസാരിച്ചുകൊണ്ടു് ഒരു വശത്തു് പ്രത്യക്ഷനാകുന്നു.)

ദുർവ്വാ—(ഇടയ്ക്കിടെ ഏമ്പക്കത്തോടുകൂടി) ശാകശീഷ, സോമദത്ത, നമുക്കു സംസാരിക്കാൻ കൂടി വിഷമമായിരിക്കുന്നു. അല്പാഹാരം ശീലിച്ചിട്ടുള്ള നമുക്കു് ജഠരത്തിൻെറ ഈ സമ്പൂൎണ്ണത അസ്വാസ്ഥ്യകാരിയായിരിക്കുന്നു. ആകയാൽ ഞാനിന്നു ധൎമ്മപുത്രരുടെ ആതിഥ്യം വാങ്ങ മാത്രംകൊണ്ടു സ്വീകരിക്കുന്നു. അതിനു പരിഹാരമായി നിങ്ങൾ രണ്ടുപേരും അല്പം ഭിക്ഷസ്വീകരിപ്പിൻ (സോമദത്തനും ശാകശീഷനും കുമ്പതലോടി പരസ്പരം നോക്കുന്നു.)

സോമദത്തൻ—(ശാകശീഷനോടു്) "താൻ പറയൂ." (എന്നു മെല്ലെപ്പറഞ്ഞു മുന്നോട്ടു തള്ളിവിടുന്നു)

ദുർവ്വാ—എന്താണു നിങ്ങൾ മൌനമായിരിക്കുന്നതു്?

ശാക—ആചാൎയ്യൻെറ സ്ഥിതിയിൽ തന്നെയാണു ഞങ്ങളും. ശകലംപോലും ആഹാരംകഴിക്കാൻ ഞങ്ങൾ ശക്തരല്ല. ആചാൎയ്യൻ പൊറുത്തുകൊള്ളണം.

ദുർവ്വാ—എന്തു് നിഷേധം പറയുന്നുവോ, ഇത്രയുംനാൾ നമ്മോടു ശിഷ്യപ്പെട്ടു ശീലിച്ചതു നിഷേധമാണോ?

ശാക—ആചാൎയ്യൻ പൊറുത്തുകൊള്ളണം - ഇത്രയുംനാൾ ശിഷ്യപ്പെട്ടു ശീലിച്ചതു് മിതാഹാരമാണു്. ഇപ്പോഴാകട്ടെ അമിതമായി സമ്പൂൎണ്ണമായ ഈ ജഠരത്തിൽ പിന്നെയും ആഹാരം നിക്ഷേപിക്കുവാൻ കല്പിക്കുന്നതു സങ്കടമാണു്. അതു് ഞങ്ങൾക്കു സാധ്യവുമല്ല.

ദുർവ്വാ—ഛെ! കുതൎക്കശിരോമണീ! സോമദത്താ നീ എന്തു പറയുന്നു?

സോമ—ആചാൎയ്യൻെറ ആജ്ഞ നിറവേറവാനുള്ള ശക്തി ആചാൎയ്യൻതന്നെ അരുളുന്നപക്ഷം ഞാൻ അനുസരിച്ചുകൊള്ളാം.

ദുർവ്വാ—എൻെറ വാക്കനുസരിക്കാൻ പക്ഷാന്തരമോ? എടോ സോമദത്താ നിന്നെ ഞാൻ ഇതാ ശപിക്കുന്നുണ്ടു്. എടോ ശാകശീഷാ നിന്നേയും ഞാൻ ഇതാ എൻെറ തപശ്ശക്തിയിൽ ദഹിപ്പിച്ചു ഭസ്മമാക്കുന്നുണ്ടു്.

ശാക—ആചാൎയ്യാ, ആചാൎയ്യൻെറ വിധി ഞങ്ങൾ ശിരസാ വഹിക്കുന്നു. എന്നാൽ ആദ്യമായി ഈ ജഠരത്തിലെ ഭാരം അവിടുത്തെ തപശ്ശക്തികൊണ്ടു ദഹിപ്പിച്ചു് ഒരു ക്ഷണനേരം സ്വസ്ഥമായി ശ്വാസോച്ഛ്വാസസുഖം അനുഭവിപ്പിച്ചിട്ടു് ഞങ്ങളെ ദഹിപ്പിച്ചുകൊള്ളണം. മരിക്കാൻ പോകുന്നവൎക്കു ഇഷ്ടസാദ്ധ്യം നൽകുക ധൎമ്മമാണല്ലോ.

ദുർവ്വാ—എടോ നീ നമ്മേ വല്ലാതെ വിഷമിപ്പിക്കുന്നു (ആലോചിച്ചു്) എന്തു്! ഈ ജഠരസ്തംഭം വല്ലാതെ വൎദ്ധിക്കുന്നതേഉള്ളുവല്ലോ. ഇതിനെന്തു കാരണം? ഇതിനെന്തുശമനമാൎഗ്ഗം (ധ്യാനത്തിൽ മുഴുകുന്നു.)

സോമ—തൻെറ തിണ്ടുക്കമുണ്ടു ചിലപ്പോഠം തരക്കേടില്ല. തല്ക്കാലം രക്ഷപ്പെട്ടുവെന്നുതോന്നുന്നു. എടോ, വയറു വല്ലാതെ വീൎത്തു വീൎത്തുതന്നെ വരുന്നുവല്ലോ.

ശാക— ഈ ശ്രുണ്ഠിക്കാരൻെറ പുറകേ നടന്നാൽ നാം ശ്വാസം മുട്ടിച്ചാകുകയേ ഉള്ളു. എടോ, ഈ ഗ്രഹപ്പിഴയെല്ലാക്കെ കാരണമറിയാമോ?

സോമ—എന്താണെടോ പറയൂ. ഹ! എന്തസുഖം. ആചാൎയ്യൻ ശപിച്ചുകളഞ്ഞിരുന്നെങ്കിൽ ഇതിലും ഭേദമായിരുന്നേനേ.

ശാക— നീതിമാന്മാരേ വൃഥാ ദ്രോഹിക്കാൻ പുറപ്പെട്ടാൽ ഇങ്ങനെയൊക്കെ വന്നു ചേരും. കുസൃതിക്കാരുടെ വാക്കുകേട്ടാൽ ഇതൊക്കെ പററും.

ദുർവാ—(ധ്യാനത്തിൽ നിന്നുണൎന്നു മുഖം പ്രസന്നമായി) ഹാ, യോഗീശ്വര, ഗോപാലകൃഷ്ണാ, അവിടുത്തെ പ്രഭാവങ്ങഠം ചിന്തിക്കാതെ, അവിടുത്തെ പാദദാസരെ വലയ്ക്കാൻ പുറപ്പെട്ട ഞാൻ സൎവ്വഥാ നിന്ദ്യൻ തന്നെയാണു്. അവരോടു ക്ഷമാപണം ചെയ്ക മാത്രമെ എനിക്കു ഗതിയുള്ളു.

ധൎമ്മ—(പെട്ടെന്നു പ്രവേശിച്ചു്) പാഞ്ചാലി, മുമ്പോട്ടുചെന്നു് മഹൎഷിമാരെ അഭിവാദനം ചെയ്യാതെ ഇങ്ങനെ നില്ക്കുന്നതെന്തു്?

പാഞ്ചാ—മഹൎഷീശ്വരൻ ശിഷ്യന്മാൎക്കു് എന്തോ രഹസ്യോപദേശം ചെയ്കയായിരുന്നു. പ്രകൃത്യാ കോപിഷ്ഠനായ അദ്ദേഹത്തെ സമയം നോക്കി ചെല്ലുവാൻ കാത്തുനിന്നു എന്നേയുള്ളു.

ദുർവ്വ—(മുമ്പോട്ടുവന്നു്) നിങ്ങഠംക്കു വിജയമുണ്ടാകട്ടെ. പഞ്ചാലീ, ഭഗവതിയ്ക്കു ല്പനേരം ഹൃദയശല്യമുണ്ടാക്കിയ ഞാൻ എൻെറ ശിഷ്യരോടൊരുമിച്ചു് പരമസങ്കടമനുഭവിച്ചു. (ഏമ്പക്കം വിട്ടു്) ആവൂ! ഇപ്പോഠം സുഖമായി.

ശിഷ്യന്മാർ— (ഏമ്പക്കം വിട്ടു്) ആവൂ! ഇപ്പോഠം സുഖമായി.

ദുർവാ—യാജ്ഞസേനീ, ഭവതി ചെല്ലുന്നിടത്തു് ശ്രീയും ധൎമ്മവും നൃത്തമാടും. ഞാൻ പോയിവരാം. എന്നാൽ ഭവതിയെ ദ്രോഹിക്കാൻ എന്നേ ഇങ്ങോട്ടയച്ച ദുൎയ്യോധനനേ ചെന്നുകണ്ടു് എൻെറ തപശ്ശക്തി മുഴുവൻ വ്യയം ചെയ്താലും അവനെ സകുടുംബം നശിപ്പിച്ചല്ലാതെഞാൻ അടങ്ങുകയില്ലെ-

ധൎമ്മ—(പെട്ടെന്നു മുമ്പോട്ടു വന്നു നമസ്കരിച്ചിട്ടു്) മഹൎഷീശ്വര, ഈയുള്ളവൻെറ ഒരു ചെറിയ അഭ്യൎത്ഥന അനുവദിക്കുമാറാകണം.

ദുർവാ— അഭ്യൎത്ഥനയോ- വത്സ, ധൎമ്മസൂനോ, നീ എന്താവശ്യപ്പെട്ടാലും ഞാൻ ചെയ്വാൻ സന്നദ്ധനാണു്.

ധൎമ്മ—അങ്ങനെ അരുളിച്ചെയ്യുന്നപക്ഷം ഉണൎത്തിക്കാം- മഹൎഷീന്ദ്ര, ദുൎയ്യോധനൻ അവിടുത്തെ പ്രേരിപ്പിച്ചു എന്നുള്ളതു് എങ്ങനെ സംഭവിക്കും. അവിടുത്തെ ദൎശനലാഭത്തിനു് ഞങ്ങഠംക്കുള്ള പരമഭാഗധേയമാണു് അവിടുത്തെ പ്രേരിപ്പിച്ചതു്. അതിനാൽ ഭ്രാതാവായ ദുൎയ്യോധനനിൽ അവിടുത്തെ അമൎഷഭാരം ചുമത്താതിരിക്കുവാൻ അവിടുന്നു കനിയണം.

ദ്വാ—ധർമ്മപുത്രാ, നീ എന്തു പറയുന്നു! ഹാ കഷ്ടം! നീ എന്നെക്കൊണ്ടു വാക്കു പറയിച്ചു കളഞ്ഞുവല്ലോ. നീ ഇന്ന മട്ടുകാരനാണെന്നു് ഞാൻ ആദ്യമേ കണക്കാക്കേണ്ടിയിരുന്നു. ആകട്ടെ അവന്നു കൎക്കശമായ ഉപദേശം നൽകിക്കൊണ്ടുമാത്രം ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം. എന്നാൽ ഞാനും ശിഷ്യന്മാരും പോയിവരാം. യാജ്ഞസേനിക്കും നിങ്ങൾക്കെല്ലാവൎക്കും സൎവമംഗളങ്ങളും ഉണ്ടാകട്ടെ.

[കർട്ടൻ]

---

# രാമപാണിവാദനും കുഞ്ചൻനമ്പ്യാരും

ഒരു മറുപടി.

[ ഡാക്ടർ കെ. ഗോദവൎമ്മ എം. ഏ. പി. എച്ച്. ഡി. (ലണ്ടൻ) ]

സമസ്തകേരളസാഹിത്യപരിഷത്തു വക 'ത്രൈമാസിക'ത്തിന്റെ ൧൧൧ തുലാം ലക്കത്തിൽ 'ആട്ടക്കഥയിലെ ചില അപ്രകാശിതഭാഗങ്ങൾ' എന്ന തലക്കെട്ടിൽ ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾ പ്രസിദ്ധീകരിച്ചിരുന്ന ലേഖനത്തിൽ രാമപാണിവാദനും കുഞ്ചൻനമ്പ്യാരും ഒരേ ആളാണെന്നു വരുത്തുവാനായി തദ്വിഷയകമായ പ്രസ്താവത്തിനു പ്രസംഗം ഉണ്ടാക്കി ഉപന്യസിച്ചിട്ടുള്ള ഭാഗങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണു് ഞാൻ ഈ ലേഖനം എഴുതുന്നതു് എന്നു് ആദ്യമേ പ്രസ്താവിച്ചുകൊള്ളട്ടെ.

'എന്റെ ആയുസ്സിന്റെ ഗണനീയമായ ഒരംശം ഞാൻ താളിയോലഗ്രന്ഥങ്ങളുടെ നടുവിലാണ് കഴിച്ചുകൂട്ടിയിട്ടുള്ളതു്'' എന്നുള്ള പ്രസ്താവനയോടെ പ്രസ്തുത ലേഖനം ആരംഭിയ്ക്കുന്ന ഉള്ളൂർ സ്വകീയമായ പരിശ്രമത്തിൽ പരിപൂൎണ്ണമായ ആത്മവിശ്വാസം പ്രകടിപ്പിച്ചിട്ടുണ്ടെന്നുള്ളതിനു് സംശയമില്ല. പക്ഷേ അദ്ദേഹത്തിന്റെ മിയ്ക്ക അഭ്യൂഹങ്ങളും മററുള്ളവൎക്കു കൂടി മതിയായ തെളിവുകൾ ഇല്ലാത്തവയായിട്ടാണു് അടിയ്ക്കടി പ്രത്യക്ഷപ്പെടുന്നതു്. അപ്രകാശിതങ്ങളായ പല ഗ്രന്ഥഭാഗങ്ങളും ഉദ്ധരിയ്ക്കപ്പെട്ടിട്ടുള്ളതു് ഹാൎദ്ദമായ അഭിനന്ദനത്തെ അർഹിയ്ക്കുന്നുണ്ടെങ്കിലും ആ ഉദ്യമം പലപ്പോഴും അപ്രകൃതപ്രസ്താവങ്ങൾക്കു് ഇടവരുത്തിയിട്ടുള്ളതു് ഒരു ന്യൂനത തന്നെയാകുന്നു. താളിയോലഗ്രന്ഥങ്ങളിലെ ഭാഗങ്ങൾ പകൎത്തുമ്പോൾ ആ പാഠങ്ങളെ പരിശോധിച്ചു് ദൃശ്യങ്ങളായ അസ്വാരസ്യങ്ങളെക്കൂടി നിൎദ്ദേശിയ്ക്കാതിരിയ്ക്കുന്നതു് വിഹിതമല്ല. രാമപാണിവാദന്റേതായി ഉദ്ധരിച്ചിട്ടുള്ള ഗ്രന്ഥഭാഗങ്ങളിൽ ഉള്ള പാഠദോഷത്തെ മാത്രമേ ചൂണ്ടിക്കാണിയ്ക്കുവാൻ ഇവിടെ പ്രകൃതമുള്ളു. സൎവാധികാര്യക്കാർ ഗോവിന്ദപ്പിള്ള തുടങ്ങി പലരുടേയും പ്രസ്താവങ്ങളെ ഇടയ്ക്കിടയ്ക്കു ഖണ്ഡിച്ചുകളയുവാനായി മിസ്റ്റർ. പരമേശ്വരയ്യർ

സമാശ്രയിയ്ക്കുന്ന യുക്തികളും എത്രയോ ദുർബ്ബലങ്ങളത്രെ. ചരിത്രഗവേഷകന്മാർ എന്തെല്ലാമായാലും ആഭ്യന്തരലക്ഷ്യങ്ങളിൽ ശ്രദ്ധ പതിപ്പിയ്ക്കാത്തതു് പരിതാപകരം തന്നെ.

രാമപാണിവാദന്റെ 'ഗീതരാമം' എന്ന കൃതിയെപ്പററി പ്രസ്താവിയ്ക്കുവാൻ പുറപ്പെട്ട മിസ്റ്റർ പരമേശ്വരയ്യർ അക്കാര്യത്തിൽ തനിയ്ക്കു വലിയൊരു ശാഖാചങ്ക്രമണം സംഭവിച്ചിട്ടുള്ളതായി നല്ലപോലെ അറിയുന്നുണ്ടെന്നു് *സ്വയം സമ്മതിച്ചിരിയ്ക്കുന്നു. ഗീതരാമം എന്ന കൃതി കണ്ടുകിട്ടിയിടത്തോളം ഭാഗം കൊണ്ടു് ഒരു ആട്ടക്കഥയേ അല്ലെന്നും, അതിന്നു് ഭാഷയിലെ കഥകളിസാഹിത്യത്തിലോ ഉള്ളൂർ എഴുതിയ ആ ലേഖനത്തിൽത്തന്നെയോ യാതൊരു സ്ഥാനവും നല്കപ്പെടാവുന്നതല്ലെന്നും പ്രസ്പഷ്ടമാകുന്നതാണു്. രാമപാണിവാദന്റേതെന്നു കാണുന്ന ആ സംസ്കൃതകൃതിയെ ആട്ടക്കഥയെന്നു നാമകരണം ചെയ്തതു തന്നെ മഹത്തായ അപരാധമത്രെ. ‡ജയദേവൻ 'ഗീതഗോവിന്ദം' എഴുതിയതുപോലെ 'ഗീതരാമം' ശ്രീരാമകഥയെ സംഗീതരൂപമായി നിർമ്മിച്ചുവെന്നേ പറഞ്ഞുകൂടു. "ആ ഗ്രന്ഥത്തിലെ ആദ്യത്തെ സ്വല്പം ഭാഗമേ എനിയ്ക്കു കണ്ടുകിട്ടുവാൻ ഇടവന്നിട്ടുള്ളു. മുഴുവൻ വല്ലദിക്കിലും ഉണ്ടോ എന്നു് ഗവേഷകന്മാർ സശ്രദ്ധം പരിശോധിയ്ക്കേണ്ടതാകുന്നു." എന്നിങ്ങനെ പ്രസ്താവിയ്ക്കുന്ന ഉള്ളൂർ അങ്ങനെയൊരു സ്വല്പം ഭാഗം മാത്രം ആധാരമാക്കിക്കൊണ്ടു് പല സിദ്ധാന്തങ്ങളും ഉദ്ഘോഷിച്ചിട്ടുള്ളതു് എത്രമാത്രം †സാഹസമാണെന്നു് പറയേണ്ടതില്ലല്ലൊ.

ഉള്ളൂരിന്നു് ഇപ്പോൾ കൂടുതലായി അംബരനദീശസ്തോത്രത്തിനു പുറമേ ഭാഗവതചമ്പു, ഗീതരാമം എന്നു രണ്ടു പ്രധാന ഗ്രന്ഥങ്ങൾ കൂടിയാണു് രാമപാണിവാദന്റേതായി ലഭിച്ചിട്ടുള്ളതു്. അംബരനദീശവിഷ്ണുസ്തോത്രത്തിലുള്ളതായി ഉദ്ധരിയ്ക്കപ്പെട്ടിട്ടുള്ള രണ്ടു ശ്ലോകങ്ങളിൽ നിന്നും ആ സ്തോത്രത്തിന്റെ കർത്താവു് ശ്രീനാരായണ ഭട്ടപാദന്റെ ശിഷ്യനായ രാമനാണെന്നും അതു രചിച്ചതു് കവി ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായി അമ്പലപ്പുഴെ താമസിയ്ക്കുമ്പോളാണെന്നും വ്യക്തമാകുന്നുവെന്നുള്ളതിൽ ആക്ഷേപമില്ല. എന്നാൽ രണ്ടാമത്തെ പദ്യത്തിൽ അർത്ഥപരമായി വളരെ അസ്വാരസ്യം കാണുന്നതു് മഹാകവി സൂചിപ്പിയ്ക്കുകപോലും ചെയ്യാത്തതിൽ അത്ഭുതപ്പെടുന്നു. ആ ശ്ലോകം ചുവടെ ഉദ്ധരിയ്ക്കാം.

'ശ്രീനാരായണഭട്ടപാദരജസഃ
കാരുണ്യ വാരാന്നിധേർ-
ഗർഭാദ്ഉദ് ഭവിഭിശ്ശുഭൈർമ്മുരരിപു
സ്തോത്രാക്ഷരൈർമ്മൌക്തികൈഃ

* സന്ദർഭം കിട്ടിയാൽ മുമ്പു പറഞ്ഞിട്ടുള്ളതിൽ കൂടുതൽ പറയാൻ പാടി[illegible]ണ്ടോ? ഉള്ളൂരുതന്നെ അടുത്തവാക്യത്തിൽ അതു സൂചിപ്പിച്ചിട്ടുമുണ്ടു്—Ed.

‡ശ്ലോകവും പദവും സംസ്കൃതമയമായിട്ടു് ആട്ടക്കഥ രചിക്കാൻ പാടില്ലെന്നുണ്ടോ? കൃഷ്ണഗീതി ആടാൻ കൊള്ളുകയില്ലെന്നാണൊ ലേഖകൻ വാദിക്കുന്നതു്? അതല്ല ആട്ടക്കഥയ്ക്കു് മാർഗ്ഗദർശകമായിരിക്കുന്നതു്?—Ed.

†ഒരു സിദ്ധാന്തവും ഉൽഘോഷിക്കുന്നതായിക്കാണുന്നില്ല. പിന്നെ ലേഖകന്റെ 'സാഹസ' പ്രയോഗത്തിനു പ്രസക്തി എവിടെ?—Ed.

രാമേണ ഗ്രഥിതാമിമാമവിരതം യഃ
ശ്ലോകസാരസ്രജം
കണ്ഠേ ലംബയതി; പ്രയാസ്യതി
കൃതീ മത്ത്യസ്സവിഷ്ണോഃ പദം'

ഇവിടെ ശ്രീനാരായണഭട്ടപാദരജസ്സിനെ കാരുണ്യവാരാന്നിധിയായും മുരരിപുസ്തോത്രാക്ഷരങ്ങളെ അതിൻെറ ഉള്ളിൽ നിന്നും ഉണ്ടാവുക ശീലമുള്ളവയായ ശുഭ്രമൌക്തികങ്ങളായും രൂപണം ചെയ്തു അങ്ങനെയുള്ള മൌക്തികങ്ങൾ കൊണ്ടു കെട്ടപ്പെട്ട ഒരു ശ്ലോകസാരസ്രക്കായിട്ടാണു് പ്രസ്തുത കൃതിയെ നിർദ്ദേശിച്ചിരിയ്ക്കുന്നതു്. സമുദ്രത്തിൽ നിന്നും മുത്തുകൾ ഉണ്ടാകാറുണ്ട്. എന്നാൽ ശ്രീനാരായണഭട്ടപാദരജസ്സിനെ കാരുണ്യസമുദ്രമായി രൂപണം ചെയ്തതിൽ യാതൊരു സാരസ്യവും ഇല്ലെന്നു തന്നെയല്ല, അതിൽ നിന്നു് മുരരിപുസ്തോത്രാക്ഷരങ്ങളാകുന്ന മൌക്തികങ്ങൾ ഉണ്ടായി എന്നും പറയുന്നതിൽ സ്പഷ്ടമായ യാതൊരൎത്ഥവുമില്ല. ചുരുക്കത്തിൽ ഈ ശ്ലോകം പലമാതിരി സംശയങ്ങൾക്കു ആസ്പദമായിട്ടാണിരിയ്ക്കുന്നതെന്നു മാത്രം പറഞ്ഞു കൊള്ളുന്നു.*

രുക്മാംഗദചരിതം കിളിപ്പാട്ടു് കുഞ്ചൻ നമ്പ്യാരുടെ അനുജൻ കലക്കത്തു ദാമോദരൻ നമ്പ്യാരുടെ കൃതിയാണെന്നാണു് ഗോവിന്ദപ്പിള്ള സൎവാധികാര്യക്കാർ പ്രസ്താവിച്ചിട്ടുള്ളതു്. അതു തെററാണെന്നും ആ കൃതിയും രാമപാണിവാദൻേറതാണെന്നും ഉള്ളതിനു് തനിയ്ക്കു മതിയായ തെളിവു കിട്ടിയിട്ടുണ്ടെന്നുള്ളതിനു് ഉള്ളൂർ പറയുന്നതു നോക്കുക. അദ്ദേഹത്തിൻെറ മതിയായ തെളിവു് താഴെ ചേക്കുന്ന ശ്ലോകമാണു്.

'രാമേണ പാണിവാദേന
മംഗല ഗ്രാമവാസിനാ
രുക്മാംഗദസ്യ ചരിതം
രചിതം ഗീതബന്ധനം'

ഈ ശ്ലോകം രുക്മാംഗദചരിതം കിളിപ്പാട്ടിൻെറ പല താളിയോല ഗ്രന്ഥങ്ങളിലും കാണുന്നുണ്ടെന്നാണു് മഹാകവി പറയുന്നതു്. കൃതിയോടു ചേൎന്നതാണു് ഈ ശ്ലോകമെങ്കിൽ എന്തുകൊണ്ടു് ചില പകൎപ്പുകളിൽ കാണുന്നില്ലെന്നു് ന്യായമായി ചോദിയ്ക്കാവുന്നതോ പോകട്ടെ, രുക്മാംഗദചരിതത്തിനു് 'ഗീതബന്ധനം' എന്നൊരു വിശേഷണം നല്കിയതു് തീരെ യുക്തമായിട്ടുമില്ല. 'ഗീതബന്ധനം' എന്നുള്ളതിനു് ഗീതങ്ങൾകൊണ്ടുള്ള ബന്ധനം (കെട്ടൽ) എന്ന അൎത്ഥമേ ഉള്ളൂ. ഗമനം, ഭോജനം മുതലായവ പോലെ 'ല്യുട്' പ്രത്യയാന്തമാണു് ബന്ധനവും. അതിനാൽ പ്രകൃതത്തിൽ 'ഗീതപ്രബന്ധം' എന്നോ മറേറാ പ്രയോഗിയ്ക്കേണ്ടതായിരുന്നു.† രാമപാണിവാദനെപ്പോലുള്ള ഒരു മഹാകവിയുടെ സൂക്തികൾ പരിചയിച്ചിട്ടുള്ളവൎക്കു ഇങ്ങനെ അങ്ങുമിങ്ങും നിന്നു് ഒളിഞ്ഞും പതുങ്ങിയും വെളിച്ചത്തു ചാടുന്ന ചില അബദ്ധശ്ലോകങ്ങൾ 'അനന്തരകാലങ്ങളിൽ ഏതോ കുസൃതിക്കാരായ ലേഖകന്മാർ തുമ്പില്ലാതെ എഴുതിച്ചേൎത്തതാണു്' എന്നല്ലാതെ തോന്നുന്നത

* ഭക്തിദ്യോതകമായ ഈ പദപ്രയോഗത്തെപ്പററിയുള്ള ഈ നിരൂപണം ബാലിശമെന്നേ പറവാനുള്ളൂ.—Ed.

† 'ബന്ധനം' നിബന്ധനത്തിൻെറ ഒരു പൎയ്യായമാണു്. നിബന്ധനത്തിനു് Literary Composition എന്നൎത്ഥം; ഒരു നല്ല നിഘണ്ടു നോക്കുക— Ed.

ല്ല. രുക്മാങ്ഗദചരിതം രാമപാണിവാദൻേറതാണെന്നുള്ളതിന്ന് വല്ല ആഭ്യന്തരലക്ഷ്യങ്ങളുമുണ്ടോ എന്ന് ആരായേണ്ടതേ ഇല്ലെന്നു കരുതുന്ന ഉള്ളൂർ പൂർവ്വഗാമികളുടെ അഭിപ്രായങ്ങളെ എന്തിനായി അവഹേളിയ്ക്കുന്നു!* ഒരു കൃതിയുടെ കർത്തൃത്വം വ്യവസ്ഥാപിയ്ക്കുവാനോ അതുപോലെ മറേറതെങ്കിലും സാഹിത്യചരിത്രരഹസ്യങ്ങൾ വെളിപ്പെടുത്തുവാനോ ഒരുമ്പെടുന്നവർ ഉത്തമലക്ഷ്യങ്ങളില്ലെങ്കിൽ പല വിധം മിത്ഥ്യാബോധങ്ങൾക്കു കാരണമായ പ്രസ്താവങ്ങളെക്കൊണ്ടു വിഹരിക്കുന്നതു് തീരെ അനാശാസ്യമാണ്. താളിയോലഗ്രന്ഥങ്ങളുടെ തന്നെ വിശ്വാസ്യതയും ഏതവസരത്തിലും പരീക്ഷിയ്ക്കപ്പെടേണ്ടതാണ്. അവ ആരു്, എപ്പോൾ, എന്തിനെ ആസ്പദമാക്കി രേഖപ്പെടുത്തി എന്നു നിശ്ചയമില്ലെങ്കിൽ അവയെ പിന്നെ എങ്ങനെ വിശ്വസിക്കാം. താളിയോല ഗ്രന്ഥങ്ങൾ എന്നു പറഞ്ഞാൽ ഒരു വക ദൈവശാസനങ്ങളോ മറേറാ ആണെന്നായിരിയ്ക്കാം പഴയനിരൂപകന്മാരുടെ വിചാരമെന്നു തോന്നിപ്പോകുന്നു.

ഉള്ളൂർ പ്രസ്തുതലേഖനത്തിൽ പഞ്ചതന്ത്രംകിളിപ്പാട്ടിനെപ്പററി പറയുന്നതു് ഇപ്രകാരമാണ്:— "പഞ്ചതന്ത്രം കിളിപ്പാട്ടു് രാമപാണിവാദൻ അമ്പലപ്പുഴെ വെച്ചാണ് നിർമ്മിച്ചതെന്നുള്ളതിന്ന്,

"ശ്രീമദംബരവാഹിന്യാം
ധാമനി സ്ഫുടമുല്ലസൻ
ശ്രീവാസുദേവോ ഭഗവാൻ
ശ്രേയസേ ബോഭവീതു നഃ'

എന്ന് ആ ഗ്രന്ഥത്തിൻേറ ചില അലേഖകളിൽ കാണുന്ന പദ്യം സാക്ഷി നില്ക്കുന്നു." ഇതിൽ നിന്നും പഞ്ചതന്ത്രം കിളിപ്പാട്ടിൻേറ കർത്താവു് രാമപാണിവാദനാണെന്ന് തീർച്ചപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹത്തിൻേറ വിമർശനമെന്നു തെളിയുന്നുണ്ടല്ലോ. അതിലേയ്ക്കു് ഉള്ളൂർ വിജ്ഞാനദീപികയിൽ പ്രമാണമായി ഉദ്ധരിച്ചിട്ടുള്ള പദ്യത്തിൻേറ അവിശ്വാസ്യതയെപ്പററി ഞാൻ സഹൃദയയിൽ ഉപന്യസിച്ചിട്ടുള്ളതിനാൽ ഇവിടെ യാതൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഏതായാലും ആ കൃതി രാമപാണിവാദൻേറതാണെന്നുള്ളതിന്ന് മററു തെളിവുകൾ ആവശ്യമായിരിയ്ക്കുന്നതേയുള്ളു. കൂടാതെ ആ കൃതി അമ്പലപ്പുഴെ വെച്ചാണ് നിർമ്മിച്ചിട്ടുള്ളതു് എന്ന അഭ്യൂഹവും 'ശ്രീമദംബരവാഹിന്യാം' ഇത്യാദിശ്ലോകത്തിൻേറ സാക്ഷ്യത്താൽ ഉപപന്നമാകുന്നതല്ല. അമ്പലപ്പുഴയിലെ വാസുദേവനെ പ്രാർത്ഥിയ്ക്കുന്നതുകൊണ്ട് കവിതദ്ഭക്തനാണെന്നല്ലാതെ ആ പ്രബന്ധമെഴുതിയതു് അമ്പലപ്പുഴെവെച്ചാണെന്നു തെളിയുന്നതല്ല. അലേഖകൾ എന്നതിന് മിസ്റ്റർ പരമേശ്വരയ്യരുടെ അർത്ഥം എന്താണെന്നും സന്ദേഹിക്കുന്നു. അലേഖം (മലയാളത്തിൽ അലേഖ എന്നുമാകാം) എന്നതിന് 'എഴുത്തല്ലാത്തതു്' എന്നേ അർത്ഥമുള്ളു. അതിനാൽ അദ്ദേഹത്തിൻേറ വിവക്ഷ ഐതിഹ്യം എന്നായിരിയ്ക്കാം. അങ്ങനെയാണെങ്കിൽ അലേഖകളിൽ കാണുന്ന പദ്യം എന്നതിന് അർത്ഥവുമില്ല. ഇങ്ങനെ അയുക്തങ്ങളായ പ്രസ്താവങ്ങൾകൊണ്ടു് മററുള്ളവരെ വിഭ

* പരമാർത്ഥം പറഞ്ഞാൽ അതു് അവഹേളനമാകുമോ? അങ്ങനെ ആണെങ്കിൽ കള്ളം പറയുന്നതിന് ഏതുവാക്കാണുപയോഗിക്കേണ്ടതു്?— Ed

മിപ്പിയ്ക്കുന്നതിൻെറ അനൌചിത്യത്തെപ്പററി വായനക്കാർ തന്നെ ചിന്തിച്ചു നോക്കിക്കൊൾക.

ശ്രീകൃഷ്ണചരിതം മണിപ്രവാളം രാമപാണിവാദൻേറതാണെന്നു വെളിവാക്കുന്നുണ്ടെന്നു് ഉള്ളൂർ പറയുന്നതിനെപ്പററി നമുക്കു നോക്കാം. ശ്രീമാൻ കാഞ്ഞിരമ്പാറ രാമുണ്ണിനായർ ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിൻെറ ഏതോ ഒരു താളിയോലപ്രതിയിൽ കാണപ്പെടുന്നതായി അന്യത്ര ഉദ്ധരിച്ചിട്ടുള്ള രണ്ടു ശ്ലോകങ്ങളാണു് ഉള്ളൂർ ഇപ്പോൾ ആശ്രയിയ്ക്കുന്ന ഏകാധാരം. ഇങ്ങനെയുള്ള ശ്ലോകങ്ങൾ മുഴുക്കെ ദോഷസ്പൃഷ്ടങ്ങളായിരിയ്ക്കുന്നുവെന്നു് പിന്നെയും പിന്നെയും പറയേണ്ടിവരുന്നതിൽ വ്യസനിയ്ക്കുന്നു. പ്രഥമസർഗാവസാനത്തിൽ ഉള്ളതെന്നു പറയുന്ന ശ്ലോകം ഇതാണു്.

'രാമേണ പാണിവാദേന
രചിതേ മിശ്രസംസ്കൃതേ
ശ്രീകൃഷ്ണചരിതേ കാവ്യേ-
മുതൽ സർഗഃ സമാപിതഃ'

മറെറാരു സർഗത്തിലും ഇതേ മാതിരി ശ്ലോകം കാണാത്തതുതന്നെ മുഖ്യമായ ആക്ഷേപത്തെ അർഹിയ്ക്കുന്നു. കൃഷ്ണഗാഥ തുടങ്ങിയ മലയാളകൃതികളിലും എല്ലാ ഭാഗങ്ങളുടേയും അവസാനത്തിൽ നിയതമായിട്ടാണു് ഈ മാതിരി പദ്യങ്ങൾ കാണപ്പെടുന്നതു് എന്നുള്ളതു് പ്രകൃതത്തിൽ സ്മരിയ്ക്കേണ്ടതാണു്. 'രചിതേ മിശ്രസംസ്കൃതേ' എന്ന ഭാഗത്തിൽ രണ്ടു ദോഷങ്ങൾ പ്രതിപാദിയ്ക്കാവുന്നതാകുന്നു. 'മിശ്രസംസ്കൃതം' എന്നപേരു് 'മണിപ്രവാളം' എന്ന അർത്ഥത്തെ എങ്ങനെകുറിയ്ക്കും? മിശ്രവിവാഹം, മിശ്രഭോജനം മുതലായി മലയാളത്തിൽ മാത്രമുള്ള പ്രയോഗങ്ങൾ തന്നെ തെററാണെന്നാണു് പണ്ഡിതമതം. *സംസ്കൃതത്തിൽ ഇപ്രകാരമുള്ള പ്രയോഗങ്ങൾ കണ്ടെത്താവുന്നതേ അല്ല. അതുകൊണ്ടു് സംസ്കൃതവും മലയാളവും മിശ്രിതമായിട്ടുള്ളതു് എന്നുള്ള അർത്ഥം മിശ്രസംസ്കൃതം എന്ന പദത്തിൽനിന്നും അഭ്യവകർഷണം ചെയ്യാവുന്നതല്ല. §മിശ്രമായസംസ്കൃതം (കലർപ്പായ—മിശ്രിതമായ എന്നുള്ള അർത്ഥം കല്പിച്ചു് കലർത്തപ്പെട്ട—സംസ്കൃതം) എന്ന അർത്ഥം മാത്രമേ പറയുവാൻ സാധിയ്ക്കുകയുള്ളൂ. അപ്പോൾ ഭാഷാമിശ്രിതസംസ്കൃതം എന്നോ കല്പിച്ചു്, †ഭാഷാമിശ്രസംസ്കൃതം എന്നോ വേണം താനും. മിശ്രണം ഒന്നിലധികം വസ്തുക്കളുടെ പരസ്പരയോഗത്തിൻെറ ഫലമായ ഏകത്വാവസ്ഥാനമാണല്ലൊ. മുതൽ എന്നൊരു മലയാളപദം പേരിനു ചേർക്കുകയും അതുതന്നെ മറെറാരു സംസ്കൃതപദത്തോടു കൂട്ടിച്ചേർത്തു് സമാസമാക്കി, സംസ്കൃതപ്രത്യയാന്തമാക്കി പ്രയോഗിച്ചിരിയ്ക്കുകയും ചെയ്തുകാണുന്നതിനാൽ മേല് പ്രസ്താവിച്ച ശ്ലോകം രാമപാണിവാദകൃതമാണെന്നു പറയുന്നതിൽ വളരെ അനുപപത്തിയുണ്ടു്. 'രചിതേ മിശ്രസംസ്കൃതേ ശ്രീകൃഷ്ണചരിതേ' എന്നു് വിശേഷണവിശേഷ്യങ്ങളാക്കി സമാനവിഭ

* പണ്ടു് ഹിതമായിരുന്ന ഈ മതം ഇപ്പോൾ അങ്ങനെയല്ല—Ed.

§ അതുതന്നെയാണു 'മണിപ്രവാളം'—ലീലാതിലകം നോക്കുക—Ed.

† "ഭാഷാമിശ്രം" എന്നും "മിശ്രസംസ്കൃത"മെന്നും മണിപ്രവാളത്തിനുള്ള പര്യായങ്ങളാണു"—ലീലാതിലകം നോക്കുക.—Ed.

ക്തികങ്ങളായ ആ പദങ്ങളെ അന്വയിക്കാവുന്നതുമല്ല. എന്തെന്നാൽ 'മിശ്രസംസ്കൃതേ' എന്ന ഭാഗത്തിന്ന് അതിന്റെ യഥാസ്ഥിതാവസ്ഥയിൽത്തന്നെ 'മിശ്രസംസ്കൃതമായുള്ളതിൽ' എന്നോമറ്റോ അന്യപദാർത്ഥപ്രധാനമായ ബഹുവ്രീഹിസമാസം കല്പിച്ച് അർത്ഥം പറയാവുന്നതല്ലല്ലൊ. മിശ്രസംസ്കൃതേ രചിതേ (മിശ്രസംസ്കൃതത്തിൽ രചിതമായുള്ളതിൽ) എന്ന് 'മിശ്രസംസ്കൃതേ' എന്നതിനെ രചനക്രിയയുടെ അധികരണകാരകമാക്കി വ്യാഖ്യാനിയ്ക്കുന്നത് മറ്റൊരു പ്രകാരത്തിൽ 'ഭാഷയാ സന്നിവേശിതം' എന്ന പ്രയോഗം പോലെ അസാധുവത്രെ. സന്നിവേശനക്രിയയ്ക്ക് അധികരണകാരകംപോലെ രചനക്രിയയ്ക്ക് കരണകാരകം (മിശ്രസംസ്കൃതേന എന്നിങ്ങനെ തൃതീയാന്തരൂപത്തിൽ) ഒഴിച്ചുകൂടാത്തതും നേരേ വിപരീതമായി പ്രയോഗിയ്ക്കുന്നത് അയുക്തമായുള്ളതും ആകുന്നു. ഇങ്ങനെ പഞ്ചതന്ത്രത്തിലെ ശ്ലോകംപോലെ തന്നെ (അതും രാമപാണിവാദീയമാക്കാനായിരുന്നല്ലൊ) ശ്രീകൃഷ്ണചരിതത്തിലുള്ളതെന്നു മിസ്റ്റർ. പരമേശ്വരയ്യർ പറഞ്ഞുകാണുന്ന ഈ ശ്ലോകവും പ്രമാണകോടിയെ അധിരോഹണം ചെയ്യുവാൻ വഹിയാത്തവണ്ണം വിവിധദോഷഗ്രസ്തമാണ്.

ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിന്റെ ഒടുവിൽ കാണുന്നതായി പ്രസ്താവിച്ചിട്ടുള്ള പദ്യത്തിന്റെ നില ഇപ്പറഞ്ഞതിലും വിചിത്രമാണ്. ആ പദ്യം ചുവടെ ചേക്കുന്നു.

'ശ്രീമന്മഹീസുരകുലോത്തമ
ശിഷ്യഭാവാത്
സംസിദ്ധസർവ്വപുരുഷാർത്ഥ
(കൃതാർത്ഥ) ചേതാഃ
നിശ്ശേഷഭൂമിസുരപാദ
സരോജസേവീ
ഭാഷാപ്രബന്ധമകരോദിഹ പാണിവാദഃ'

ഇവിടെ ഭാഷാപ്രബന്ധത്തെ ചെയ്തു എന്നാണല്ലൊ കാണുന്നത്. സർഗ്ഗാവസാനത്തിൽ 'മിശ്രസംസ്കൃത'മെന്നും ഗ്രന്ഥാന്തത്തിൽ ¶ഭാഷാപ്രബന്ധമെന്നും വ്യത്യസ്തരൂപത്തിൽ പറഞ്ഞു കാണുന്നതു തന്നെ ആ രണ്ടു പ്രസ്താവങ്ങളുടേയും അവിശ്വാസ്യതയെ വെളിപ്പെടുത്തുന്നു. 'ശ്രീമന്മഹീസുരകുലോത്തമ ശിഷ്യഭാവാത്' എന്ന് ഹേതുപഞ്ചമ്യന്തമായ പദം ഉത്തരപദത്തിൽ 'സംസിദ്ധ' എന്ന അംശത്തോടുമാത്രമേ യോജിയ്ക്കുന്നുള്ളു. ഇതു 'സമർത്ഥഃ പദവിധിഃ' എന്നുള്ള സമാസസാമാന്യമായ ശാസ്ത്രത്തിനു വിരുദ്ധമാണെന്ന് പറയേണ്ടതില്ലല്ലൊ. 'കൃതാർത്ഥ' എന്നഭാഗം വലയമദ്ധ്യഗതമാക്കി വിന്യസിച്ചിരിയ്ക്കുന്നത് അതു പ്രകൃതത്തിൽ ശരിയാംവണ്ണം യോജിക്കാത്തതുകൊണ്ടുതന്നെ ആയിരിയ്ക്കണം. ഏതായാലും പ്രസ്തുതപദ്യത്തിൽനിന്നും ഈ കൃതിയുടെ കർത്താവ് ഒരു പാണിവാദനാണെന്നും അയാൾ ഒരുബ്രാഹ്മണശ്രേഷ്ഠന്റെ ശിഷ്യനാണെന്നും ഉള്ളതിൽ, കൂടുതലായി അയാൾ രാമപാണിവാദൻ തന്നെയാണെന്നതീച്ചപ്പെടുത്തത്തക്കവണ്ണം, യാതൊരു തെളിവും കിട്ടുന്നില്ല.

¶ 'ഭാഷാപ്രബന്ധ'മെന്നാൽ മണിപ്രവാള കാവ്യമെന്നേ ഇവിടെ വിവക്ഷയുള്ളു.—Ed.

കുഞ്ചൻനമ്പ്യാൎക്ക് സംസ്കൃതകവനത്തിൽ വേണ്ടുവോളം പാടവം ഇല്ലായിരുന്നു എന്നുള്ളതിന് ഞാൻ നാളായണീചരിതം, കാൎത്തവീൎയ്യാൎജ്ജുനവിജയം എന്നീ തുള്ളൽക്കഥകളിൽനിന്നും സംസ്കൃതതന്മാത്രമായ ഏതാനും ഭാഗങ്ങൾ ഉദ്ധരിച്ചു സമൎത്ഥിച്ചിട്ടുണ്ട്. അതിൽ നിന്ന് ലിംഗനിശ്ചയവും കാരകജ്ഞാനവും പദപ്രയോജനചിന്തയും തുള്ളൽ കഥാകൎത്താവിന് വേണ്ടുവോളം ഇല്ലായിരുന്നു എന്ന് ഏവൎക്കും മനസ്സിലായിരിയ്ക്കുമെന്നാണ് എന്റെ വിശ്വാസം. നാളായണീചരിതത്തിലെ ആഢ്യബ്രാഹ്മണനോ, മറിസംസ്കൃതക്കാരാണെന്നോ അവരെ നമ്പ്യാർ അപഹസിയ്ക്കുകയാണെന്നോ ഊഹിയ്ക്കുന്നതിനും അതിൽ യാതൊരു അനൌചിത്യത്തിനും അവകാശമില്ലെന്ന് ഉദ്ഘോഷിയ്ക്കുന്നതിനും മിസ്റ്റർ. പരമേശ്വരയ്യൎക്കല്ലാതെ സാധിയ്ക്കുമെന്ന് തോന്നുന്നില്ല. കുഞ്ചൻനമ്പ്യാൎക്ക് ആ കഥാപാത്രങ്ങളെ ആ ഘട്ടത്തിൽ അപഹാസ്യരാക്കിത്തീൎക്കണമെന്ന് വിചാരമുണ്ടായിരുന്നെങ്കിൽ അവരുടെ സംസ്കൃതം ഇപ്പോൾ കാണുന്നതുപോലൊന്നുമായിരിയ്ക്കുകയില്ലായിരുന്നു. വിശേഷിച്ചും നാളായണീചരിതത്തിൽ ആ മാമുനിശ്രേഷ്ഠനെ ഒരിടത്തും ഒരു പരിഹാസപാത്രമാക്കാൻ കവി ചെറിയൊരു പഴുതും ഇട്ടിട്ടില്ലെന്നുള്ളതും വക്തവ്യമാണ്. ശിവപൂജനമദ്ധ്യത്തിൽ രാവണനും തെററായ സംസ്കൃതം പ്രയോഗിച്ച് പരിഹാസ്യനായിത്തീരുവാൻ ഉചിതജ്ഞനായ ഒരു കവി ഉദ്ദേശിച്ചിരിയ്ക്കയില്ലെന്നുള്ളതും മൻപറഞ്ഞതിൽനിന്ന് വ്യത്യസ്തമല്ല. ഉള്ളൂർ പറയുന്നത് പോലെ 'കോപം, ദീപം' എന്നീ പദങ്ങളെ ലിങ്ഗം തെററി പ്രയോഗിച്ചതുകൊണ്ട് മാത്രമല്ല, അതുപോലെ പല കുറവുകളും കുഞ്ചൻനമ്പ്യാരുടെ സംസ്കൃതപ്രയോഗത്തിൽ സ്പഷ്ടമായി കണ്ടതുകൊണ്ടാണ്, അദ്ദേഹം ഒരു പ്രമാണഭൂതനായ സംസ്കൃതവൈയാകരണനോ ഒരു ഉത്തമസംസ്കൃതമഹാകവിയോ ആകുവാൻ നിവൃത്തിയില്ലെന്ന് സമൎത്ഥിച്ചിട്ടുള്ളതു്. അദ്ദേഹത്തിന് സംസ്കൃതവ്യുത്പത്തി അത്രദൂരം കഷ്ടിയായിരുന്നു എന്നു അനുമാനിയ്ക്കുന്നതു് അബദ്ധമാണെന്ന് ഒരു സാമാന്യപ്രസ്താവം അനധികൃതമായി മിസ്റ്റർ. ഉള്ളൂർ ചെയ്തിരിയ്ക്കുന്നതു് സൎവ്വഥാ ആക്ഷേപിയ്ക്കപ്പെടേണ്ടതാണ്. കുഞ്ചൻനമ്പ്യാരുടെ കേവലമായ സംസ്കൃതവ്യുത്പത്തിയല്ല, സംസ്കൃതഭാഷാകവനസാമൎത്ഥ്യമാണ്, വാദഗ്രസ്തമായ വിഷയമെന്ന് അദ്ദേഹം ധരിയ്ക്കാഞ്ഞിട്ടോ, അതല്ല അന്യഥാ ധരിപ്പിയ്ക്കുവാനായിട്ടോ, എന്താണെങ്കിലും അതൊരു കുറവുതന്നെ.

'സാക്ഷാൽ രാമപാണിവാദനും കുഞ്ചനും ഒരാളോ രണ്ടുപേരോ എന്നു തീൎച്ചപ്പെടുത്തിപ്പറവാൻ ഇനിയും കാലമായിട്ടില്ല എന്നു വാദിക്കുന്നവർപോലും കുഞ്ചനും ഒരു രാമപാണിവാദനാണെന്ന് സമ്മതിയ്ക്കേണ്ടതാണ്. അതിനുള്ള തെളിവുകളും ധാരാളമായി കിട്ടിക്കഴിഞ്ഞിട്ടുണ്ട് ' എന്നിങ്ങനെ മിസ്റ്റർ. ഉള്ളൂർ പരമേശ്വരയ്യർ സന്ദേഹലേശം പോലും ഇല്ലാതെ ഒരു പ്രസ്താവന ചെയ്തിരിയ്ക്കുന്നതിൽ ആൎക്കാണ് അദ്ഭുതം തോന്നാത്തതു്. കുഞ്ചൻ ഒരു രാമപാണിവാദനാണുപോലും; അതിന് ഇപ്പോൾ ധാരാളമായും തെളിവുകൾ കിട്ടിക്കഴിഞ്ഞിട്ടുണ്ടത്രെ. ആ തെളിവുകളെന്താണ്! ഒരു പക്ഷേ പഞ്ചതന്ത്രത്തിലും ശ്രീകൃഷ്ണചരി

തത്തിലും മററും കാണപ്പെടുന്നുവെന്നു് പറഞ്ഞ അബദ്ധമായ ആ ശ്ലോകങ്ങളാകാം; രാമപാണിവാദനും കുഞ്ചനും ഒരാളോ രണ്ടുപേരോ എന്നു തീൎച്ചപ്പെടുത്തിപ്പറവാൻ ഇനിയും കാലമായിട്ടില്ലെന്നു് ആരും വാദിക്കുന്നില്ല. പിന്നേയോ, ആ കവികൾ രണ്ടുപേർതന്നെ എന്ന തത്ത്വം സ്ഥാപിയ്ക്കുകയാണു് ചെയ്യുന്നതു്.* രാമപാണിവാദനും കുഞ്ചനും അഭിന്നരാണെന്നുള്ളതിന്നു് ഇതേവരെ വെളിച്ചത്തുകൊണ്ടുവന്നിട്ടുള്ള പ്രമാണങ്ങളോ യുക്തികളോ സമൂലം തിരസ്കരിയ്ക്കപ്പെടുകയും ചെയ്തു കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണു് വാസ്തവമായ സംഗതിയെന്നു് ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. മിസ്റ്റർ. ഉള്ളൂർ ഭാഗവതചമ്പുവിൽനിന്നും 'സജ്ജനേഷ്വനാർജവശാലിത്വേന' എന്നു തുടങ്ങുന്ന ഗദ്യഭാഗമുദ്ധരിച്ചിട്ടു് പാണിവാദന്റെ ഫലിത പ്രയോഗചാതുരിയുടെ പാരമ്യം ഈ ഒരു ഗദ്യത്തിൽനിന്നു 'ഗ്രഹിക്കാം' എന്നു പ്രസ്താവിച്ചിരിയ്ക്കുന്നതു് നിരുദ്ദേശമായിട്ടായിരിയ്ക്കയില്ലെന്നു് ഇപ്രകാരമുള്ള പ്രസ്താവങ്ങളോടുള്ള പരിചയംകൊണ്ടു് അഭ്യൂഹിക്കുന്നതിൽ അനൌചിത്യമില്ലെന്നു് ഞാൻ കരുതുന്നു. ഭാഷാസാഹിത്യത്തിൽ ഫലിതരസപ്രധാനമായ കവനരീതിയ്ക്കു് പരിപൂർണമായി മാതൃകീഭവിയ്ക്കുന്ന ഒട്ടനേകം കൃതികൾകൊണ്ടു് ആപണ്ഡിതപാമരം സുശ്ലാഘ്യനായിത്തീൎന്ന കുഞ്ചനോടു് ഇതേവരെയും കിട്ടിയിട്ടുള്ള തെളിവുകൾ വെച്ചുനോക്കുകയാണെങ്കിൽ ഒരു കേരളീയ സംസ്കൃതമഹാകവി എന്നല്ലാതെ ഒരൊററ ഭാഷാകൃതിയുടേയും കൎത്താവായി അറിയപ്പെട്ടിട്ടില്ലാത്തരാമപാണിവാദനെ കൂട്ടിയിണക്കി കെട്ടുവാനുള്ള ഒരു സൂത്രമായിട്ടാണു്, മഹാകവി മേല്പറഞ്ഞതുപോലെ ഒരു ഭാഗം ഉദ്ധരിച്ചിട്ടുള്ളതെന്നുള്ളതിന്നു് സംശയമേ ഇല്ല. ഒരു കാര്യം ആരും സമ്മതിയ്ക്കുന്നതാണു്. രാമപാണിവാദന്റെ ഫലിതപ്രയോഗചാതുരിയുടെ പാരമ്യം ആ ഒരു ഗദ്യത്തിൽനിന്നു് ഗ്രഹിയ്ക്കാമായിരിയ്ക്കും. പക്ഷേ കുഞ്ചൻ നമ്പ്യാരുടെ ഫലിതപ്രയോഗചാതുരിയോടു് അതിനെ താരതമ്യപ്പെടുത്തുമ്പോൾ അവയുടെ പ്രകൃതിഭേദം അത്യന്തം സ്പഷ്ടീഭവിയ്ക്കുന്നതാണു്.

രാമപാണിവാദന്റെ അലങ്കാരപ്രയോഗപാടവത്തിന്നു് ഉദാഹരണമായിട്ടല്ലാതെ ഭാഗവതചമ്പുവിലെ പ്രസ്തുത ഭാഗത്തെ ഉപാദാനം ചെയ്യാവുന്നതല്ലെന്നുള്ളതോ പോകട്ടെ, ഇതാണു് അദ്ദേഹത്തിന്റെ ഫലിതപ്രയോഗപ്രകാരമെങ്കിൽ, ഞാൻ മുൻപു് സഹൃദയയിൽ ഉപന്യസിച്ചിട്ടുള്ളതുപോലെ ചുരുക്കം ചിലയിടത്തുമാത്രം പ്രത്യക്ഷപ്പെടുന്നതും അവിടെപ്പോലും ഗാംഭീൎയ്യത്തിൽ നിഹിതമായിരിയ്ക്കുന്നതും ആണു് രാമപാണിവാദന്റെ ഫലിതമെന്നുള്ളതിന്നു് ഇതു് ഒരു നല്ല ദൃഷ്ടാന്തമാകുമല്ലൊ. ബഹിരന്തഃസ്ഫുരദ്രസമായി സാൎവത്രികമായും സൎവതോമുഖമായും ആവിർഭവിയ്ക്കുന്ന കുഞ്ചൻനമ്പ്യാരുടെ ഫലിതകവനദ്രാക്ഷാഫലഗുച്ഛകങ്ങൾ എവിടെ? രാമപാണിവാദന്റെ കൃതിയിൽനിന്നും ഇവിടെ ഉദ്ധരി

* കുഞ്ചൻനമ്പ്യാരും രാമപാണിവാദനും ഒന്നാണെന്നു നിശ്ചിതമായ ഒരഭിപ്രായം ഇതുവരെ ഉള്ളൂർ പുറപ്പെടുവിച്ചിട്ടില്ലാത്ത സ്ഥിതിക്കു് അക്കാൎയ്യം ഇത്ര പ്രബലമാക്കിപ്പറയുന്നതെന്തിന്നു്? ഓരോ തെളിവുകൾ അദ്ദേഹം അപ്പൊഴപ്പോൾ പ്രാചീന രേഖകളിൽനിന്നും മററും തേടിപ്പിടിച്ചു കൊണ്ടുവന്നു സഹൃദയസമക്ഷം ഹാജരാക്കുന്നതു പ്രശംസിക്കുകയൊ അപലപിക്കയൊവേണ്ടതെന്നു വായനക്കാർ തീൎച്ചയാക്കാനുള്ളതാണു്—Ed.

ച്ചതുപോലെയുള്ള അലങ്കാരപ്രയോഗങ്ങ ൾ എവിടെ? വിശിഷ്യ, ഭൂമിദേവി അസു രാംശജാതന്മാരായ രാജാക്കന്മാരെപ്പററി അറിയിയ്ക്കുന്ന സംകടമായി ഭാഗവത ചമ്പുവിലുള്ള പ്രസ്തുതഭാഗം ഭട്ടബാണ ൻെറ കാദംബരി എന്ന ആഖ്യായികയി ൽ ചന്ദ്രാപീഡനോടുള്ള ഉപദേശത്തിൽ മിത്ഥ്യാഭിമാനികളും ഗർവിഷ്ഠന്മാരും ആ യ രാജാക്കന്മാരുടെ സ്വഭാവത്തെപ്പററി പറയുന്ന ഒരു ഭാഗവുമായി സ്പഷ്ടമായ തുല്യത വഹിക്കുന്നതാണെന്നുള്ളത് പ്ര സ്താവ്യമത്രെ. ആ രണ്ടുഭാഗങ്ങളും ചുവ ടെ അടുത്തടുത്ത് ഉദ്ധരിയ്ക്കുന്നതുകൊണ്ട് വായനക്കാൎക്ക് സദൃശതാബോധം എളു പ്പത്തിൽ ഉണ്ടാകുമെന്നു വിചാരിയ്ക്കുന്നു.

രാമപാണിവാദൻ ഈ ഭാഗത്തിൽ എന്നു മാത്രമല്ല മററുപലയിടത്തും ഏതാദൃശങ്ങ ളായ അലങ്കാരപ്രയോഗാവസരങ്ങളിൽ പലപ്രകാരത്തിലും ഭട്ടബാണപ്രഭൃതിക ളെ ഉപജീവിയ്ക്കുന്നുണ്ടെന്നുള്ളതും ചുരു ക്കത്തിൽ പ്രസ്താവിയ്ക്കുകമാത്രം ചെയ്യു ന്നു. പ്രൌഢങ്ങളായ ആ അലംകാരപ്ര യോഗങ്ങളെല്ലാം ഫലിതപ്രയോഗചാതു രിയുടെ പാരമ്യമായി വീണ്ടും വീണ്ടും ഗ്ര ഹിച്ചുവെയ്ക്കുന്നവൎക്ക് ഫലിതം എന്നു വെച്ചാൽ എന്താണെന്നുതന്നെ ഭ്രമമി ല്ലയോ, എന്ന് ആൎക്കും ന്യായ്യമായ സം ശയം ഉണ്ടായിപ്പോകുന്നതല്ലയോ.

ശ്രീഭാഗവതചമ്പൂപ്രബന്ധത്തിൽ പ്രാകൃതശ്ലോകങ്ങളും പല ഘട്ടങ്ങളിലും

| | രാമപാണിവാദൻ | ബാണഭട്ടൻ |
|---|---|---|
| 1. | ആത്മദാരപരിത്യാഗേന ജിതേന്ദ്രിയത്വമുദ്ബോധയദ്ഭിഃ | സ്വദാരപരിത്യാഗമവ്യസനിതേതി |
| 2. | സാധുജനഹിതോപദേശപ്രത്യാഖ്യാനേന സ്വതന്ത്രതാം ഉദ്യോതയദ്ഭിഃ | ഗുരുവചനാവധീരണം അപരപ്രണേയത്വമിതി |
| 3. | സജ്ജനേഷ്വനാജ്വവശാലിത്വേന നീതിമത്ത്വം പ്രഥയദ്ഭിഃദുർജ്ജനമതാനുസാരിത്വേന ദാക്ഷിണ്യം പ്രകാശയദ്ഭിഃ | അവിശേഷജ്ഞതാം അപക്ഷപാതിത്വമിതി |
| 4. | ഗണികാജനവശം വദത്വേനാഭിഗമ്യതാമാപാദയദ്ഭിഃ | വേശ്യാഭിസക്തിം രസികതേതി |
| 5. | അധ്വരാദിധ്വംസനേനാപ്രതിഹതശാസനത്വം | ദേവാവമാനനം മഹാസത്ത്വതേതി |
| 6. | ശത്രുകൃതാത്മതിരസ്കാരേഷു അനാകുലത്വേന ക്ഷമാവത്ത്വം വ്യഞ്ജയദ്ഭിഃ | പരാഭവസഹത്വം ക്ഷമേതി |

ഓട്ടൻതുള്ളലിൻെറ ഛായയിലുള്ള ഗദ്യ ഭാഗങ്ങളും വിശേഷമായി കാണുന്നതു് യാതൊരുപ്രകാരത്തിലും അദ്ഭുതത്തിനു് നിദാനമാകുന്നതല്ല. രാമപാണിവാദൻെറ പ്രാകൃതപ്രയോഗരീതി നാടകാദിരൂപകങ്ങളിൽ നമുക്ക് നല്ലപോലെ പരിചിതമാണല്ലൊ. അതിൽനിന്നു് എന്തെങ്കിലും ഭേദം ഈ ചമ്പൂപ്രബന്ധത്തിലെ പ്രാകൃതഭാഗങ്ങൾക്കുണ്ടെങ്കിൽ അതു് മിസ്റ്റർ ഉള്ളൂർ പ്രസ്താവിയ്ക്കേണ്ടതായിരുന്നു. അതില്ലെന്നുള്ളതാണു് വാസ്തവം. ഓട്ടൻതുള്ളൽമട്ടു് ഭാഷയിലെ പല ചമ്പൂപ്രബന്ധങ്ങളിലും കാണപ്പെടുന്നതുകൊണ്ടു് കുഞ്ചൻനമ്പ്യാരാൽ നൂതനനിർമ്മിതമെന്നു് വരികയില്ലല്ലൊ. അതിനാൽ ഓട്ടൻതുള്ളലിൻെറ ഛായയിൽ ചില ഗദ്യങ്ങൾ രാമപാണിവാദകൃതിയിൽ കാണുന്നതുകൊണ്ടു് അന്യഥാ ശങ്കയ്ക്കു് മഹാകവി അധീനനാകേണ്ടതില്ലെന്നു് ഉദ്ബോധിപ്പിച്ചുകൊള്ളട്ടെ.

ശാകുന്തളം ആട്ടക്കഥയുടെ കർത്തൃത്വത്തെപ്പററി മിസ്റ്റർ. ഉള്ളൂർ പൂർവ്വചരിത്രകാരന്മാരോടു വിവദിയ്ക്കുന്നഭാഗവും ചിന്തിയ്ക്കപ്പെടേണ്ടതായിത്തന്നെ ഇരിയ്ക്കുന്നു. പക്ഷേ രാമപാണിവാദനും കുഞ്ചൻനമ്പ്യാരും രണ്ടുപേർതന്നെ എന്നു് സമർത്ഥിയ്ക്കുന്ന ഈ പ്രകൃതത്തിൽ തദ്വിഷയകമായ വിചാരണം അപ്രാസംഗികമാണെന്നു് ഞാൻ കരുതുന്നതിനാൽ ഉപേക്ഷിയ്ക്കുന്നു.

ആകപ്പാടെ ,രാമപാണിവാദനും കുഞ്ചൻനമ്പ്യാരും രണ്ടുപേർ തന്നെ, കുഞ്ചൻനമ്പ്യാരുടെ സംസ്കൃതപ്രയോഗപാടവം തുള്ളൽക്കഥകൾ കൊണ്ടു് നമുക്കു് മനസ്സിലാക്കാം, കുഞ്ചൻ നമ്പ്യാരുടെ പേർ രാമൻ നമ്പ്യാരാണെന്നു് തെളിവുമില്ല' എന്നിങ്ങനെ ഇപ്പോഴത്തെ നിലയിൽ വാദത്തെ സംഗ്രഹിക്കാം.

മഹാകവി ഉള്ളൂരിൻെറ ഭാഷാഗവേഷണരീതിയ്ക്കുള്ള പ്രത്യേകതകളിൽ ഒന്നു് ഇവിടെ നിർദ്ദേശിക്കുന്നതു് അപ്രകൃതമാണെങ്കിലും വേണ്ടിയിരിയ്ക്കുന്നു. പണ്ടത്തെ ഗോദൻ കോതനായി എന്നുള്ള എൻെറ വാദവും, അതല്ലാ, കോതനാണു് ഗോദനായതു് എന്ന ഉള്ളൂരിൻെറ വാദവും വായനക്കാർ വിസ്മരിച്ചിരിയ്ക്കയില്ലല്ലൊ! ആ വാദപ്രതിവാദത്തിനു് ഏതാനും മാസങ്ങൾക്കു് മുൻപു് ഉള്ളൂർ തന്നെ സമസ്തകേരളസാഹിത്യപരിഷത്ത്രൈമാസികത്തിൽ ഒന്നാംപുസ്തകം ഒന്നാം ലക്കത്തിൽ (1108 ചിങ്ങം) സുഭഗസന്ദേശം എന്ന തലക്കെട്ടിലുള്ള പ്രബന്ധത്തിൻെറ ഇടയ്ക്കു് താഴെ പറയും പ്രകാരം പ്രസ്താവിച്ചിരിയ്ക്കുന്നതു നോക്കുക!

'ആണ്ടാൾക്കു സംസ്കൃതത്തിൽ ഗോദയെന്നു പേരുണ്ടു്. അതിൻെറ തദ്ഭവമാണു് കോത' ഇതിൽ നിന്നും 'കോത' എന്നതു് 'ഗോദ' എന്ന സംസ്കൃതപ്രാതിപദികത്തിൽ നിന്നും തദ്ഭവപരിണാമക്രമത്തിൽ ഉണ്ടായിട്ടുള്ളതാണെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം എന്നു തെളിയുമല്ലൊ. കേവലം വിസ്മൃതികൊണ്ടുപോലും തത്തൽപ്രസ്താവത്തിൽ നാനാവിധത്വം വരുത്തിവെയ്ക്കുവാൻ ഇടയാക്കുന്നതു് ഒട്ടും ക്ഷന്തവ്യമല്ല. താൻ മുൻപു ചെയ്തിട്ടുള്ള പ്രസ്താവങ്ങളെ പിന്നെച്ചിലെടത്തു് നിഷേധിയ്ക്കുന്ന സമ്പ്രദായവും മിസ്റ്റർ. ഉള്ളൂരിനു് ഇല്ലാതില്ല. പക്ഷേ ആ പ്രസ്താവങ്ങൾക്കു രണ്ടിനും യാതൊരു ചേർച്ചയും കാണാത്തതു കൊണ്ടു് ഒന്നും തന്നെ അവശ്യം വേണ്ട ഗവേഷണത്തിനുശേ

ഷം പുറപ്പെട്ടിട്ടുള്ളതല്ലെന്നു് തോന്നി പ്പോകുന്നതാണു് അതിനെ ആക്ഷേപി യ്ക്കുവാനുള്ള നിദാനമെന്നും പറഞ്ഞു കൊ ള്ളട്ടെ. ആട്ടക്കഥകളിലെ ചില അപ്രകാ ശിത ഭാഗങ്ങൾ എന്ന ലേഖനത്തിൽ ത ന്നെ 24-ാം വശം നോക്കുക.-ഗീതരാമത്തി ലുള്ളതെന്നു് അദ്ദേഹം ഇപ്പോൾ പറയു ന്ന ഒരു ശ്ലോകം അപ്രകാശിതമായ ഒരു പാലാഴിമഥനം ആട്ടക്കഥയിലുള്ളതാ ണെന്നു മിസ്റ്റർ. എം. ആർ. ബാലകൃഷ്ണ വാര്യരുടെ* കുഞ്ചൻനമ്പ്യാർ എന്ന പു സ്തകത്തിന്റെ അവതാരികയിൽ താൻ പ്രസ്താവിച്ചിട്ടുള്ളതു് കൈയ്പിശകാണു പോലും. ഇതു് കൈയ്പിശകാണെന്നു ആർക്കെങ്കിലും തോന്നുന്നതാണോ? ഗീത രാമം എന്നൊരു കൃതി അന്നു് മിസ്റ്റർ. ഉ ള്ളൂർ കണ്ടിട്ടുണ്ടായിരുന്നുവെങ്കിൽ അതി നെപ്പററി എന്തെങ്കിലും പറയാതെ വിട്ടു മായിരുന്നില്ല.$ പോകട്ടെ. ഇപ്രകാരം കൈയ്പിശകുകൾ മേലിൽ എങ്കിലും ആവിർഭവിയ്ക്കാതിരുന്നാൽ കൊള്ളാം. മി സ്റ്റർ. ഉള്ളൂരിന്റെ സാഹിത്യചരിത്രഗവേ ഷണപരമായ അവിശ്രമപരിശ്രമം ഏവ രുടേയും അഭിനന്ദനത്തെ അർഹിക്കുന്ന താണു്. അതിനിടയിൽ ആഭ്യന്തരലക്ഷ്യ ങ്ങൾക്കു് അർഹിയ്ക്കുന്നിടത്തോളം പ്രാ ധാന്യം നല്കാതെയുള്ള അഭ്യൂഹങ്ങളുടെ ന്യൂനതകൾ പരിഹൃതങ്ങളാകണമെന്നേ അസ്മാദൃശന്മാർക്കു് പറവാനുള്ളു.‡

---

* രാമപാണിവാദന്റേയും കുഞ്ചൻനമ്പ്യാരുടേയും ജീവചരിത്രങ്ങളെ കൂട്ടിക്കുഴച്ചിട്ടുള്ള ഒരു കൃതി K. G

$ അതു കാണാതെയാണൊ "രാമഃ ശ്രീദേവനാരായണ ധരണിപതേരാജ്ഞയാപാണിവാദോ ഗേയം ലീലാനുകൂലം കലയതി" ഇത്യാദി പദ്യം ഉള്ളൂർ അവതാരികയിൽ ഉദ്ധരിച്ചതു്?

‡ രാമപാണിവാദനെപ്പററി യാതൊരറിവും ഇല്ലാതിരുന്ന കേരളീയക്കു് ഇദംപ്രഥമമായി ഉള്ളൂർ നൽകിയ വിവരങ്ങൾ അമൂല്യങ്ങളാണെന്നു് നിമ്മത്സരബുദ്ധികളായ സകല സജ്ജനങ്ങളും സമ്മതിക്കുന്ന താണു്. അഭിപ്രായഭേദങ്ങൾ വരാം. എന്നാൽ അവയുടെ പ്രകടനത്തിൽ വ്യക്തിവിദ്വേഷം കടന്നുകൂടുന്നതു പരിതാപകരമാണു്.—Ed

# ഗ്രന്ഥനിരൂപണം.

[കൈപ്പററിയ ഗ്രന്ഥങ്ങളുടെ വിവരങ്ങളും ലഘുനിരൂപണങ്ങളും]

1. പ്രേമസീമ.

ഒരു പ്രഹസനം; ബി. പത്മനാഭപിള്ള ബി. ഏ; ബി. വി ബുക്ക്ഡിപ്പൊ തിരുവനന്തപുരം, വില അണ 6. അഭിപ്രായം വഴിയേ.

2. പ്രകൃതിസാമ്രാജ്യം.

ഉപന്യാസങ്ങൾ; കെ. എം. തരകൻ പുത്തൻകാവ്; നാഷണൽ ബുക്ക്ഡിപ്പൊ, തിരുവല്ല, വില ചക്രം 12. അഭിപ്രായം യഥാസൌകര്യം.

3. പ്രബന്ധമഞ്ജരി.

ഉപന്യാസങ്ങൾ; എം. ആർ ബാലകൃഷ്ണവാര്യർ എം. ഏ. എസ്സ്. ആർ ബുക്ക്ഡിപ്പോ, പുത്തൻചന്ത, വില രൂപ 1. അഭിപ്രായം പിന്നീട്.

4. വിവേകവാണി.

മാസിക; പത്രാധിപർ പി. ഗോവിന്ദമേനോൻ ബി. ഏ. മിഥുനം ലക്കത്തിൽ അനേകം ഗദ്യപദ്യലേഖനങ്ങൾ കാണുന്നവയിൽ ഒന്നു് മി. മൂർക്കോത്തുകുമാരൻ എഴുതിയ, നാടകവും നാടകാഭിനയവും' ആണു്. ഇതിൽ കഥകളിയെപ്പററി അപരിഷ്കൃതമെന്നു ആക്ഷേപിച്ചിട്ടുള്ളതു സകാരണമല്ലെന്നു പറയേണ്ടിയിരിക്കുന്നു. പണ്ടുണ്ടായ ഒരു ഏർപ്പാടു് പാടേ നവീകരിച്ചാലെ പ്രശംസാർഹമായി തീരുകയുള്ളൂ എന്നാണെങ്കിൽ പാശ്ചാത്യരുടെ അപ്രകാരമുള്ള എത്ര സ്ഥാപനങ്ങൾ നാമാവശേഷമായി തീരേണ്ടതാണു്. അവരാകട്ടെ, അവയെ തത്തദ്രൂപങ്ങളിൽ പരിപാലിച്ചു വരികയാണല്ലൊ ചെയ്യുന്നതു്. പരമാർത്ഥം അന്വേഷിക്കുമ്പോൾ കഥകളിയെപ്പററിയുള്ള മി. കുമാരന്റെ അഭിപ്രായം മാറാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. Ed

New Outlook. 9851

അഹമ്മദബാദിൽ നിന്നും ശാന്തിനികേതസംഘം വകയായി പ്രസിദ്ധപ്പെടുത്തുന്ന ഒരു ആംഗലമാസിക; പത്രാധിപർ ഗോവിന്ദലാലഷാ; ജൂൺലക്കത്തിൽ ഇൻഡ്യയുടെ ആവശ്യങ്ങൾ, യൂറോപ്പിനെന്തു പററി, സഹകരണചരിത്രം മുതലായ ചില നല്ല ഗദ്യലേഖനങ്ങളും, കവിതകളും കാണുന്നുണ്ടു്. പല ലേഖനങ്ങളിലും അടങ്ങിയിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചിടത്തോളം 'ഉപരിപ്ലവ'മല്ലാതെ 'അവഗാഹനം' ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു. എങ്കിലും ശ്രമം സ്തുത്യർഹം തന്നെ. Ed

ബാലശിക്ഷാവിധി.

വിദ്യാർത്ഥികളുടെ ആദർശങ്ങളെപ്പററി വിവരിക്കുന്ന പുസ്തകം; മേപ്രാൽ എം. എൻ. കേശവപിള്ള; നാഷണൽപ്രിൻറിങ്ങ് ഹൌസ് തിരുവല്ല. വില നാലണ. അഭിപ്രായം സാവകാശം.

## കേരളനസ്രാണികളുടെ വിവാഹാചാരങ്ങളും തൽസംബന്ധമായ പാട്ടുകളും.

പി. ജെ. തോമസ്, എം. ഏ, ബി. ലിററ്, ഡി. ഫ്ിൽ, Diocesan Press, Vepery, Madras.

## വൈദ്യസാരഥി

വൈദ്യവിഷയകമായ ഒരു ആംഗല മലയാള മാസിക. ആയുവ്വേദപ്രധാനം; വിജ്ഞേയങ്ങളായ പല ലേഖനങ്ങളും വൈദ്യക്കുറിപ്പുകളും മററും ജൂൺ ലക്കത്തിൽ കാണുന്നുണ്ട്; പത്രാധിപർ എൻ. എസ്സ്. മൂസ്സ്. വാഷിക വരിസംഖ്യ രൂപ 3.

## ധമ്മവിജയം

ആധുനികവിദ്യാഭ്യാസപദ്ധതിയിൽ ഗുരുശിഷ്യബന്ധം കുറേക്കൂടി ദൃഢതരമാക്കുന്നതിനും, സത്യം, ഭൂതദയ മുതലായ സൽഗുണങ്ങൾ വിദ്യാത്ഥികളിൽ പരിപോഷിപ്പിക്കുവാനും ഉതകുന്നഗ്രന്ഥങ്ങൾ ഏപ്പെടുത്തി, അതിൻെറ സാന്മാൎഗ്ഗികമായ നില പരിഷ്കരിക്കേണ്ടതാവശ്യമാണെന്ന് പലരും മുക്തകണ്ഠം ഘോഷിക്കാറുണ്ടെങ്കിലും ഇക്കാൎയ്യം എങ്ങനെയാണ് ഫലപ്രാപ്തമാക്കിത്തീക്കേണ്ടതെന്ന് പ്രായോഗികമായി ഒന്നും നിദ്ദേശിച്ചുകാണുന്നില്ല. വിദ്യാത്ഥികളുടെ ആത്മവികാസത്തിനനുരൂപമായ ധമ്മബോധവും അവരിൽ വളത്തുവാൻ ഏകാവലംബമായിരിക്കുന്നതു് അദ്ധ്യാപകശ്രമം ഒന്നുമാത്രമാകുന്നു. പക്ഷെ പലവൈഷമ്യങ്ങൾക്കും വിധേയനായിരിക്കുന്ന ആധുനികാദ്ധ്യാപകന് ഈ വിഷയത്തിൽ വിജയം ലഭിക്കുന്നില്ലെങ്കിൽ തെല്ലും അത്ഭുതപ്പെടുവാനില്ല.

ഈ ധമ്മസങ്കടത്തിൽ ഉത്തമഗ്രന്ഥങ്ങൾ മൂലം കാൎയ്യസാദ്ധ്യമുണ്ടാവുകയാണെങ്കിൽ അതൊരു ഭാഗ്യമായി വിചാരിക്കണം. ഇംഗ്ലണ്ടുമുതലായ പരിഷ്കൃതരാജ്യങ്ങളിൽ നല്ലനല്ല കഥാഗ്രന്ഥങ്ങൾകൊണ്ടാണ് സാന്മാൎഗ്ഗികതത്വങ്ങൾ വിദ്യാത്ഥികളെ ഗ്രഹിപ്പിക്കുന്നതെന്നും ഈ ഘട്ടത്തിൽ സ്മരിക്കേണ്ടതാണ്. ഇതാ ഇപ്പോൾ ഞങ്ങളുടെ നിരൂപണദൃഷ്ടിക്കു വിഷയമായിരിക്കുന്ന മേപ്രാൽ എം. എൻ. കേശവപിള്ള അവർകളുടെ "ധമ്മവിജയം" അത്തരംഗ്രന്ഥങ്ങൾക്ക് ഒരു മാതൃകയാണെന്നു നിദ്ദേശിക്കുവാൻ ഒട്ടും മടിക്കുന്നില്ല. കഥാബന്ധചാതുൎയ്യമൊ, പാത്രസൃഷ്ടിയിലുള്ള വൈഭവമൊ, പരിണാമത്തിലുള്ള അത്ഭുത രസപ്രകാശനമൊ, പ്രകൃതിവൎണ്ണനമൊ ഇതൊന്നുമല്ല താദൃശ ഗ്രന്ഥങ്ങളിൽ പ്രധാനമായിക്കരുതേണ്ടതു്. എന്നാൽ ഉദ്ദിഷ്ടഫലപ്രാപ്തിക്കുതകുന്ന സന്മാൎഗ്ഗതത്വോപദേശശകലങ്ങൾ ഉത്തേജിപ്പിക്കുന്നതിനു പൎയ്യാപ്തങ്ങളായ ഓരോ ദശാവിശേഷങ്ങളിൽ കൂടി സരസമായ ഒരു കഥയെ നയിച്ചു് ലളിതമായ ഭാഷാരീതിയിൽ വായനക്കാരുടെ ശ്രദ്ധയെ നിബന്ധിക്കുന്നതിനും, കക്ശങ്ങളും ദുരൂഹങ്ങളും ആയ വ്യതിയാനങ്ങളാൽ അവരെ കാട്ടുകയററാതെ, ആയതു് അവസാനം വരെ ഉദ്ദീപിപ്പിക്കുന്നതിനും ഉള്ള ഒരു പാടവം ഗ്രന്ഥകത്താവിനുണ്ടായിരിക്കേണ്ടതാണ്.

അതു് 'ധമ്മവിജയ' കത്താവിൽ സവിശേഷം തെളിഞ്ഞുകാണുന്നുണ്ടെന്നും, ഈ അഭിനവ പ്രസ്ഥാനത്തിൽ അദ്ദേഹത്തെ അനുമോദിക്കാനല്ലാതെ കുററം പറയുന്നതിനു യാതൊരു കാരണവും കാണുന്നില്ലെന്നും മാത്രമെ പ്രസ്താവിക്കേണ്ടതായിട്ടുള്ളു.

P. A. P

### ആത്മാവിൻെറ സ്നേഹഗീതം.

കവയത്രി സിസ്റ്റർ മേരി ബനിഗ്ന സി. ഡി. St. Joseph's Orphanage Press, Chenganacherry. വില അണ 6. അഭിപ്രായം വരും.

### കിരാതാർജ്ജുനീയ വ്യായോഗം

(രണ്ടാംപതിപ്പ്)

ഗ്രന്ഥകർത്രി പാലിയത്തു് ഓമനക്കുഞ്ഞമ്മ; പ്രസാധകൻ വെള്ളായ്ക്കൽ കൃഷ്ണമേനോൻ. വില അണ 12. പണ്ഡിതനായ രാജൻ തമ്പുരാൻെറ പ്രൌഢമായ അവതാരികയിൽ വ്യായോഗത്തിന് "ഒരങ്കവും, പ്രസിദ്ധകഥയും ധീരോദാത്തനായകനും ഹാസ്യശൃംഗാരങ്ങളിലൊന്നായ പ്രധാനരസവും കലർന്നിട്ടുള്ള രൂപകം" എന്നിങ്ങനെ ലക്ഷണം പറഞ്ഞുകാണുന്നു. എന്നാൽ ദശരൂപകത്തിലാകട്ടെ

"ഖ്യാതേതിവൃത്തോ വ്യായോഗഃ
ഖ്യാതോദ്ധതനരാശ്രയഃ
ഹീനോഗർഭവിമർശാഭ്യാം
ദീപ്താസ്യുർ ഡിമവദ്രസാഃ
അസ്ത്രീനിമിത്തസംഗ്രാമോ
ജാമദഗ്ന്യജയേയഥാ"

എന്നിങ്ങനെയാണു വിവരിച്ചുകാണുന്നതു്. "അസ്ത്രീനിമിത്തസംഗ്രാമം" എന്നു പ്രത്യേകം പറഞ്ഞിരിക്കയാൽ ശൃംഗാരരസത്തിനുള്ള പ്രാധാന്യം സംശയിതവ്യമാണല്ലൊ. പ്രസ്തുതനാടകം അതിനുദാഹരണവുമായിരിക്കുന്നു. വ്യായോഗത്തിലെ നായകന്മാരുടെ ഔദ്ധത്യം മുഴച്ചുനിൽക്കുന്ന സ്ഥിതിയ്ക്കു് ധീരോദാത്തന്മാരെ പാടുള്ളൂ എന്നു പറഞ്ഞിരിക്കുന്നതിലും എന്തോപാകപ്പിഴ വന്നു പോയിട്ടുണ്ടെന്നാണുതോന്നുന്നതു്. എന്തായാലും ഈ ഒരു അവതാരിക കൊണ്ടുമാത്രം 40 പുറമുള്ള നാടകത്തിൻെറ വില പന്ത്രണ്ടണയായി വർദ്ധിപ്പിക്കാമൊ എന്നാലോചിക്കാനുള്ളതാണു്.

Ed.

# യുവകവി പങ്ക്തി.

## വിരഹാതപം.

(വൈക്കം എൻ. നാരായണപിള്ള)

കരൾപൊട്ടിയറുന്ന ദേഹമോ
വിരഹത്തീയിലെരിഞ്ഞിടുന്നു മേ,
കൊടുതാം മരുഭൂമിതന്നിലായ്
വഴിതെററിച്ചു; നടുങ്ങിടുന്നു ഞാൻ.

അനുരാഗവിപഞ്ചികേ ഭവൽ
പുതുഗാനാമൃതധാരയിന്നഹോ
വിരഹാതപതപ്തമായിതാ
മറയുന്നു; ഹതഭാഗ്യയായി ഞാൻ.

തവകാഞ്ചന ദണ്ഡമിന്നു വി-
പ്രഭ വിസ്രസ്തശലാകയായിതാ
ദയനീയ മുറങ്ങിടുന്നി, തെൻ
ഹൃദയം നിൻ ചരമോപധാനമോ.

സഖി നീയുണരാത്തതെന്തു? കേ-
ണിടുമീത്തോഴിയെയൊന്നു നോക്കണേ,
പുതുതാകിയ നാകലോകമൊ
ന്നിവളെക്കാട്ടിമറച്ചു നീ ശുഭേ.

അതിമഞ്ജുളസൂനമഞ്ജരീ
നിരയാൽ ശോഭിതമായ വാടിയിൽ
നടനോത്സവമാടിയെത്തുമെൻ
മൃദുസൌരഭ്യമിയന്ന തെന്നലെ!

കണവൻെറ വിയോഗവഹ്നിയിൽ
പുരുസന്താപമിയന്നു താന്തയായ്
മരുവും മമ മേനിയൊന്നു നീ
തടവാതെന്തിനൊഴിഞ്ഞുപോവതും.

(യുഗ്മകം)

പ്രിയനിന്നിതറിഞ്ഞുപോകിലും
പിഴകല്പിയ്ക്കുകയില്ല മാന്യവാൻ;
അടിതന്നിലടിഞ്ഞു മാപ്പിര-
ന്നിടുമീയേഴയിലാർദ്രചിത്തനാം.

കളകണ്ഠഗളങ്ങളാൽഗളോല്ലസൽ
സുധയാം പഞ്ചമരാഗമിന്നഹോ
കൊടുതായ ഘനാഘനാരവ
ത്തൊടുനേരായിത തോന്നിടുന്നു മേ.

മധുപാവൃത സൂനമഞ്ജരീ
ധുരനമ്രോജ്ജ്വല മഞ്ജുമാലതി
പുണരുന്നു തെളിഞ്ഞു തെന്നലേ
ററുലയും ചൂതയുവാവിനെ സ്വയം.

ഇവളോ ഹതഭാഗ്യയായിതാ
കരയുന്നു കരളുററിടുന്നു മേ
മമ തോഴി പുകഞ്ഞിടുക്കമീ
ബഡവാഗ്നിക്കിരയാമഹം ദൃഢം

ii

ഹ ഹ! ഭൂതവിചാരവാരിതൻ
ചെറുകല്ലോല മനോജ്ഞ മാലകൾ
വികലപ്രഭമന്തരാന്തരം
മറിയുന്നു മമ ചിത്തവാപിയിൽ.

നവപല്ലവലോചനങ്ങളിൽ
ത്തെളിയും ശീതതുഷാരശീകരം
ദിനനാഥമരീചിബാഹുവ-
ന്നണയെച്ചെന്നു തലോടിടുന്നതും;

പുരുഹൂതദിഗന്തബന്ധുര
ദ്യുതിയാലക്കസമാഗമത്തിനെ
നളിനാംഗനയങ്ങടുത്തുക-
ണ്ടമിതാനന്ദമിയന്നിടുന്നതും;

അതിമഞ്ജുപ്രഭാതവാതമാ-
ന്നിളകും ഫുല്ലസുമാന്തികത്തിൽ ഞാൻ
മധുപാളിയെയാട്ടിയാത്ത കൌതു-
തുകമാന്നന്നു കളിച്ചിരുന്നതും;

മലർവാടിയിലിഷ്ടതോഴിയാ
യണയുന്നെൻ ചരണാംബുജങ്ങളെ
തൃണസംഹതി ശീതശീകര
പ്പനിനീരാൽക്കഴുകിത്തുടച്ചതും;

ശശിതൻ കലയൊത്ത നെററിമേൽ
ക്കളിയാടും മമ മേചകാളകം,
മലർമാലയുതിത്തു ഭംഗിചേ-
ത്തിടുമാരാമസുഗന്ധവാതവും;

പരിപാവന രാഗമന്ത്രമ
ങ്ങിളകീടും ഭ്രമരാക്ഷമാലയിൽ,
ലതികാവധു, പല്ലവാംഗുലീ
നിരയാലെണ്ണിയുരുക്കഴിപ്പതും;

ഹിമശീകരരത്നമേന്തിയ-
ങ്ങണയും ചാരുപ്രഭാതമാരുതൻ,
സുമരാജിയുതിത്തു നിന്നിടും
ചെറുവൃക്ഷങ്ങളെയാട്ടിടുന്നതും;

പകലോൻെറ കതിർഛടാവൃതാം-
ബരമേൽകട്ടിയലങ്കരിച്ചതാം
പുതുശാഡ്വലമെത്തതന്നിലായ്
പ്രകൃതീനാരിയുറങ്ങിടുന്നതും,

ശിവനേ! ബഹുരാജസന്നിഭമാം
വിവിധാനന്ദതരംഗമാലയിൽ
പലനാളിവളാത്തകൌതുക
ത്തൊടുലീലാരതയായ്ക്കഴിഞ്ഞതും;

ക്ഷണികാത്ഭുത സ്വപ്നചിത്രമെ
ന്നതുപോൽക്കണ്ടുമറഞ്ഞുസവ്വവും
കദനാണ്ണവഗത്തമാന്നിതാ
മൂതിമന്ത്രാക്ഷരമഭ്യസിച്ചുഞാൻ.

iii

ദുഃഹിണൽഗരളാംബുലിപ്തമാം
കൊടുനാരാചമിഴച്ച നെററിമേൽ
കണവൻെറരദഛദാങ്കിത
പ്പൂതുമാലേയമണിഞ്ഞതില്ലഞാൻ.
പികഗീതിയൊടൊപ്പമെൻപ്രിയൻ
പറയുന്നോരനുരാഗഗീതുകൾ
ഹതഭാഗ്യമിതെൻെറ കണ്ണമോ
നിറയെക്കേട്ടതുമില്ല ദൈവമെ.

പ്രണയാത്തിയൊടാത്തലോചനം
നിറയെക്കാമുകദേഹമന്നു ഞാൻ,
ഒരുനോക്കുകണ്ടതില്ല,യ
ശ്ശനിയൻ ലജ്ജ വലിച്ചിഴയ്ക്കയാൽ.

പുതുരാഗമിഴത്തിടാതെ ഞാ
നെഴുതീമേചകമന്നുലോചനേ,
പ്രിയരാഗമതിന്നു രാഗമാ
ണിഹവേണ്ടുന്നതുമെന്നറിഞ്ഞു ഞാൻ.

ചെറുതെന്നലിലങ്ങുനെററിമേൽ
ച്ചിതറിപ്പററിയ കുഞ്ചിതാളകം
പ്രിയനന്നു തലോടിമാററവേ
മൃദുരോമാഞ്ചമണിഞ്ഞു പോയിഞാൻ.

ബഹുമാനമൊടന്നു വാക്സുധാ-
ഭവബിന്ദുക്കൾ തളിച്ചുമെല്ലവെ
വിതറീയനുരാഗബീജ,മെൻ
ഹൃദയാന്തർസുമവാടിതന്നിലായ്.

ദിനമേവ വളന്നുവാച്ചൊരാ
ച്ചെറുതാം മഞ്ജുളരാഗവല്ലിയിൽ
പുതുമൊട്ടുകളിട്ടുകാണ്മതി
ന്നുഴറീഹൃത്തടമന്നനുക്ഷണം.

*പ്രിയനന്നുസ്പൃഹാമൃതോക്ഷിത
ഭൃതമാമെൻെറ ഹൃദന്തകുഡ്മളം
ദളമെണ്ണിവിടത്തിയായതിൽ
സ്ഥിതിചെയ്യുന്നമരന്ദമോരുവാൻ.

* വിരഹതാപത്താൽ കവി അന്ധനായി സ്ഖലിതങ്ങൾ അറിയുന്നില്ല—Ed.

ഒരുനാളിവർ മഞ്ജുമാല്യമായ്
ക്കരുതിപ്പോററിയപ്രേമപാശമെ,
കൊടുതാകിയ കാലപാശമാ
യിതരൂപാന്തരമേന്തിടുന്ന നീ

iv

കരയാതിരിചിത്തമെ! ഭവൽ
ക്കദനംകൊണ്ടതിനാരുഭൂതലെ?
തവജീവിതനാഥനെങ്ങു? ഭൂ-
ഷ്ണരമാമാഗ്രഹകോടിയെങ്ങയെ?

തകരുന്നുസമസ്തസത്വവും
കൊടുതാംകാലതരംഗമാലയിൽ
മറയുന്നിതനന്തഭൂതമാം
ജലധിക്കുള്ളിലനശ്വരത്വവും.

മമരാഗസുധാകരൻമറ-
ഞ്ഞിതപോകുന്നു നശിച്ചുസർവ്വവും;
മനമേ പതറാതെ ശാന്തമാം
പരമാനന്ദമകാമ്യമാണയെ.

---

# പ്രാചീനദേശ സംജ്ഞാകോശം.

(പി. അനന്തൻപിള്ള എം. ഏ.)

**വക്രേശ്വരം**—അഥവാ വക്രനാഥം; ബംഗാളിലെ ശക്തിപീഠങ്ങളിലൊന്നു്; മഹിഷമർദ്ദിനി ക്ഷേത്രം വളരെ പ്രസിദ്ധിയുള്ളതാണ്. ശീതോഷ്ണജലം മാറിമാറി പ്രവഹിക്കുന്ന ഏഴ് ഉറവുകൾ ഇവിടെയുണ്ടത്രെ!

**വക്ഷു**—Oxus നദിയുടെ പേരു്; ചക്ഷു എന്നു ശബ്ദകല്പദ്രുമം.

**വലഭി**—കാംബേ ഉൾക്കടലിന്റെ തീരത്തുള്ള ഒരു തുറമുഖം; ഗുജറാത്തിലെ ഭവനഗരത്തിനു 18 മൈൽ വടക്കുപടിഞ്ഞാറ് എന്നു് ദശകുമാരചരിതം; വമിലപുരം എന്നു് അവിടത്തെ ആളുകൾ പറഞ്ഞുവരുന്നു. ഒരുകാലത്തു സൌരാഷ്ട്രത്തിന്റെ തലസ്ഥാനം; 84 ജൈനക്ഷേത്രങ്ങളുണ്ടു്. ഏഴാം ശതകത്തിൽ ബുദ്ധമത വിദ്യാസങ്കേതമായിത്തീന്നു; ഭർത്തൃഹരി ഇവിടെയാണു ജീവിച്ചിരുന്നതു്. കല്പസൂത്രകർത്താവായ ഭദ്രബാഹുവും ഇവിടെത്തന്നെ ആയിരുന്നു.

**ബാൽഹികം**—കേകയരാജ്യത്തിനു വടക്കെന്നു രാമായണം അയോദ്ധ്യാകാണ്ഡം; ബാൽഹികവും ത്രിഗർത്തവും ഒരേരാജ്യത്തിന്റെ സംജ്ഞകൾ എന്നു് ത്രികാണ്ഡശേഷം; മാദ്രന്മാരെ ബാൽഹികന്മാർ എന്നു വിളിച്ചുവന്നിരുന്നതായിക്കാണുന്നു; ബാക്ററിയ എന്നു ബൃഹത്സംഹിത; Zoroaster ഇവിടെയാണു ജീവിച്ചിരുന്നതു്; ത്വഷ്ടാവിന്റെ പ്രാകൃതമാണത്രെ Zoroaster. ത്വഷ്ടാവിനെ വിശ്വകർമ്മാവെന്നു ബ്രഹ്മാണ്ഡപുരാണത്തിൽ പറഞ്ഞുകാണുന്നു.

**ബല്ലാലപുരം**—ബംഗാളിലെ ആദിശൂര ബല്ലാലസേന രാജാക്കന്മാരു

ടെ തലസ്ഥാനം; ഇപ്പോഴത്തെ രാമ പാലം.—സേനരാജാക്കന്മാർ മുഹമ്മദീയാക്രമണത്തോടുകൂടി ഇങ്ങോട്ടു പോന്നു എന്നു Cunningham; ഇവിടെത്തന്നെ പില്ക്കാലത്തു് ചന്ദ്രവമ്മ വംശക്കാരും വാണിരുന്നു.

**വാല്മീക്യാശ്രമം**— കാൺപൂരിന്ന് പതിന്നാലു മൈലകലെയുള്ള Bithur; വാല്മീകി പ്രതിഷ്ഠയോടുകൂടിയ ഒരു ക്ഷേത്രമുണ്ടു്; സീതയെ കൊണ്ടുചെന്നാക്കിയ സ്ഥലത്തിന്നു സതീഘട്ടം എന്നാണ് പേരു്; ലവൻ ശ്രീരാമന്റെ നേക്കയച്ച സായകം അടുത്തൊരു ക്ഷേത്രത്തിൽ സ്ഥാപിച്ചിട്ടുള്ളതായി ജനവിശ്വാസം; ഗംഗാതടത്തിൽ നിന്നും ഇതു ലഭിച്ചതായിട്ടാണു പറഞ്ഞുവരുന്നതു്.

**ബാലോക്ഷം**— Beluchistan എന്നു ബോധിസത്വ കല്പദ്രൂതം; പാഷാണിയ്ക്കടുത്തുള്ള Kalat ആയിരുന്നു പണ്ടത്തെ തലസ്ഥാനം; അതിപ്പോൾ Kalat ആയി; കാളിയുടെ പ്രസിദ്ധ ക്ഷേത്രം ഇപ്പോഴുമുണ്ടു്; Mustang എന്ന സ്ഥലത്തു് ഒരു മഹാദേവക്ഷേത്രമുണ്ടു; (History of Kalat—Leech)

**വാലുകേശ്വരം**— ബാംബേയ്ക്കടുത്തുള്ള Malabar Hill; ഇവിടെ പരശുരാമ പ്രതിഷ്ഠയുള്ള വാലുകേശ്വര മഹാദേവക്ഷേത്രമുണ്ടെന്നു സ്കാന്ദപുരാണം സഹ്യകാണ്ഡം.

**വംശഗുൽമം**— നമ്മദാ നദിയുടെ ഉൽഭവസ്ഥാനത്തുള്ള ഒരു തീത്ഥം എന്നു മഹാഭാരതം വനപവ്വം.

**വനം**— മധുവനങ്ങളിലൊന്നു്. വ്രജമണ്ഡലമെന്നും പേരുണ്ടു്. പന്ത്രണ്ടു വ്രജമണ്ഡലങ്ങൾ താഴെപ്പറയുന്നവയാകുന്നു. (1) താലവനം (2) മധുവനം (3) കുമുദവനം (4) വൃന്ദാവനം (5) ഖദിരവനം. (6) കാമ്യകവനം (7) ബകുളവനം (8) മഹാവനം (9) വില്വവനം (10) ലോഹവനം (11) ഭാണ്ഡീരവനം (12) ഭദ്രവനം; വാരാഹപുരാണത്തിൽ ഈ സംജ്ഞകൾക്കു അല്പാല്പ വ്യത്യാസങ്ങൾ കാണുന്നുണ്ടു്. മത്സ്യപുരാണത്തിൽ ഹിമവൽപ്പാശ്വങ്ങളിലുള്ള നന്ദനം, ചൈത്രരഥം മുതലായവയും പറഞ്ഞുകാണുന്നുണ്ടു്.

**ബാണപുരം**—മഹാബലിപുരം എന്നും; ഇപ്പൊഴത്തെ ചെങ്കൽപേട്ടയിലായിരുന്നു മഹാബലിയുടെ തലസ്ഥാനമായ പ്രസ്തുത നഗരം സ്ഥിതിചെയ്തിരുന്നതു്. കാഞ്ചീപുരത്തെ പല്ലവന്മാർ പല ശിലാസ്തൂപികകളും ഇവിടെ നിമ്മിച്ചിട്ടുണ്ടു്. അവർ A. D അഞ്ചാം ശതകത്തിലാണല്ലൊ പ്രാബല്യത്തിൽ വത്തിച്ചിരുന്നതു്.

**വനവാസി**—ഇപ്പൊഴത്തെ North Kanara എന്ന ജില്ലയ്ക്കു് ബുദ്ധമത പ്രാബല്യകാലത്തുണ്ടായിരുന്ന നാമധേയം എന്നു് ഹരിവംശം അദ്ധ്യായം 94; തുംഗഭദ്ര, വരദ എന്നീ നദികൾക്കു മദ്ധ്യേ ആയിരുന്നു എന്നു് Dr. Buhler വിക്രമാങ്കദേവചരിതത്തിന്റെ അവതാരികയിൽ; വരദാനദിയുടെ ഇടത്തുവശത്തെന്നു Ptolemy; കദംബരാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. B. C 245-ൽ അശോകമഹാരാജാ

വ്‌ ഈ സ്ഥലത്തേക്ക്‌ ബുദ്ധമത പ്രാസംഗിക സംഘത്തെ അയച്ചതായി ചരിത്രം; മധുകൈടഭന്മാരുടെ സങ്കേതമായിരുന്നു എന്ന്‌ സ്കാന്ദപുരാണം.

**വനായു**--Arabia; കുതിരകൾക്കു കീർത്തികേട്ട പ്രദേശമായിരുന്നു എന്നു കൌടില്യന്റെ അർത്ഥശാസ്ത്രം; വനായു അറേബിയ ആയിരുന്നു എന്നു പറയുന്നതു് കേവലമൊരു ഊഹം മാത്രമെന്നു Griffith സൂചിപ്പിച്ചിട്ടുണ്ട്‌. ആരബന്മാർ A. D ആറാം ശതകത്തിൽ ജീവിച്ചിരുന്നതായി വരാഹമിഹിരൻ ബൃഹത്സംഹിതയിൽ പ്രസ്താവിച്ചിരിക്കുന്നു.

**വംഗം**—അംഗം, ഉപവംഗം, വംഗം ഇവ മൂന്നും ചേർന്നതാണ്‌ ഇപ്പൊഴത്തെ ബംഗാൾ. പുണ്ഡ്രം, സമതടം, കർണ്ണസുവർണ്ണം, താമ്രലിപ്തം, കാമരൂപം എന്നപ്രദേശങ്ങളെല്ലാം ഉൾപ്പെട്ടിരുന്നു. ഐതരേയാരണ്യകത്തിലാണ്‌ ആദ്യമായി പരാമർശിച്ചുകാണുന്നതു്. ബംഗാളം എന്ന പേരു A. D പതിമൂന്നാം ശതാബ്ദത്തോളം പഴക്കമുള്ളതാണ്‌ എന്ന്‌ Sir George Birdwood. വംഗരാജ്യം വളരെക്കാലം വാണിരുന്ന സേനരാജാക്കന്മാർ കർണ്ണാടകത്തുനിന്നും ചെന്നവരെന്ന്‌ ഒരു താമ്രശാസനത്തിൽ കാണുന്നു. ഈ രാജ്യത്തിന്റെ പ്രാചീനകാലങ്ങളിലുള്ള കച്ചവടപ്രാമാണ്യത്തിനു് Schoff's Periplus നോക്കുക.

**വഞ്ചിപട്ടണം**—പ്രാചീന ചേരരാജധാനി. ഇതു കോയമ്പത്തൂർജില്ലയിലുള്ള കാരൂർ ആണെന്നു കാൾഡ്‌വെൽ. കരുത്തപട്ടണം എന്നാണ്‌ അർത്ഥം പറഞ്ഞുകാണുന്നതു്. കരൌരെ എന്ന്‌ ടാളമി പറയുന്നതു ഈ പട്ടണത്തെ ഉദ്ദേശിച്ചാണുപോലും. എന്നാൽ തമിഴിലെ പെരിയപുരാണപ്രകാരം വഞ്ചിപട്ടണം പടിഞ്ഞാറെ സമുദ്രതീരത്തെന്നും, അതിന്‌ മാകോതൈ എന്ന അപരനാമധേയമുണ്ടായിരുന്നു എന്നും കാണാവുന്നതാണ്‌. തിരുവഞ്ചിക്കുളമെന്ന്‌ വീരരാഘവപ്പട്ടയം. കാരൂർ ചേരത്തിന്റെ പ്രാചീനരാജധാനിയായിരുന്നതുകൊണ്ട്‌ തലസ്ഥാനം മാറിയപ്പോൾ തിരുവഞ്ചിക്കുളത്തിന്‌ ആ പേരും ആളുകൾ നൽകി എന്നു വിചാരിക്കാവുന്നതാണ്‌. ഇതുപോലെ തൃക്കാരിയൂർ എന്ന മറെറാരു സ്ഥലവും ചരിത്രപ്രധാനമായിട്ടുള്ളതാകുന്നു. അതിനും പഴയ തലസ്ഥാനത്തിന്റെ പേരു പിന്നീടു നൽകിയതാണ്‌.

# പത്രാധിപക്കുറിപ്പുകൾ.

ആയിരത്തിഒരുനൂററിപ്പത്തിനൊന്നാമാണ്ടു് സാഹിത്യകാരന്മാർക്കു വിശേഷിച്ചും നല്ലകാലമല്ലെന്നു സഹൃദയയുടെ ചരമപങ്ക്തി സാക്ഷ്യം വഹിക്കുന്നുണ്ടു്. ഈയ്യിടെയായിത്തന്നെ മൂന്നുപേർ കേരളത്തിൽ നിര്യാതരായി. ചുനക്കരെ ഉണ്ണിക്കൃഷ്ണവാര്യർ പ്രശാന്തപേശലമായ തന്റെ ജീവിതം കൈരളീസേവനത്തിനായി അർപ്പിച്ചിരുന്ന ഒരു മഹാപണ്ഡിതനായിരുന്നു. മേല്പത്തൂർ ഭട്ടതിരിപ്പാട്ടിലെ പ്രബന്ധങ്ങൾ ഒട്ടുമുക്കാലുംഎണ്ണം ഭാഷയിലേക്കു തർജ്ജമ ചെയ്തിട്ടുള്ളതുകൂട്ടാതെ അനേകം സ്വതന്ത്ര കൃതികളും രചിച്ചിട്ടുള്ള ഇദ്ദേഹത്തിന്റെ സാഹിത്യ ശ്രമങ്ങളെല്ലാം ചിരകാല പ്രതിഷ്ഠയെ പ്രാപിക്കത്തക്കവയാണു്.

കുണ്ടൂർ നാരായണമേനോൻ കവിതിലക ബിരുദത്താൽ പ്രസിദ്ധനായിത്തീർന്നിട്ടുള്ള ഒരു കവിയായിരുന്നു. അദ്ദേഹത്തിന്റെ രഘുവംശകുമാരസംഭവാദി തർജ്ജമകൾ ഭാഷയുടെ വിലയേറിയ സമ്പാദ്യങ്ങളാകുന്നു. പച്ചമലയാളത്തിലെഴുതീട്ടുള്ള ലഘുകാവ്യങ്ങൾ മലയാളികൾക്കു പ്രിയതരങ്ങളായിത്തീർന്നിട്ടുണ്ടു്. ആകപ്പാടെ കേരളത്തിലെ യാഥാസ്ഥിക കവികളുടെ കൂട്ടത്തിൽ വളരെ ഉയർന്ന ഒരുസ്ഥാനമാണു് മിസ്റ്റർ മേനവനുള്ളതു്. ഇങ്ങനെ നമുക്കു പല ഉപകാരങ്ങളും ചെയ്തുതന്നിട്ടുള്ള മഹാന്മാരുടെ നിര്യാണത്തിൽ നിഷ്കളങ്കമായ വ്യസനം ആർക്കും ഉണ്ടാകുന്നതാണു് എന്നു പറഞ്ഞാശ്വസിക്കയല്ലാതെ ഗത്യന്തരമില്ലല്ലൊ.

മറെറാരുചരമം യുവകവി ഇടപ്പള്ളി രാഘവൻ പിള്ളയുടേതാണു്. ധ്വനിപ്രധാനങ്ങളായ പല ഖണ്ഡകവിതകളും ഇദ്ദേഹം എഴുതി പ്രസിദ്ധപ്പെടുത്തീട്ടുള്ളതു കണ്ടിട്ടുള്ള സഹൃദയന്മാരെല്ലാവരും ഭാവിയിൽ ഇദ്ദേഹം കീർത്തികേൾക്കത്തക്ക ഒരു നിലയിലെത്തുമെന്നു പ്രതീക്ഷിക്കാതിരുന്നിട്ടില്ല. ഒടുവിലത്തെ കവിതയായ 'മണിനാദ'വും ഈ അഭിപ്രായം ബലപ്പെടുത്തുന്നു. വിഷമതരമായ ജീവിതമത്സരത്തിൽ സധൈര്യം നിലയുറച്ചു നിൽക്കുവാൻ കെല്പില്ലാഞ്ഞിട്ടു് ആത്മഹത്യക്കുവശംവദനായ ഈ യുവകവിയോടു യഥാർത്ഥമായ അനുകമ്പ തോന്നാത്തവരുണ്ടാകുമെന്നു തോന്നുന്നില്ല.

## സ്വകാര്യം.

### ലേഖകന്മാരോടു്

"സഹൃദയ" തുടങ്ങുന്നതിന്റെ ഉദ്ദേശ്യം ആദ്യലക്കത്തിൽ സൂചിപ്പിച്ചിരുന്നല്ലൊ ലേഖനങ്ങളുടെ കാര്യത്തിൽ ആ ഉദ്ദേശം ലേശവും ഗണിക്കാതെ പലരും പലതും എഴുതി അയക്കുന്നുണ്ടു്. നിവൃത്തിയുള്ളേടത്തോളം നല്ല ലേഖനങ്ങളൊന്നും തന്നെ ഉപേക്ഷിക്കരുതെന്നാണു ഞങ്ങളുടെ നയം. യുവകവിപങ്ക്തിയിൽ ചേർക്കുന്ന കവിതയെ സംബന്ധിച്ചിടത്തോളം, പല തെററുകളും തിരുത്തേണ്ടതായിട്ടാണിരിക്കുന്നതു്. അതിലേയ്ക്കു സമയം കിട്ടായ്കയാൽ ഒട്ടുമുക്കാലും കവിത ഉപേക്ഷിക്കേണ്ടിവരുന്നു.

### വരിക്കാരോട്

മാസംതോറും സഹൃദയ 'കണിശ'മായി പ്പുറപ്പെടുന്നില്ലല്ലോ എന്നു പലരും പരാതി പറയുന്നുണ്ട്. പക്ഷെ നല്ല ലേഖനങ്ങൾ കിട്ടുന്നതിലുള്ള ബുദ്ധിമുട്ടൊന്നും അവരറിയുന്നില്ല. ആദ്യ 'കരാറ'നുസരിച്ച് പന്ത്രണ്ടു ലക്കങ്ങൾ ഓരോ വരിക്കാൎക്കും നൽകാതിരിക്കുന്നതല്ലെന്നും, അല്പം കാലതാമസം നേരിടുന്നതായാൽ അതു ക്ഷമിക്കണമെന്നും മാത്രമെ തൽക്കാലം പറയേണ്ടതായിട്ടുള്ളു.

### അച്ചടിത്തെറവുകൾ

ഇതൊരു വലിയ വിഷമപ്രശ്നമായിത്തീൎന്നിരിക്കയാണ്. എത്രതന്നെ പരിശോധനകഴിച്ചാലും തെറവുകൾ കാണാം. ഇത്തവണയും 570-ാം പുറത്ത് വാത്യാ എന്നതിനുപകരം വിത്യാ എന്നും, 572-ാം പുറത്ത് സദ്യഃ എന്നതിനു പകരം സഭ്യഃ എന്നും 586-ാം വശത്ത് പ്രത്യക്ഷരാകുന്നു എന്നതിനുപകരം പ്രത്യക്ഷനാകുന്നു എന്നും അച്ചടിച്ചു കാണുന്നു. ഇതുപോലെ 576, 577 എന്നീ പുറങ്ങളിൽ വള്ളിപുള്ളികളും ദീൎഘങ്ങളും വിട്ടും, അബദ്ധമായും ഉപയോഗിച്ചിരിക്കുന്നു. അച്ചടി കഴിഞ്ഞതിനു ശേഷം ഇതെല്ലാം തിരുത്തുന്നതിനു് ഒരു 'ശുദ്ധിപത്രം' ചേൎക്കുന്നതുകൊണ്ടു വലിയ പ്രയോജനമൊന്നുമില്ലല്ലൊ. വായനക്കാരുടെ ദയാദൃഷ്ടി പ്രാൎത്ഥിക്കയല്ലാതെ ഗത്യന്തരമില്ല.

### അധോലിഖിതങ്ങൾ

വാദവിഷയങ്ങൾ പ്രതിപാദിക്കുന്ന ലേഖനങ്ങളെ സംബന്ധിച്ചിടത്തോളം വാദിപ്രതിയോഗികൾക്കു ആശ്വാസപ്രദമായ വിധത്തിൽ മാത്രമെ 'അധോലിഖിതങ്ങൾ' ചേൎക്കാറുള്ളു. പ്രത്യാഖ്യാന പരമ്പര വായനക്കാൎക്കു രുചിക്കയില്ലെന്നു വരുമ്പോൾ പത്രാധിപക്കുറിപ്പുകൾ കൊണ്ടല്ലാതെ പ്രതിപക്ഷികളുടെ അഭിപ്രായസാരം വിശദമാക്കുവാൻ സാധിക്കുന്നതല്ല. അതിൽ ഇരുകൂട്ടൎക്കും പരിഭവത്തിനവകാശമില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

---

## മലയാളം ആണേഴ്സ് സമാജം.

(റിപ്പോർട്ട്.)

പ്രസ്തുത സമാജത്തിൻെറ ഈയാണ്ടത്തെ പ്രഥമസമ്മേളനം കൎക്കടകമാസം ൧൦-നു- ഉച്ചക്കു രണ്ടുമണിക്കുശേഷം ആർട്സ് കാളേജിൽ വച്ച് ഡാക്ടർ എൽ. ഏ. രവിവൎമ്മ തമ്പുരാൻെറ അദ്ധ്യക്ഷതയിൽ ഭംഗിയായി നടന്നിരിക്കുന്നു. കാലേക്കൂട്ടിയുള്ള ക്ഷണം അനുസരിച്ച് പല മഹാന്മാരും മഹതികളും സന്നിഹിതരായിരുന്നു.

തദവസരത്തിൽ രാജശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ള അവർകൾ എം. ഏ. "മലയാളത്തിലെ പ്രത്യയങ്ങൾ" എന്ന വിഷയ

ത്തെപ്പററി ദീൎഘവും സാരഗൎഭവുമായ ഒരു പ്രസംഗം ചെയ്കയുണ്ടായി. മലയാളത്തിലെ പ്രത്യയങ്ങൾ എല്ലാംതന്നെ ധാതുനിഷ്പന്നങ്ങളാണെന്നു സമൎത്ഥിക്കാനായിരുന്നു പ്രസംഗകന്റെ ശ്രമം. പ്രധാനപ്പെട്ട പ്രത്യയങ്ങളെ നാമങ്ങളോടു ചേരുന്നവ, ക്രിയകളോടു ചേരുന്നവ എന്നു രണ്ടായി തരം തിരിക്കാമെന്നും മററു പ്രത്യയങ്ങളെ മുഖ്യമായി ഗണിക്കേണ്ട ആവശ്യമില്ലെന്നും സൂചിപ്പിച്ചു. സൎവനാമങ്ങൾ എല്ലാംതന്നെ ആദിയിൽ ഏതുപ്രകാരത്തിൽ ഇരുന്നു എന്നും അവ അനന്തരകാലങ്ങളിൽ പ്രത്യയത്വേന ചമഞ്ഞതു് എങ്ങനെയെന്നും ഗാഢമായി ചൎച്ച ചെയ്തിരുന്നു. നാമങ്ങളോടു് ലിംഗം വചനം വിഭക്തി എന്നവയെ കുറിക്കാനും കൃതികളോടു്, കാലം, പ്രകാരം, പ്രയോഗം, പ്രയോജകത്വം തുടങ്ങിയുള്ളവ കുറിക്കാനും പ്രത്യയങ്ങൾ ചേരും എന്നും വിഭക്തി പ്രത്യയങ്ങളെപ്പററി കാംഡുവൽ എ. ആർ. തുടങ്ങിയുള്ള ആചാൎയ്യന്മാരുടെ അഭിപ്രായങ്ങളെ ക്രോഡീകരിച്ചും സ്വന്തമായും പ്രസംഗകൻ ചൎച്ച ചെയ്തിരുന്നു. പ്രതിഗ്രാഹികാ പ്രത്യയമായ 'ഏ' സംയോജികാ പ്രത്യയമായ 'കു' സംബന്ധികാ പ്രത്യയമായ 'ൻ' ആധാരികാ പ്രത്യയങ്ങളിൽ ഒന്നായ 'കൽ' ഇവയെപ്പററിയായിരുന്നു നൂതനങ്ങളായ അഭിപ്രായങ്ങൾ പ്രസംഗകൎത്താവു് അവതരിപ്പിച്ചതു്. ധാതുക്കളിൽ നിന്നു് ഈ പ്രത്യയങ്ങളെ വ്യുത്പാദിപ്പിക്കുന്നതു് അശക്യം എന്നുള്ള പൂൎവസിദ്ധാന്തത്തെ സയുക്തികമായി എതിൎത്തു് 'ഏ', 'ആയി' എന്നതിൽനിന്നും 'കു', 'ഉകു' എന്ന ധാതുവിൽ നിന്നും 'ൻ' ഇനം എന്നതിൽ നിന്നും 'കൽ' കൽ എന്ന പ്രാതിപദികത്തിൽ നിന്നും വരാവുന്നതാണെന്നു കാണിച്ചു. മരത്തിൽ തുടങ്ങിയുള്ള രൂപങ്ങളിൽ കാണുന്ന അത്തു പ്രത്യയം തമ്പുരാന്റെ സിദ്ധാന്തമനുസരിച്ചുള്ള 'അത്തു' ആദേശമല്ലെന്നും നേരെമറിച്ചു് അതു് എന്ന സൎവനാമം ചേൎന്നതാണെന്നും സൂചിപ്പിച്ചു. ഈ അവസരത്തിൽ ദ്രാവിഡഭാഷയിൽ സ്വരഭാരമുണ്ടു് എന്നും 'മരത്ത്' എന്നു് 'അത്' ഇരട്ടിച്ചുനിൽക്കുന്നതു് സ്വരഭാരം (accentuation) കൊണ്ടാണെന്നും, ശബ്ദങ്ങളിൽ നമ്മുടെ ഭാഷയിൽ മിക്കവാറും അന്ത്യവൎണ്ണത്തിനു ഭാരമുണ്ടായിരിക്കുമെന്നും പ്രസംഗകൎത്താവു് ഊഹിക്കുന്നതായി പ്രസ്താവിച്ചു. സ്വരഭാരം പദാന്ത്യത്തിൽ വന്നാൽ അടുത്തുനിൽക്കുന്ന പദങ്ങളുടെ ആദ്യാക്ഷരങ്ങളിലേക്കു ‡സംക്രമിക്കുമെന്നും അങ്ങനെ സംക്രമിച്ചാൽ വ്യഞ്ജനാക്ഷരങ്ങൾ ഇരട്ടിക്കുമെന്നും 'അവിടെ പോയി' എന്ന വാക്കുകൾ ഒരുമിച്ചു് ഉച്ചരിക്കുമ്പോൾ 'അവിടെപ്പോയി' എന്ന പ്രകാരത്തിൽ പ ഇരട്ടിക്കുന്നതു് §സ്വരഭാരസംക്രമണം കൊണ്ടാണെന്നും പ്രസംഗകൎത്താവു് പ്രതിപാദിച്ചു.

* കാംഡ്വെല്ലും ഗുണ്ടർട്ടും സ്ഥാപിച്ച ഈ അഭിപ്രായം കേരളപാണിനി ഖണ്ഡിച്ചതു അബദ്ധമെന്നു പറവാൻ ഈ കാരണം മതിയാകുന്നില്ല—Ed.

‡ വ്യഞ്ജനാന്തങ്ങളേയോ സ്വരാന്തങ്ങളേയോ? ഏതാണു വിവക്ഷ? മുത്തുച്ചിപ്പിയിൽ സ്വരഭാരമുണ്ടെന്നും അച്ചുകൂടത്തിലില്ലെന്നുമാണോ മനസ്സിലാക്കേണ്ടതു് ?—Ed.

§ "ഖരാദേശ, മിരട്ടിപ്പും പരസംക്രാന്തി സൂചകം" എന്നു കേ. പാ. പറഞ്ഞിട്ടില്ലേ ?—Ed.

ക്രിയാപ്രത്യയങ്ങളെപ്പററിയും പ്രസംഗകൎത്താവു് സാമാന്യം ദീൎഘമായി ചൎച്ച ചെയ്തിരുന്നു. ഇതിൽ അധികവും കാൾഡ്വൽ തുടങ്ങിയുള്ള പൂൎവാചാൎയ്യന്മാരുടെ മതത്തോടു യോജിക്കയാണു് ചെയ്തതു്. 'ഉം' എന്ന ഭാവിപ്രത്യയം തന്നെയാണു് സമുച്ചയനിപാതമായി നിലനിൽക്കുന്നതെന്നും രണ്ടും അനുമതിസൂചകമായ 'മൂളലി'ൽ നിന്നു് ഉണ്ടായതായിരിക്കാമെന്നും മററു ഭാഷകളിലും ഇതിനു തുല്യമായരീതി കാണാറുണ്ടെന്നും ചൂണ്ടിക്കാണിച്ചു. 'ആ' എന്ന നിഷേധപ്രത്യയം ഏതു പ്രകാരത്തിൽ വ്യുത്പാദിപ്പിക്കണമെന്നു പറയുക പ്രയാസമാണെന്നു പറഞ്ഞതേയുള്ളു.* കാരിത കൃതികളിൽ കാണുന്ന 'ക്കു'എന്ന പ്രത്യയം ചെയ് എന്ന ധാതുവിന്റെ തന്നെ ആദിരൂപമായി കല്പിക്കേണ്ട 'കെയ്' †എന്നതിൽനിന്നും വന്നതായിരിക്കാമെന്നു പ്രതിപാദിച്ചു. സാമാന്യം ദീർഘമായിരുന്ന പ്രസ്തുത പ്രസംഗം സദസ്യരെ ആകമാനം ആകൎഷിച്ചു.

പ്രസ്തുതപ്രസംഗാനന്തരം മാന്യാതിഥിയായി സമാഗതനായിരുന്ന സംസ്കൃത കാളേജുപ്രിൻസിപ്പാൾ ഡാക്ടർ ഗോദവൎമ്മ തമ്പുരാൻ എം ഏ പി എച്ച് ഡി (ലണ്ടൻ) പ്രാസംഗികനെ അനുഗ്രഹപൂൎവം അഭിനന്ദിച്ചും എന്നാൽ ചില അംശങ്ങളിൽ പ്രാസംഗികനോടു് പൂൎണ്ണമായി യോജിക്കാൻ നിവൃത്തിയില്ല എന്നു് ഖേദം പ്രകടിപ്പിച്ചും സരസമായി സാമാന്യം ദീർഘമായ ഒരു പ്രസംഗം ചെയ്തു. മി. കുഞ്ഞൻപിള്ളയുടെ സ്വരഭാരസിദ്ധാന്തത്തെ സ്വീകരിക്കാമോ എന്നു സംശയിച്ചുകൊണ്ടു തമ്പുരാനും ആ സിദ്ധാന്തത്തെ സ്വീകരിക്കാതിരുന്നാൽ അതിലും വിഷമമേറിയ വേറൊരു സിദ്ധാന്തത്തെ സ്വീകരിക്കേണ്ടിവരുമെന്നു് പണ്ഡിതാഗ്രണിയായ രാജശ്രീ വി കൃഷ്ണൻതമ്പി അവർകളും അഭിപ്രായപ്പെടുകയുണ്ടായി. ദ്രാവിഡഭാഷാശാസ്ത്രനിയമങ്ങളെപ്പററി ഗാഢമായ പരിജ്ഞാനമുള്ള തമ്പുരാന്റെ പ്രഭാഷണം ഭാഷയിൽ ഉപരിപഠനം നടത്തുന്ന വിദ്യാൎത്ഥികൾക്കും വിദ്വാന്മാൎക്കും ഒരുപോലെ പ്രയോജനകരമായിരുന്നു.

തമ്പുരാന്റെ പ്രസംഗത്തിനുശേഷം പൌരസ്ത്യഭാഷാദ്ധ്യക്ഷനായ രാജശ്രീ വി. കൃഷ്ണൻതമ്പി അവർകളുടെവകയായി വളരെ കേമമായ ഒരു കാപ്പിസത്കാരം ഉണ്ടായിരുന്നു. വിഭവപൂൎണ്ണമായ സദ്യകഴിഞ്ഞു് സദസ്യർ വീണ്ടും സമ്മേളിച്ചു.

അനന്തരം രാജശ്രീ വിദ്വാൻ സി ഐ ഗോപാലപിള്ള അവർകൾ പ്രസംഗകൎത്താവിനെ അഭിനന്ദിച്ചുകൊണ്ടു് സരസമായിപ്രസംഗിച്ചു. പ്രതിഗ്രാഹികയുടേയും ഉദ്ദേശികയുടേയും പ്രത്യയങ്ങളെ നിഷ്പാദിപ്പിക്കുന്ന സമ്പ്രദായത്തോടു അദ്ദേഹം പൂൎണ്ണമായി യോജിച്ചു. 'ആൽ' 'കാൽ' എന്ന പ്രത്യയങ്ങളിൽ അദ്ദേഹം അല്പം സംശയം പ്രകടിപ്പിക്കാതിരുന്നില്ല.

* മൂളി 'ഉം' ഉണ്ടാക്കുമ്പോലേ വാപൊളിച്ചു് 'ആ' ഉണ്ടാക്കരുതേ? അങ്ങനെ ആയാൽ നിഷേധപ്രത്യയമായിരിക്കാൻ യോഗ്യതയുമുണ്ടല്ലോ—Ed.

† 'ധാതുനിഷ്പന്നം' എന്നാദ്യം പറഞ്ഞതിൽ നിന്നും മാറിക്കളഞ്ഞോ?—Ed.

SREE KRISHNA VILASOM GRANDHASALA TRIVANDRUM

തദനന്തരം മേസേർസ് കരിങ്കുളം നാരായണപിള്ള അവർകർ ബി. ഏ. യും, പി. കെ. നാരായണപിള്ള അവർകൾ എം. ഏ. യും ചെറുതായ ഒരോ പ്രസംഗങ്ങൾ ചെയ്തു. മി. പി. കെ. നാരായണപിള്ള കൂട്ടുവിഭക്തികളെപ്പററി ചില കാര്യങ്ങൾ സൂചിപ്പിക്കയുണ്ടായി.

അനന്തരം രാജശ്രീ എൻ ഗോപാലപിള്ള അവർകൾ എം. ഏ. ഫലിതപൂർണ്ണവും അതിസരസവുമായ ഒരു പ്രസംഗം ചെയ്തു. ഇമ്മാതിരിയുള്ള നിഷ്പാദനോദ്യമങ്ങൾ അഭിനന്ദനാൎഹങ്ങൾ തന്നെയെന്നുള്ളതിന സംശയമില്ല എങ്കിലും അവയെല്ലാം ബുദ്ധിക്ക് ഒരു വ്യായാമം മാത്രമാണെന്നുംകൂടി ധരിക്കേണ്ടതുണ്ട് എന്ന് അദ്ദേഹം സിദ്ധാന്തിച്ചു. പ്രാതിപദികങ്ങൾ എന്നും ധാതുക്കൾ എന്നും പ്രത്യയങ്ങൾ എന്നും പ്രത്യേകം പ്രത്യേകം പിരിഞ്ഞു് ഭാഷയിൽ ശബ്ദങ്ങൾ നില്ക്കാറില്ലെന്നും അമ്മാതിരിയുള്ള വിഭജനങ്ങൾ വൈയ്യാകരണന്റെ കൃത്രിമസൃഷ്ടികളാണെന്നും മററും ഫലിതപൂർണ്ണമായ ഉദാഹരണങ്ങളോടുകൂടി അദ്ദേഹം സമൎത്ഥിച്ചു.

അടുത്തതായി പ്രൊഫസ്സർ വി. കൃഷ്ണൻ തമ്പി അവർകൾ സാരവത്തായ ഒരു പ്രസംഗംചെയ്തു. 'അം' 'അൻ' 'അതു്' എന്ന മൂന്ന പ്രത്യയങ്ങളും 'അത്തു്' എന്ന ഒരു പ്രാചീനരൂപത്തിൽ നിന്നും നിഷ്പാദിപ്പിക്കാമെന്നും 'പരുന്തു്' 'മരുന്നു്' തുടങ്ങിയുള്ള രൂപങ്ങളിൽ ഈ 'അത്തു' പ്രത്യയം തന്നെയാണു് അപൂൎവമായി അവശേഷിച്ചു നിൽക്കുന്നതെന്നും* അദ്ദേഹം സിദ്ധാന്തിച്ചു. അതുപോലെതന്നെ പ്രയോജക പ്രത്യയമായ പ്പി എന്നതു് 'വെയ്' എന്ന ധാതുവിൽ നിന്നും വരുന്നതാണെന്നും 'ചെയ്യിപ്പിച്ചു' എന്നുള്ള രൂപം 'ചെയ്യുവച്ചു' എന്ന തമിഴ്രൂപത്തോടു താരതമ്യപ്പെടുത്തിയാൽ ഈ തത്വം വെളിപ്പെടുന്നതാണു് എന്നും അദ്ദേഹം സയുക്തികം പ്രതിപാദിച്ചു. വകാരത്തിനുപകരം പകാരം വരുന്നതു് തമിഴിൽ സാധാരണമാണെന്നു് തോൽകാപ്പിയം മുതലായ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചു് അദ്ദേഹം സമൎത്ഥിച്ചു.

സമാജത്തിന്റെ അതിഥികളായി സന്നിഹിതരായിരുന്ന ലാക്കാളേജ് പ്രഫസ്സർ ബാരിസ്റ്റർ കെ. പി. പത്മനാഭപിള്ള അവർകളും വിമൻസ് കാളേജ് മലയാളം ലക്ചറർ ശ്രീമതി കോന്നിയൂർ മീനാക്ഷിഅമ്മ അവർകളും പ്രസംഗത്തെ ശ്ലാഘിച്ചും ഇമ്മാതിരിയുള്ള ഭാഷാവിഷയകമായ സമാരംഭങ്ങളെ അഭിനന്ദിച്ചും പ്രസംഗിക്കയുണ്ടായി. പത്മനാഭപിള്ള അവർകൾ പ്രസംഗകൎത്താവിന്റെ ഭാഷാ വിഷയകമായ ശ്രമങ്ങളെ അഭിനന്ദിച്ചും സ്വരഭാരസിദ്ധാന്തത്തെ അനുക്രമിച്ചുമാണു് സംസാരിച്ചതു്. സ്വരഭാരം ഉണ്ടെങ്കിൽമാത്രമേ മലയാളത്തിൽ സാൎവത്രികമായി കാണുന്ന ഇരട്ടിപ്പിന്നു് യുക്തിയുക്തമായ ഒരു ഉപപത്തി കല്പിക്കാൻ നിവൃത്തിയുള്ളു എന്നു് അഭിപ്രായപ്പെട്ടു.

ഏതദ്വിഷയകമായിട്ടുള്ള ശ്രമം ഇയിടെയായി താൻ മാററിവച്ചിരിക്കുകയാണെന്നും മലയാളത്തിൽ ഉപരിപഠനം ആവശ്യമില്ലാത്ത ഒരു വിദ്യാലയത്തിൽ പഠി

* പ്രസംഗകൎത്താവിന്റെ 'അതി'നെക്കാളും ഇതു വളരെക്കൊള്ളാം—Ed.

പ്പിക്കുന്നതിനു് ഇമ്മാതിരിയുള്ള ഉപരിചച്ച്കൾ ആവശ്യമില്ലെന്നും എന്നാൽ ഇമ്മാതിരി സന്ദർഭങ്ങളിൽ പങ്കുകൊള്ളുന്നതിനും പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെ അറിയുന്നതിനും പ്രത്യേകം താത്പര്യം ഉണ്ടെന്നും മററും ശ്രീമതി മീനാക്ഷി അമ്മ അവർകൾ പ്രതിപാദിച്ചു.'ആൺ' 'പെൺ' പ്രത്യയങ്ങളെപ്പററി പ്രസംഗകത്താവു് പറഞ്ഞ അഭിപ്രായങ്ങളെപ്പററി ചിലകാര്യങ്ങൾ പറയാതേയും ഇരുന്നില്ല.

അവസാനമായി ഡാക്ടർ രവിവമ്മ തമ്പുരാൻെറ ഉപസംഹാരപ്രസംഗമാണ് നടന്നതു്. തമ്പുരാൻ പ്രസംഗകത്താവിൻെറ നിഷ്പാദനയത്നത്തെ ഹാർദ്ദമായി അനുകൂലിച്ചു. എല്ലാപ്രത്യയങ്ങളേയും ധാതുക്കളിൽനിന്നും നിഷ്പാദിക്കാവുന്നവയാണ് എന്നുള്ള അഭിപ്രായത്തെ ഉദാഹരണങ്ങൾകൊണ്ടു് സമത്ഥിച്ചും പ്രത്യയങ്ങളെപ്പററിയുള്ള പഠനം പണ്ഡിതന്മാരുടെ ഗാഢമായ ശ്രദ്ധയെ ആകഷിക്കേണ്ട ഒന്നാണെന്നും പ്രത്യക്ഷത്തിൽ പരസ്പരബന്ധം തോന്നിക്കാത്ത പദങ്ങൾ ഉപരിചച്ച്യിൽ ഏകധാതുവിൽനിന്നു നിഷ്പന്നങ്ങളാണെന്നു കാണാവുന്നതാണെന്നും മററും അദ്ദേഹം സരസമായി ഉദാഹരണ സഹിതം സമത്ഥിച്ചു. ഇമ്മാതിരിയുള്ള വിഷയങ്ങളിൽ ഗവേഷണം നടത്തേണ്ടതു് ഏതൊരു ഭാഷാഭിമാനിയുടേയും വിശേഷിച്ചും ആണേർസ് വിദ്യാത്ഥികളുടെ കത്തവ്യമാണെന്നും മററും അദ്ദേഹം അഭിപ്രായപ്പെടുകയും പ്രസ്തുത സമാരംഭത്തെ ഹാർദ്ദമായി അഭിനന്ദിക്കയും ചെയ്തു.

ആറുമണിക്കു് ദീഘമായ യോഗ നടപടികൾ ആണേഴ്സ് വിദ്യാത്ഥിനിയായ ശ്രീമതി ആനന്ദവല്ലിയമ്മയുടെ മനോഹരമായ മംഗളഗാനത്തോടുകൂടി പര്യവസാനിച്ചു.

ബി. പത്മനാഭപിള്ള. ബി. ഏ.
സിക്രട്ടറി, സഹൃദയ സമാജം.

# സഹൃദയസമാജാംഗങ്ങൾ.

1. സാഹിത്യപഞ്ചാനനൻ, പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ. എം. എൽ. ഏ. റിട്ടയർഡ് ഹൈക്കോട്ട് ജഡ്ജ്. (രക്ഷാധികാരി)
2. ഏ. ഗോപാലമേനോൻ, എം. ഏ. ബീ. കോം. പ്രിൻസിപ്പാൾ, ആർട്സ്‌കാളേജ്. (Do)
3. റാവുസാഹിബ് ഉള്ളൂർ. എസ്സ് പരമേശ്വരയ്യർ എം. ഏ. ബി. എൽ. (Do)

നിർവാഹകസംഘം.

4. പ്രഫസ്സർ, വി. കൃഷ്ണൻതമ്പി, ബി. ഏ. ആർട്സ്‌കാളേജ്. (അദ്ധ്യക്ഷൻ)
5. ഡാക്ടർ, കെ. ഗോദവർമ്മ, എം. ഏ. പി. എച്ച്. ഡി. (ലണ്ടൻ), പ്രിൻസിപ്പാൾ, സംസ്കൃതകാളേജ്. (ഖജാൻജി)
6. ബി. പത്മനാഭപിള്ള, ബി. ഏ. (സെക്രട്ടറി)
7. പി. അനന്തൻപിള്ള, എം. ഏ. നാട്ടുഭാഷാപര്യവേക്ഷകൻ, സയൻസ് കാളേജ്. (കൺവീനർ, "സഹൃദയ")
8. എൻ. കുഞ്ഞുരാമൻപിള്ള, എം. ഏ. ബി. എൽ. ആർട്സ്‌കാളേജ്.
9. എൻ. ഗോപാലപിള്ള, എം. ഏ. ആർട്സ്‌കാളേജ്.
10. ശ്രീവർദ്ധനത്ത്, എൻ. കൃഷ്ണപിള്ള, എം. ഏ.

11. സാഹിത്യകുശലൻ, ടി.കെ. കൃഷ്ണമേനോൻ, ബി.ഏ. എഫ്. ആർ. എച്ച്. എസ്സ്.
12. വിദ്വാൻ, സി. ഐ. ഗോപാലപിള്ള, എം. ഏ. ആർട്സ്‌കാളേജ്.
13. ശൂരനാട്ട്, പി. എൻ. കുഞ്ഞൻപിള്ള, എം. ഏ. ആർട്സ്‌കാളേജ്.
14. പി. വേലുപ്പിള്ള, ബി. ഏ. ബി. എൽ. ഹൈക്കോട്ടുവക്കീൽ.
15. എം. ആർ. ബാലകൃഷ്ണവാര്യർ, എം. ഏ. സയൻസ്‌കാളേജ്.
16. കെ. മാമൻ, എം. ഏ. ആർട്സ് കാളേജ്.
17. ഇളംകുളം, പി. എൻ. കുഞ്ഞൻപിള്ള, എം. ഏ. ആർട്സ്‌കാളേജ്.
18. പി. കെ. നാരായണപിള്ള, എം. ഏ. സംസ്കൃതകാളേജ്.
19. എസ്. ജ്ഞാനസുന്ദരയ്യർ, മാനേജർ, ഏ. ആർ. വി. പ്രസ്സ് & "സഹൃദയ"; പ്രൊപ്രൈറ്റർ, ചിത്രാപബ്ലിഷിങ് ഹൌസ്സ്.
20. എം. കെ. ഹരിഹരയ്യർ, ബി. ഏ.
21. കെ. പി. പത്മനാഭപിള്ള ബി. ഏ., എൽ. എൽ. ബി. ബാർ-അററ്-ലാ, ലാ കാളേജ്.
22. വിദ്യാഭൂഷണൻ, വി. വെങ്കിട്ടരാമശർമ്മ, ആർട്ട്സ് കാളേജ്.